# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 9 Issue - 7 April-July 2020



Editorial

# ഏറ്റവും പ്രിയ പുരുഷനായ രാജു...

**ബ്രദർ കെ.വി.** രാജുവിനെക്കുറിച്ച് ഓർക്കുമ്പോൾ ദൈവത്തിന്റെ ദൂതൻ ദാനിയേലിനെ വിളിച്ചതാണ് ഓർമ്മ വരുന്നത് – 'ഏറ്റവും പ്രിയ പുരുഷനായ ദാനിയേലേ!' ബ്രദർ രാജുവിനോട് ഇടപെട്ടിട്ടുള്ള എല്ലാവർക്കും അദ്ദേഹം പ്രിയങ്കരനായിരുന്നു. സൗമ്യതയും സത്യസന്ധതയും അദ്ദേഹത്തിന്റെ അലങ്കാരമായിരുന്നു. എടുത്തു ചാട്ടത്തോടെയുള്ള സംസാരങ്ങളൊ അഹങ്കാരത്തോടെയുള്ള ഇടപെടലൊ കോപത്തൊടെയുള്ള വാഗ്വാദമൊ ഒന്നും അദ്ദേഹത്തിൽ നിന്നും ഉണ്ടായിട്ടില്ല. പ്രശ്നങ്ങളെ സമചിത്തതയൊടെ അഭിമുഖീകരിക്കുന്ന ഒരു പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്.

ലോക്ഡൗൺ ആരംഭിച്ച് ഏതാനും ദിവസങ്ങൾ കഴിഞ്ഞാണ് ശരീരത്തിൽ ചില അസ്വസ്ഥതകൾ അനുഭവപ്പെട്ടത്. വായു കോപിച്ചുള്ള സാധാരണ പ്രശ്നങ്ങളായി മാത്രമേ അദ്ദേഹം കരുതിയുള്ളൂ. അത് ഗുരുതരമായ ആരോഗ്യ പ്രശ്നമായിരുന്നുവെന്ന് ആർക്കും ചിന്തിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ വിദഗ്ധ പരിശോധനയിൽ ആമാശയത്തെ ബാധിച്ച അർബുദമാണെന്നും ശ്വാസകോശത്തിലേക്ക് പടർന്നു എന്നും കണ്ടെത്തി. ബ്രദർ രാജുവിന് സ്വർഗ്ഗീയപിതാവിന്റെ ഭവനത്തിലേക്കുള്ള വാഹനം ഒരുക്കപ്പെട്ടു. 'കർത്താവേ എന്നെ അങ്ങയുടെ അടുക്കലേക്കു വിളിക്കുവാൻ സമയമായെങ്കിൽ വേഗം ചേർത്തുകൊള്ളേണമേ' അദ്ദേഹം കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ, അങ്ങനെയായിരുന്നു പ്രാർത്ഥിച്ചത്. മറ്റ് ആരേക്കാളും അദ്ദേഹത്തെ സ്നേഹിക്കുന്ന സ്വർഗ്ഗീയപിതാവ് ആ പ്രാർത്ഥന കേട്ടു. ജൂലൈ ആറാം തിയതി രാത്രി രണ്ട് മണിയോടെ തന്റെ പ്രിയദാസനെ കർത്താവ് തന്റെ അരികിലേക്കു ചേർത്തുകൊണ്ടു.

ക്രിസ്തുവിൽ ഞങ്ങളുടെ പ്രിയ സഹോദരനും ആത്മീക ശുശ്രൂഷയിൽ ഞങ്ങളുടെ സഹപ്രവർത്തകനുമായ ബ്രദർ കെ വി രാജുവിന്റെ വേർപാട് ഞങ്ങൾക്കു വലിയ നഷ്ടം തന്നെയാണ്. അദ്ദേഹത്തിന്റെ പങ്കാളിത്തം ശുശ്രൂഷയിൽ ഞങ്ങൾക്കു വലിയ കരുത്തായിരുന്നു. അദ്ദേഹത്തിന്റെ എഡിറ്റോറിയലും സമാപ്തിക്കുറിപ്പും വായിക്കുന്നവരും തന്റെ തിരുവചനത്തിലെ ഉൾക്കാഴ്ച മനസ്സിലാക്കിയിട്ടുണ്ട്. മാത്രവുമല്ല രാവിലെതോറും മലയാളത്തിൽ വാട്സാപ്പിലും ഇമെയിലിലുമായി അയച്ചിരുന്ന പ്രതിദിനധ്യാന ചിന്തകൾ വചനത്തിന്റെ ഉൾക്കാഴ്ച പകരുന്നതും ഏവരുടെയും ആത്മീക വർദ്ധനയ്ക്ക് ഉതകുന്നതുമായിരുന്നു.

സദാ കർമ്മനിരതനായിരുന്ന ആ കർത്യദാസൻ പൂർണ്ണസമയം നേർവീഥിയുടെ പ്രവർത്തനങ്ങളിൽ മുഴുകിയപ്പോഴും ശാലേം ട്രാക്ക്റ്റ് സൊസൈറ്റിയുടെയും ഗുഡ്ന്യൂസ് ചാരിറ്റബിൾ സൊസൈറ്റിയുടെയും സെക്രട്ടറിയായി തന്നിലർപ്പിച്ച ഉത്തരവാദിത്തങ്ങൾ ബദ്ധപ്പാടോടെയും പൂർണ്ണവിശ്വസ്തതയോടെയും ചെയ്തുവന്നു. ആ പ്രവർത്തനങ്ങളിലൂടെ അനേകർക്ക് ആശ്വാസം പകർന്നു കൊടുക്കുവാൻ തനിക്കു കഴിഞ്ഞു. തന്റെ വേല തികച്ചു. ദാനിയേൽ കേട്ടതുപോലെ നമ്മുടെ പ്രിയങ്കരനായ ബ്രദർ കെ വി രാജുവും ആ ദൈവശബ്ദം തന്റെ അന്തരാത്മാവിൽ കേട്ടിട്ടുണ്ടാകും തീർച്ച. 'നീയോ അവസാനം വരുവോളം പൊയ്ക്കൊൾക, നീ വിശ്രമിച്ച് കാലാവസാനത്തിങ്കൾ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റുവരും.'

ബ്രദർ കെ. വി. രാജുവിന്റെ സഹധർമ്മിണി ജയമോളെയും മക്കൾ കവിത, വിനീത, ഏബൽ എല്ലാവരെയും ഞങ്ങൾ നന്ദിപൂർവ്വം ഓർക്കുന്നു. ദൈവം എല്ലാവരെയും സകല ബുദ്ധിയെയും കവിയുന്ന സമാധാനത്താൽ നിറച്ച്, ആശ്വസിപ്പിക്കട്ടെ.

ഞങ്ങളുടെ എല്ലാ വായനക്കാരെയും കർത്താവ് അനുഗ്രഹിക്കട്ടെ. നേർവീഥിയുടെ മുമ്പോട്ടുള്ള ശുശ്രൂഷയ്ക്ക് നിങ്ങളുടെ പ്രാർത്ഥന വളരെ അത്യാവശ്യമാണ്.

പ്രാർത്ഥനയോടെ **നേർവീഥി കുടുംബം**

പുസ്തകം 9 ലക്കം 4-7
ഏപ്രിൽ-ജൂലായ് 2020

# ഈ ലക്കത്തിൽ

**നിവർന്നു തല പൊക്കുവീൻ** 4
ജോയ് എം. തോമസ്

**ദൈവത്തിനിഷ്ടമുള്ളത് ചെയ്തുകൊള്ളട്ടെ** 7
സാജു മാത്യു

**ക്രൂശ് ചുമക്കുമ്പോൾ** 9
ബാബു ചെറിയാൻ

**ഏകാന്തത നിങ്ങളെ തളർത്തുന്നുവോ?** 11
റോയ് മാർക്കര

**കോപം വല്ലാത്ത കോപം** 13
ഫാൻസിസ് ഫ്രാൻഗിപ്പെൻ

**നവമാധ്യമങ്ങളും ആത്മീയതയും** 15
ഡോ. സജികുമാർ കെ. പി.

**ഏക മനുഷ്യന്റെ അനുസരണം** 17
ചെയ്സ് ജോസഫ്

**സാക്ഷികളുടെ സമൂഹം** 20
ഡേവിഡ് വിൽക്കേഴ്സൺ

**വനിതാ വീഥി** 21
എൽസി ജോയ്

**വാർത്താ വീഥി** 23

**ദൈവത്തിന്റെ ദുതൻ;വരുവാനുള്ള ഏലിയാവ്** 25
ജോയ് എം. തോമസ്

**അടിച്ചാലും വേദനിക്കാത്തവർ ..!!!** 28
അനി ചാക്കോ

**ലോകം ചലനാത്മകം** 31
കെ.വി. രാജു

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**

എഡിറ്റർ
**കെ.വി. രാജു**

കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**

മാനേജർ
**പി.വി. വർഗീസ്**

അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**

ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 8547916678**
**Editor : 9447764084**

**www.nerveedhi.com**
e-mail:
editornerveedhi@gmail.com
nerveedhi@yahoo.com

Edited, Printed and Published by K.V Raju on behalf of the Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam - 686019.

Annual Subscription ` 200.00



ജോയ് എം. തോമസ്

# നിവർന്നു തല പൊക്കുവീൻ

വൈറസ് എത്ര ചെറുതാണ്! ജീവനുള്ള കോശത്തിൽ എത്തുമ്പോൾ മാത്രമാണ് അത് ജീവൻ പ്രാപിച്ചു അപകടകരമാകുന്നത്. പക്ഷെ കൊറോണ വൈറസുകൾ പരത്തിയ പരിഭ്രാന്തിയോ? മനുഷ്യൻ എന്തും പിടിച്ചടക്കുവാൻ മിടുക്കൻ എന്നു ചിന്തിക്കുന്നെങ്കിലും, ശാസ്ത്രം വളരെ പുരോഗമിച്ചു എന്നു അവ കാശപ്പെടാമെങ്കിലും ഈ ചെറുവില്ലൻ എല്ലാവരെയും വിറപ്പിച്ചു കളഞ്ഞില്ലേ? "ഏതു മനുഷ്യനും ഉറെച്ചുനിന്നാലും ഒരു ശ്വാസമത്രെ" (സങ്കീർത്തനം 39 : 5) എന്ന തിരുവെഴുത്തിനു അടിവരയിട്ടു മനസ്സിൽ കുറിച്ചിടണം.

**ഒന്നു മാറുമ്പോൾ അതിനെക്കാൾ ഭീകരം എന്നു തോന്നുന്ന മറ്റൊന്നു വരും. അങ്ങനെയുള്ള സംഭവങ്ങൾ മുന്നിലുണ്ടെന്നാണ് ബൈബിൾ പ്രവചനങ്ങൾ വ്യക്തമാക്കുന്നത്. ഇതെല്ലാം മുമ്പുകൂട്ടി ദൈവം തന്റെ വചനത്തിലൂടെ അറിയിച്ചിരിക്കുന്നതു നാം പരിഭ്രാന്തരാകാതിരിക്കുവാനാണ്.**

അവസാനത്തോടടുക്കുന്തോറും ലോകത്തിൽ അസമാധാനവും അരക്ഷിതാവസ്ഥയും വർദ്ധിക്കും എന്നു തിരുവചനം മുൻകൂട്ടി അറിയിച്ചിരിക്കുന്നു. പാപങ്ങൾ പെരുകുമ്പോൾ പ്രശ്നങ്ങളും പെരുകിക്കൊണ്ടിരിക്കും എന്നതു ഒരു യാഥാർത്ഥ്യം മാത്രം. ദൈവത്തെ വിട്ടുള്ള മനുഷ്യന്റെ കുതിപ്പ് പരാജയത്തിലേക്കുള്ളതാണ്. ജീവനെ വിട്ടകന്നാൽ അതു മരണത്തിലേക്കു മാത്രമാണെന്ന യാഥാർത്ഥ്യം എല്ലാവരും തിരിച്ചറിയേണ്ടതുണ്ട്. മനുഷ്യനു ഒരു മാനസാന്തരം അനിവാര്യമായിരിക്കുന്നു.

പരിഭ്രാന്തി പരത്തുന്ന സംഭവങ്ങൾ ഉണ്ടാകുകയും വാർത്തകൾ അതിവേഗം പ്രചരിക്കുകയും ചെയ്തുകൊണ്ടിരിക്കും. ഒന്നു മാറുമ്പോൾ അതിനെക്കാൾ ഭീകരം എന്നു തോന്നുന്ന മറ്റൊന്നു വരും. അങ്ങനെയുള്ള സംഭവങ്ങൾ മുന്നിലുണ്ടെന്നാണ് ബൈബിൾ പ്രവചനങ്ങൾ വ്യക്തമാക്കുന്നത്. ഇതെല്ലാം മുമ്പുകൂട്ടി ദൈവം തന്റെ വചനത്തിലൂടെ അറിയിച്ചിരിക്കുന്നതു നാം പരിഭ്രാന്തരാകാതിരിക്കുവാനാണ്. എല്ലാം ദൈവം മുമ്പുകൂട്ടി അറിയുന്നു എന്നും ദൈവത്തിന്റെ നിയന്ത്രണത്തിൽ തന്നെയാണ് സകലവും എന്നും നാം അറിയണം. ആ ബലിഷ്ഠ കരങ്ങളിൽ നാം ആയിരിക്കുന്നു എങ്കിൽ നാം സുരക്ഷിതർ എന്നറിയുക.

യേശുകർത്താവു അരുളിചെയ്ത ചില വചനങ്ങൾ ഇവിടെ ഉദ്ധരിക്കട്ടെ. "നിങ്ങൾ യുദ്ധങ്ങളെയും കലഹങ്ങളെയും കുറിച്ചു കേൾക്കുമ്പോൾ ഞെട്ടിപ്പോകരുത് (പരിഭ്രാന്തരാകരുത്). അതു ആദ്യം സംഭവിക്കേണ്ടതു തന്നെ. അവസാനം ഉടനെ അല്ലതാനും എന്നു പറഞ്ഞു. പിന്നെ അവൻ അവരോടു പറഞ്ഞത് ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും. വലിയ ഭൂകമ്പവും ക്ഷാമവും മഹാവ്യാധികളും (പകർച്ചവ്യാധികൾ) അവിടവിടെ ഉണ്ടാകും; ഭയങ്കര കാഴ്ചകളും ആകാശത്തിൽ മഹാലക്ഷ്യങ്ങളും ഉണ്ടാകും" (മത്തായി 21 : 9 – 11).

സർവ്വജ്ഞാനിയായ കർത്താവു മനുഷ്യൻ വിളിച്ചു വരുത്തുന്ന അനർത്ഥങ്ങളെ മുന്നറിഞ്ഞു കൊണ്ട് അരുളിചെയ്തിരിക്കുന്ന കാര്യങ്ങളാണിവ എല്ലാം. എന്നാൽ മനുഷ്യകുലത്തിൽ (ആദം ഹൗവ്വമാരുടെ വംശം) മുഴുവൻ മനുഷ്യജാതിയും ഒരുമിച്ചു സഹവർത്തിത്വത്തിലും സ്നേഹത്തിലും ജീവിച്ചിരുന്നു എങ്കിൽ എത്ര സമാധാനവും സുഖവും അനുഭവിച്ചു ധന്യരായി ജീവിക്കാമായിരുന്നു. സ്രഷ്ടാവും പിതാവുമായ ദൈവത്തെ തിരിച്ചറിയുവാൻ കഴിയാതെ പാപത്താൽ അന്ധരായിത്തീർന്ന ജനം അന്യോന്യം തിരിച്ചറിയുവാൻ കഴിയാതെ, മനുഷ്യൻ തന്നെ മനുഷ്യന്റെ ശത്രുവായി തീർന്നിരിക്കുന്നു.

യുദ്ധങ്ങൾക്കുള്ള പോർവിളികൾ, പദ്ധതികൾ, കലഹങ്ങൾ, ജാതി ജാതിയോടും രാജ്യം രാജ്യത്തോടുമുള്ള എതിർപ്പുകളും വിദ്വേഷത്തോടുള്ള മത്സരങ്ങളും എല്ലാം മനുഷ്യമനസ്സിൽ നിറയുന്ന അന്യോന്യമുള്ള കയ്പിന്റെയും പകയുടെയും ആകെ തുകയാണ്. അന്യോന്യമുള്ള പകയുടെയും കയ്പിന്റെയും വിദ്വേഷത്തിന്റേയും പാർശ്വഫലങ്ങളാണ് പരിഭ്രാന്തി പരത്തി പരക്കുന്ന പകർച്ചവ്യാധികൾ എന്നു പറഞ്ഞാൻ ശരിയല്ലേ? മത്സര ജീവിതത്തിൽ പ്രപഞ്ച നിയമങ്ങളെ അവഗണിച്ചു കൊണ്ടു ഭൂമിക്കെതിരെയുള്ള കടന്നാക്രമണങ്ങളുടെ അനന്തര ഫലമായി ഭൂകമ്പങ്ങളേയും പ്രകൃതി ദുരന്തങ്ങളെയും കാണേണ്ടതാണ്. ഓരോ രാജ്യത്തിന്റെ സാമ്പത്തിക തകർച്ച മാറ്റത്തിനു മുഖാന്തിരമാകുകയല്ലേ? തൊഴിൽ നഷ്ടം വലിയ വെല്ലുവിളിയാകുന്നു. ദൈവത്തെ വെല്ലുവിളിച്ചുകൊണ്ടുള്ള ഒരു ജീവിത ശൈലിയാണ് മനുഷ്യൻ ഇന്നു അവലംബിച്ചിരിക്കുന്നത്. മാനസാന്തരപ്പെടുവാൻ കഴിയാത്തതു പോലെ മനുഷ്യൻ കഠിനപ്പെട്ടിരിക്കുന്നു.

അന്ത്യകാലത്തോടുള്ള ബന്ധത്തിൽ നോഹയുടെയും ലോത്തിന്റെയും കാലത്തെ കർത്താവു നമ്മെ അനുസ്മരിപ്പിക്കുന്നു. ''നോഹയുടെ കാലത്തു സംഭവിച്ചതുപോലെ മനുഷ്യപുത്രന്റെ നാളിലും ഉണ്ടാകും. നോഹ പെട്ടകത്തിൽ കടന്ന നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു; ജലപ്രളയം വന്നു, അവരെ എല്ലാവരെയും മൂടി കളഞ്ഞു. ലോത്തിന്റെ കാലത്തു സംഭവിച്ചതുപോലെയും തന്നേ; അവർ തിന്നും കുടിച്ചും കൊണ്ടും വിറ്റും നട്ടും പണിതും പോന്നു. എന്നാൽ ലോത്ത് സോദോം വിട്ട നാളിൽ ആകാശത്തു നിന്നു തീയും

**അന്യോന്യമുള്ള പകയുടെയും കയ്പിന്റെയും വിദ്വേഷത്തിന്റേയും പാർശ്വഫലങ്ങളാണ് പരിഭ്രാന്തി പരത്തി പരക്കുന്ന പകർച്ചവ്യാധികൾ എന്നു പറഞ്ഞാൻ ശരിയല്ലേ? മത്സരജീവിതത്തിൽ പ്രപഞ്ച നിയമങ്ങളെ അവഗണിച്ചു കൊണ്ടു ഭൂമിക്കെതിരെയുള്ള കടന്നാക്രമണങ്ങളുടെ അനന്തര ഫലമായി ഭൂകമ്പങ്ങളേയും പ്രകൃതി ദുരന്തങ്ങളെയും കാണേണ്ടതാണ്.**

ഗന്ധകവും പെയ്തു എല്ലാവരെയും മുടിച്ചുകളഞ്ഞു" (ലൂക്കോസ് 17 : 26-29). നോഹയുടെയും ലോത്തിന്റെയും കാലം ദൈവത്തിന്റെ ദീർഘക്ഷമയുടെയും അതിരു തീരത്തക്ക നിലയിൽ പാപം വർദ്ധിച്ച കാലമായിരുന്നു. ദൈവപ്രിയം അല്പം പോലും ഇല്ലാതെ ഭോഗപ്രിയരായ ജനം. ലൈംഗീക അരാജകത്വവും സ്വാർത്ഥതയുടെ മൂർദ്ധന്യവും നിമിത്തം മനുഷ്യത്വം പൂർണ്ണമായും നശിച്ച തലമുറ. **"വിറ്റും നട്ടും, പണിതും" എന്ന പ്രയോഗം അർത്ഥമാക്കുന്നതുപോലെ ഭൗതീക വികസനങ്ങൾ ഗംഭീരമായിരുന്നു.** അഹങ്കാരികളായി സ്വയം മറന്നു നിയന്ത്രണാതീതമായ ആ തലമുറയ്ക്കു അന്ത്യം വരേണ്ടതു ആവശ്യമായിരുന്നു. അതിനാൽ ദൈവം പ്രളയത്താലും തീയാലും അവരെ നശിപ്പിച്ചു. എന്നാൽ തന്നെ ഭയപ്പെടുന്നവർക്കുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയും ദൈവം ഒരുക്കിയിരുന്നു.

നോഹയുടെയും ലോത്തിന്റെയും കാലം പോലെ അധ:പതിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്തും ദൈവത്തിന്റെ ഇടപെടലിനു സമയമായി. അതിന്റെ മുന്നറിയിപ്പുകൾ ദൈവം നമുക്കു നൽകിക്കൊണ്ടിരിക്കുന്നു. ഇനി ദൈവം ഭൂമിയെ നശിപ്പിക്കുമ്പോൾ അതു ഭാഗീകമായിരിക്കില്ല. ഈ ഭൂമിയെ പൂർണ്ണമായും തീ കൊണ്ടു നശിപ്പിക്കും എന്നു ബൈബിൾ വ്യക്തമാക്കുന്നു.

''ആകാശവും വെള്ളത്തിൽ നിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ടു ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നും അതിനാൽ അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും

ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നുകളയുന്നു" (2 പത്രോസ് 3 : 5–7).

കയ്പും പകയും നിറഞ്ഞ മനുഷ്യൻ അന്യോന്യം പോർ വിളി നടത്തി ഉണ്ടാക്കി സ്വരൂപിച്ചുവെച്ചിരിക്കുന്ന അണുവായുധങ്ങൾ ഈ ഭൂമിയെ തീക്കിരയാക്കുവാൻ ധാരാളം ഉണ്ടല്ലോ. മനുഷ്യൻ തന്റെ സ്വന്ത നാശത്തെ തിരഞ്ഞെടുത്തു തിരക്കിട്ടു ഓടുകയാണെന്നു എത്ര പേർ ഗ്രഹിക്കുന്നു.

എന്നാൽ തനിക്കായി കാത്തിരിക്കുന്നവരുടെ രക്ഷയ്ക്കായി നമ്മുടെ കർത്താവു വരുന്നു. കർത്താവു ഒരുക്കിയ രക്ഷാപദ്ധതിയുടെ പൂർത്തീകരണം സംഭവിക്കുവാനുള്ള നാളുകൾ അടുത്തു. ഈ പ്രത്യാശ ഉള്ളിൽ നിറഞ്ഞിരിക്കുന്നവർക്കു പരിഭ്രാന്തിക്കു ആവശ്യമില്ല. നമ്മോടുള്ള കർത്താവിന്റെ വചനം ഇതാണ്: "ഇതു സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പു അടുത്തു വരുന്നതു കൊണ്ടു നിവർന്നു തലപൊക്കുവിൻ" (ലൂക്കോസ് 21 : 28).

പ്രത്യാശയുള്ളവർ പരിഭ്രാന്തി പരത്തരുത്. നമ്മെ രക്ഷയുടെയും ആശ്വാസത്തിന്റെയും വചനങ്ങൾ ഘോഷിക്കുവാനും മാനസാന്തരത്തിനായി ജനങ്ങളെ ആഹ്വാനം ചെയ്യുവാനും ജനങ്ങൾക്കായി മദ്ധ്യസ്ഥത ചെയ്യുവാനുമായി ഇവിടെ ആക്കിയിരിക്കുന്നു. നാം ഉണർന്നു നമ്മുടെ ദൗത്യങ്ങൾ ചെയ്യണം. നശ്വരമായ ഈ ലോകത്തിലെ എല്ലാറ്റിൽ നിന്നും ശ്രദ്ധ മാറ്റി അനശ്വരമായതിനെ ചിന്തിക്കുകയും അന്വേഷിക്കുകയും ചെയ്യാം. ക്രിസ്തുവിന്റെ സ്നേഹത്തിൽ വളരുവാനും ആ സ്നേഹം മറ്റുള്ളവരുമായി പങ്കിടുവാനും ഉത്സാഹിക്കാം. കർത്താവു വേഗം വരുന്നു എന്ന ചിന്ത നമ്മെ ഉത്സാഹിപ്പിക്കുന്നതും ആശ്വസിപ്പിക്കുന്നതുമായിരിക്കട്ടെ. ജലപ്രളയത്തിനുശേഷം നോഹയും കുടുംബവും ഭൂമിയുടെ അവകാശികൾ ആയതുപോലെ ഈ ഭൂമി തീയാൽ കത്തി നശിപ്പിക്കപ്പെട്ടശേഷം പുതിയ ഭൂമിയും പുതിയ ആകാശവും ദൈവം ക്രിസ്തുവിൽ കൂടി വീണ്ടെടുക്കപ്പെട്ട തന്റെ മക്കൾക്കായി ഒരുക്കുന്നതായി തിരുവചനം നമ്മെ പഠിപ്പിക്കുന്നു. യഥാർഥത്തിൽ മനുഷ്യൻ നേടുവാൻ സ്വപ്നം കാണുന്നതു അതാണ്. അതു മനുഷ്യന്റെ പ്രയത്നഫലമല്ല ക്രിസ്തുവിൻ കൃപയാൽ രക്ഷിക്കപ്പെട്ടവർക്കായുള്ള ദൈവത്തിന്റെ ദാനമാണ്. ദൈവം ശില്പിയായി അടിസ്ഥാനമിട്ടതും പണിതതുമായ മനോഹര നഗരം!

"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യെരുശലേം എന്ന വിശുദ്ധ നഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്നു, ദൈവസന്നിധിയിൽ നിന്നു തന്നെ, ഇറങ്ങുന്നതും ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടത്; ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല. ദു:ഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ, ഞാൻ സകലവും പുതുതാക്കുന്നു എന്നു അരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു. (വെളിപ്പാട് 21 : 1–5).

**നാം ഉണർന്നു നമ്മുടെ ദൗത്യങ്ങൾ ചെയ്യണം. നശ്വരമായ ഈ ലോകത്തിലെ എല്ലാറ്റിൽനിന്നും ശ്രദ്ധ മാറ്റി അനശ്വരമായതിനെ ചിന്തിക്കുകയും അന്വേഷിക്കുകയും ചെയ്യാം. ക്രിസ്തുവിന്റെ സ്നേഹത്തിൽ വളരുവാനും ആ സ്നേഹം മറ്റുള്ളവരുമായി പങ്കിടുവാനും ഉത്സാഹിക്കാം. കർത്താവു വേഗം വരുന്നു എന്ന ചിന്ത നമ്മെ ഉത്സാഹിപ്പിക്കുന്നതും ആശ്വസിപ്പിക്കുന്നതുമായിരിക്കട്ടെ.**

ദൈവം ആഗ്രഹിച്ചതും മനുഷ്യന്റെ ആഗ്രഹവുമായ നിത്യസൗഭാഗ്യങ്ങളുടെ നല്ല നാളുകൾ ഇവിടെ ആരംഭിക്കുകയാണ്. അതുവരെ സംഭവിക്കേണ്ടവ എല്ലാം സംഭവിച്ചു തീരുന്നു. ഈ നിത്യതയ്ക്കായി കാത്തിരിക്കുന്നവരാണ് ദൈവമക്കൾ. ഇന്നു സംഭവിക്കുന്ന എല്ലാ കാര്യങ്ങളിലും അവർക്കു കണ്ടെത്തുവാനാകുന്ന സന്ദേശം ഈ നിത്യതയെക്കുറിക്കുന്നതാണ്. അതിനാൽ അവർ പരിഭ്രാന്തർ അല്ല; പ്രത്യാശയാൽ ഉണർത്തപ്പെടുന്നവരാണ്! ആകയാൽ നമുക്ക് നിവർന്നു തല പൊക്കാം. നമ്മുടെ വീണ്ടെടുപ്പ് അടുത്തുവല്ലോ. ●



സാജു മാത്യു

# ദൈവത്തിനിഷ്ടമുള്ളത് ചെയ്തുകൊള്ളട്ടെ

***എന്റെ ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിനായി ദൈവത്തോടു വാശി പിടിക്കുന്നതല്ല വിശ്വാസം... ദൈവത്തിന്റെ ഇഷ്ടം എന്തായാലും അത് അവിടുന്നു നിർവ്വഹിച്ചുകൊള്ളട്ടെ എന്നു പറയുന്നതാണ് വിശ്വാസം! 2 ശമുവേൽ 10 : 1-19***

"നാം നമ്മുടെ ജനത്തിനും നമ്മുടെ ദൈവത്തിന്റെ പട്ടണങ്ങൾക്കും വേണ്ടി പുരുഷത്വം കാണിക്കുക; യഹോവയോ തനിക്ക് ഇഷ്ടമായത് ചെയ്യുമാറാകട്ടെ" (2 ശമുവേൽ 10: 12).നാം പ്രതീക്ഷിക്കുന്ന രീതിയിൽ കാര്യങ്ങളെല്ലാം നടക്കുമ്പോൾ നാം സന്തുഷ്ടരാണ്. എല്ലാം നാം പ്രതീക്ഷിക്കുന്നതുപോലെ നടന്നില്ലെങ്കിലോ? ദു:ഖമായി, പരാതിയായി.... ദൈവത്തോടുപോലും നീരസമായി!

ഒരു യുദ്ധത്തിന്റെ പശ്ചാത്തലമാണ് 2 ശമുവേൽ 10 : 1-19 വരെ വേദഭാഗത്തിനുള്ളത്. ദാവീദ് അമ്മോന്യരുമായി ഒരു സൗഹൃദത്തിനൊരുങ്ങിയതായിരുന്നു. എന്നാൽ ആ സൗഹൃദത്തിന്റെ ആത്മാർത്ഥതയിൽ സംശയം തോന്നിയ അമ്മോന്യർ ഒരു യുദ്ധത്തിനു തയ്യാറായി. ദാവീദിന്റെ ശക്തിയെ അറിയാമായിരുന്നതുകൊണ്ട് അവർ അരാമ്യരിൽ നിന്ന് യുദ്ധവീരന്മാരായ ആളുകളെ കൂലിക്കെടുക്കുകയും ചെയ്തു. (2 ശമുവേൽ 10:6).

സേനാനായകനായ യോവാബ് അപകടം മണത്തു. മുമ്പിലും പിമ്പിലും പട നിരന്നിരിക്കുകയാണ്. യോവാബ് തന്റെ പടയാളികളെ രണ്ടായി തിരിച്ച് ഒരു ഭാഗത്തെ തന്റെ സഹോദരനായ അബിശായിയെ ഏല്പിച്ചു. ജ്യേഷ്ഠന്റെയും അനുജന്റെയും നേതൃത്വത്തിലുള്ള രണ്ടു കൂട്ടങ്ങൾ ഒരേ സമയം ഇരു സൈന്യത്തോടും പോരാടാൻ തീരുമാനിച്ചു. യോവാബ് അബിശായിയോട്: "അരാമ്യർ എന്റെ നേരെ പ്രാബല്യം പ്രാപിച്ചാൽ നീ എനിക്കു സഹായം ചെയ്യണം. അമ്മോന്യർ നിന്റെ നേരെ പ്രാബല്യം പ്രാപിച്ചാൽ ഞാൻ വന്ന് നിനക്ക് സഹായം ചെയ്യും. ധൈര്യമായിരിക്ക; നാം നമ്മുടെ ജനത്തിനും നമ്മുടെ ദൈവത്തിന്റെ പട്ടണങ്ങൾക്കും വേണ്ടി പുരുഷത്വം കാണിക്ക. യഹോവയോ തനിക്ക് ഇഷ്ടമായത് ചെയ്യുമാറാകട്ടെ" എന്നു പറഞ്ഞു (2 ശമുവേൽ 7 : 12).

ആ യുദ്ധത്തിൽ യോവാബും അബിശായിയും വിജയിക്കുന്ന ചിത്രമാണ് നാം ഈ അധ്യായത്തിൽ കാണുന്നത്. ദൈവം കൊടുത്ത വിജയം ദൈവത്തിന്റെ കൃപ. എന്നാൽ യോവാബിന്റെ വാക്കുകൾ - "യഹോവ തനിക്കു ഇഷ്ടമായതു ചെയ്യുമാറാകട്ടെ, നാം ധൈര്യമായിരിക്ക" എന്നത് - നാം വിശകലനം ചെയ്യേണ്ട വാക്കുകൾ തന്നെ.

ദൈവത്തിനു തന്റെ രീതിയിൽ കാര്യങ്ങൾ നിർവ്വഹിക്കാൻ മന:സമ്മതം കൊടുക്കുന്ന ആളുകൾ ഇന്നു കുറവായി വന്നിരിക്കുന്നു. അങ്ങനെ കൊടുക്കേണ്ട ആവശ്യമില്ലെന്നും നാം പ്രാർഥനയിൽ "പോരാടുന്നുവെങ്കിൽ ദൈവം നമ്മുടെ ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിനായി ഇറങ്ങിവരുമെന്നു മാണ് പലരുടെയും പഠിപ്പിക്കൽ!

നമ്മുടെ ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിനായി ദൈവത്തെ നിർബന്ധിക്കുന്നതു നന്മയോ തിന്മയോ? ഒരു മിഷനറി വനിതയ്ക്ക് ഒരു കുഞ്ഞു പിറക്കാൻ കാലമായപ്പോൾ ഡോക്ടർമാർ സ്കാനിംഗ് കഴിഞ്ഞു പറഞ്ഞു: "ഈ കുഞ്ഞ് ജനിക്കുന്നതു പ്രയാസം, ജനിച്ചാൽ തന്നെ ജീവിക്കുന്നത് പ്രയാസം. ജീവിച്ചാൽ തന്നെ ഗുരുതരമായ വൈകല്യങ്ങളോടെയാകും അത് വളരുക... അതും ചില ദിവസങ്ങൾ മാത്രം".

എല്ലാവരും ആ കുഞ്ഞിന്റെ വിടുതലിനുവേണ്ടി പ്രാർഥിച്ചുകൊണ്ടിരുന്നു. കുഞ്ഞിന്റെ മാതാവ് പ്രാർഥിച്ചുവെന്നു പ്രത്യേകിച്ച് പറയേണ്ടല്ലോ! ഒരു സ്ത്രീ ആ മിഷനറി യുവതിയെ കണ്ടു പറഞ്ഞു:

"സഹോദരീ.. നാം ഇക്കാര്യത്തിൽ സാധാരണ പ്രാർഥനയൊന്നും പ്രാർഥിച്ചാൽ പോര, നാം പിടിച്ചുവെച്ചു പ്രാർഥിക്കണം. ഈ കുഞ്ഞിനെ തന്നില്ലാതെ ഞാൻ നിന്നെ വിടുകയില്ല ദൈവമെ എന്നു പറയണം!"

വളരെ ചിന്തനീയമായിരുന്നു ആ യുവതിയുടെ മറുപടി: "ഞാൻ വിടുകയില്ല എന്നു പറയാൻ ദൈവം എന്റെ കൈയിലല്ലല്ലൊ ആന്റി... ഞാൻ ദൈവത്തിന്റെ കൈയിലല്ലേ... എല്ലാം അവന്റെ ഇഷ്ടം!"

***നമ്മുടെ ഇഷ്ടത്തിനുവേണ്ടി ദൈവത്തെ 'രൂപാന്തരപ്പെടുത്തുന്നതോ', ദൈവത്തിനു നമ്മെക്കുറിച്ചുള്ള ഇഷ്ടത്തിനനുസരിച്ച് നാം രൂപാന്തരപ്പെടുന്നതോ... ഏതാണ് അഭികാമ്യം?***

തീർച്ചയായും ആത്യന്തികമായി നിർവ്വഹിക്കപ്പെടേണ്ടത് ദൈവത്തിന്റെ ഇഷ്ടമാണ്. കാരണം എന്റെ ഇഷ്ടങ്ങൾ പലപ്പോഴും പക്വമായ ഒരു തെരഞ്ഞെടുപ്പല്ല.

എന്റെ ഇഷ്ടങ്ങൾ ദൈവത്തോട് അറിയിക്കുന്നതിൽ തെറ്റുണ്ടോ എന്നു ചോദിച്ചേക്കാം. ഒരിക്കലുമില്ല. നമ്മുടെ ഇഷ്ടങ്ങൾ ദൈവത്തോടല്ലാതെ പിന്നെ ആരോട് പറയാൻ? എന്നാൽ നമ്മുടെ ഇഷ്ടങ്ങൾക്കപ്പുറത്ത് ദൈവത്തിന്റെ ഇഷ്ടം നിർവ്വഹിക്കപ്പെടുന്നത് കാണുവാനുള്ള ഒരു ഒരുക്കം നമുക്കുണ്ടായിരിക്കണം. കാരണം നമുക്കു ഏറ്റവും മെച്ചപ്പെട്ടത് ദൈവത്തിന്റെ ഇഷ്ടമാണ്.

ഒരേ സമയം നമ്മുടെ ഇഷ്ടം ദൈവത്തോട് പറയുകയും എന്നാൽ, ദൈവത്തിന്റെ ഇഷ്ടത്തിനു ഏല്പിച്ചുകൊടുക്കയും ചെയ്യുന്നത് എങ്ങനെയാണ് എന്ന് ഒരു ഭക്തയായ വനിതയോടു ഒരാൾ ചോദിച്ചു. "അത് സാരമുള്ള കാര്യമല്ല" അവർ മറുപടി പറഞ്ഞു. "ഞങ്ങളുടെ രാജാവുമായി എനിക്കു അടുപ്പമുണ്ടെങ്കിൽ ഞാൻ അദ്ദേഹത്തോട് പറയുന്നത്; രാജാവേ, എനിക്കു ഒരു വീട് വേണമെന്നു ആഗ്രഹമുണ്ട്, എന്നാലും എനിക്ക് എന്താണ് ആവശ്യമുള്ളതെന്നു എന്നെക്കാൾ നന്നായി അറിയാവുന്നത് അങ്ങേയ്ക്കു തന്നെയാണ്... അതുകൊണ്ട് അവിടുത്തെ ഇഷ്ടത്തിനായി ഞാൻ എന്നെത്തന്നെ ഏല്പിച്ചുതരുന്നു..." എന്നാവും.

**എനിക്കു ഏറ്റവും നല്ലത് എന്താണെന്നു എനിക്കല്ല, ദൈവത്തിനാണ് അറിയാവുന്നത് എന്ന എന്റെ തിരിച്ചറിവാണ് ദൈവ ഇഷ്ടത്തിനായി എന്നെത്തന്നെ ഏല്പിച്ചുകൊടുക്കുവാൻ എന്നെ പ്രാപ്തനാക്കുന്നത്.** ഒരുപക്ഷെ, എനിക്ക് അതിലെ നന്മ തിരിച്ചറിയുവാൻ കഴിയില്ലായിരിക്കാം. എന്നാലും ഞാൻ മനസ്സിലാക്കുന്നു, ദൈവം എനിക്കായി എന്തു ചെയ്താലും അത് എനിക്ക് മെച്ചമായത് ആയിരിക്കും.

ഇവിടെ യോവാബ് പറയുന്നത്, "നാം നമ്മുടെ ജനത്തിനും ദൈവത്തിന്റെ പട്ടണങ്ങൾക്കുംവേണ്ടി പോരാടുക.... യുദ്ധം ജയിക്കുമോ? അറിയില്ല. ഒരുപക്ഷെ ജയിച്ചേക്കാം ഇല്ലെങ്കിൽ പരാജയപ്പെട്ടേക്കാം. എല്ലാം തീരുമാനിക്കേണ്ടത് ദൈവമാണ്. യുദ്ധം ജയിച്ചാൽ ദൈവത്തിനു സ്തോത്രം! യുദ്ധത്തിൽ പരാജയപ്പെട്ടാലോ? അപ്പോഴും നമുക്കു ദൈവത്തിനു സ്തോത്രം ചെയ്യാം!".

ഇത് വിശ്വാസത്തിന്റെ ഒരു ഉയർന്ന തലമാണ്. വിജയത്തിനായി ദൈവത്തിൽ ആശ്രയിക്കുന്നതു മാത്രമല്ല, പരാജയത്തിലും ദൈവാശ്രയത്തിൽ നിന്നു പിന്മാറാതിരിക്കുന്നതാണ് വിശ്വാസം. 'വിശ്വസിച്ചു' കാര്യങ്ങൾ സാധിക്കാനുള്ള ഉപദേശത്തിനു ഇന്നു പ്രചാരമേറിയിട്ടുണ്ട്. രോഗത്തിലോ പ്രതിസന്ധിയിലോ ആയിരിക്കുന്ന ഒരു വ്യക്തിയോട് ആശ്വാസത്തിന്റെ ദൂതല്ലെ പറയേണ്ടത് എന്നു ചോദിച്ചേക്കാം, ആശ്വാസം ആവശ്യം തന്നെ, എന്നാൽ രോഗം സൗഖ്യമാകും എന്നതു മാത്രമാണാശ്വാസ വചനം. രോഗത്തിലും ദൈവം കൂടെയുണ്ട് എന്നതാണ് ആശ്വാസ വചനം. രോഗം സൗഖ്യമാകുകയാണെങ്കിൽ നല്ലത്. ഇല്ല, രോഗം സൗഖ്യമാകയില്ലെങ്കിലും കർത്താവിന്റെ സാന്നിധ്യം മതിയാകും എന്നു പറയാൻ കഴിയുന്നത് അതിലും നല്ല കാര്യം.

**വിശ്വാസിയായതുകൊണ്ട് ഞാൻ രോഗിയാവുകയില്ല, എന്റെ വീട്ടിൽ ആഹാരം കുറയുകയില്ല, എന്റെ കുഞ്ഞുങ്ങൾ പരീക്ഷയിൽ തോല്ക്കയില്ല, എന്റെ ജോലി നഷ്ടപ്പെടുകയില്ല എന്നൊക്കെ ഒരു 'പോസിറ്റീവ്' ചിന്തയായിരിക്കാം. എന്നാൽ ആത്മാവിന്റെ ചിന്തയായിരിക്കണമെന്നൊക്കെയല്ല ദൈവവിശ്വാസത്തിന്റെ പ്രഖ്യാപനങ്ങൾ.**ആഹാരം കുറഞ്ഞാലും ജോലി പോയാലും കുഞ്ഞുങ്ങൾ പരീക്ഷയിൽ തോറ്റാലും ദൈവം അറിഞ്ഞിട്ടാണ് അതെല്ലാം സംഭവിക്കുന്നത് എന്നതിനാൽ എനിക്കതിൽ പ്രയാസമില്ല എന്നു പറയുന്നതാണ് വിശ്വാസത്തിന്റെ പ്രഖ്യാപനം.

നാം എല്ലായ്പോഴും പരാജയപ്പെട്ടുകൊണ്ടിരിക്കും, എല്ലായ്പ്പോഴും രോഗിയായിരിക്കും എന്നൊന്നുമല്ല ഈ പറഞ്ഞതിന്റെ അർഥം. എന്നാൽ, ദൈവം ഇഷ്ടമുള്ളത് ചെയ്തുകൊള്ളട്ടെ എന്നു പറഞ്ഞ് സ്വയം ദൈവത്തിനു ഏല്പിച്ചുകൊടുത്ത

**ശേഷം പേജ് 30 ▶**



ബാബു ചെറിയാൻ

# ക്രൂശ് ചുമക്കുമ്പോൾ

***"അവർ യേശുവിനെ കയ്യേറ്റു; അവൻ താൻ തന്നേ ക്രൂശിനെ ചുമന്നുകൊണ്ട് എബ്രായഭാഷയിൽ ഗൊല്ഗൊഥാ എന്നു പേരുള്ള തലയോടിടം എന്ന സ്ഥലത്തേക്ക് പോയി." യോഹന്നാൻ 19: 17***

കർത്താവിന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ച് നാലു സുവിശേഷകന്മാരും വിശദമായി വിശദീകരിച്ചിട്ടുണ്ട്. ഇതിൽ ലൂക്കോസും, മർക്കോസും കർത്താവിന്റെ ക്രൂശു ചുമക്കുവാൻ സഹായിയായി വന്ന കുറേനക്കാരൻ ശീമോനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പടയാളികളുടെ നിർബന്ധത്തിനു വഴങ്ങി വയലിൽ നിന്നും വരുന്ന കുറേനക്കാരനായ ശീമോൻ കർത്താവിന്റെ ക്രൂശ് ചുമക്കുവാൻ സഹായിച്ചു. പിന്നത്തേതിൽ അദ്ദേഹത്തിന്റെ മക്കളായ അലക്സന്തരും, രൂഫോസും ദൈവസഭയിൽ പ്രയോജനമുള്ളവരും കർത്താവിൽ പ്രസിദ്ധരുമായി തീർന്നുവെന്ന് തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. (ലൂക്കോസ് 23 : 26, മർക്കോസ് 15 : 21, റോമർ 16 : 13)

ക്രൂശിലെ സംഭവങ്ങൾക്ക് ദൃക്സാക്ഷിയായിത്തീർന്ന ഏക ശിഷ്യൻ യോഹന്നാൻ മാത്രമായിരുന്നുവെന്ന് നമുക്കറിയാം. മറ്റ് എഴുത്തുകാരെല്ലാം കേട്ടറിവിൽ നിന്നാണ് എഴുതുന്നത്. എന്നാൽ യോഹന്നാൻ ഈ സംഭവങ്ങളുടെ എല്ലാം സമീപത്തുകൂടെ നടന്നും നിന്നും അവസാനം വരെ വീക്ഷിച്ചവനാണ്. അദ്ദേഹം എഴുതിയിരിക്കുന്ന എഴുത്ത് യേശു താൻ തന്നെ ക്രൂശു ചുമന്നുവെന്നാണ്. വളരെ നീളമുള്ളതും ഭാരം ഉള്ളതുമായ ഒരു തടിയാണ് കുറ്റവാളി ചുമന്നുകൊണ്ടു ഗൊല്ഗൊഥയിലേക്ക് പോകുന്നത്. റോമൻ ശിക്ഷാനിയമപ്രകാരം അതിക്രൂരമായ ഈ ക്രൂശീകരണത്തിൽ കുറ്റവാളി പരസ്യ സ്ഥലത്തുകൂടി ക്രൂശു ചുമന്നു പോകണമെന്ന് നിയമം ഉണ്ടായിരുന്നു. മറ്റുള്ളവർ ഇതു കണ്ട് ശിക്ഷ ഭയന്നിട്ടെങ്കിലും കുറ്റം ചെയ്യാതിരിക്കേണ്ടതിനായിരുന്നു അത്. എന്നാൽ മറ്റു കുറ്റവാളികൾക്കു ലഭിക്കാത്ത ക്രൂരമായ അടിയും പീഡനവും കർത്താവായ യേശുവിനു ലഭിച്ചിരുന്നു. പീലാത്തോസിന് യേശുവിനെ അടി കൊടുത്തായാലും വിട്ടയക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. തന്റെ മനസ്സാക്ഷിയുടെ നിർബന്ധവും, തന്റെ ഭാര്യയുടെ നിർബന്ധവും കണക്കിലെടുത്ത് ക്രൂശിക്കാതിരിക്കുവാൻ പീലാത്തോസ് പരമാവധി പരിശ്രമിച്ചതിനാലത്രേ ക്രൂരമായ അടിക്ക് വിധേയനാകേണ്ടി വന്നത്. എന്നാൽ മറ്റു സഹതടവുകാർ, തന്നോടു കൂടെ ക്രൂശിക്കപ്പെടുവാൻ ഉള്ളവർ എങ്കിലും പീഡനത്തിനു വിധേയപ്പെട്ടതായി കാണുന്നില്ല. അതുകൊണ്ടുതന്നെ കർത്താവ് വളരെ ക്ഷീണിതനും തളർന്നവനുമായിരുന്നു. അങ്ങനെ ക്രൂശ് ചുമക്കുവാൻ കഴിയാതെ വന്നപ്പോൾ പടയാളികളുടെ നിർബന്ധത്താൽ അല്പ സമയത്തേക്ക് ശീമോൻ ആ വലിയ തടിയുടെ ഒരറ്റം താങ്ങിക്കൊടുത്തു എന്ന് അനുമാനിക്കാം. എന്നാൽ അവസാനത്തോളം പോകുവാൻ ശീമോനും കഴിഞ്ഞില്ല എന്ന് യോഹന്നാന്റെ എഴുത്തിൽ നിന്ന് ഗ്രഹിക്കാം. ഇവിടെ നമുക്ക് ലഭിക്കുന്ന

**മറ്റു കുറ്റവാളികൾക്കു ലഭിക്കാത്ത ക്രൂരമായ അടിയും പീഡനവും കർത്താവായ യേശുവിനു ലഭിച്ചിരുന്നു. പീലാത്തോസിന് യേശുവിനെ അടി കൊടുത്തായാലും വിട്ടയക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ....ക്രൂശിക്കാതിരിക്കുവാൻ പീലാത്തോസ് പരമാവധി പരിശ്രമിച്ചതിനാലത്രേ ക്രൂരമായ അടിക്ക് വിധേയനാകേണ്ടി വന്നത്.**

ആത്മീയ സന്ദേശങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

**1) നിന്റെ ക്രൂശ് നീ തന്നെ ചുമക്കണം.**

പ്രിയപ്പെട്ട സഹോദരാ, സഹോദരീ എനിക്കും നിനക്കും ഈ ആയുസ്സിൽചുമന്നു തീർക്കേണ്ട ചില കുരിശുകൾ ഉണ്ടെന്നു മറക്കരുത്. അത് യേശുവിന്റെ ക്രൂശല്ല, നമ്മുടെ ക്രൂശാണ്. അത് എക്സ്ചേഞ്ച് ചെയ്യുവാൻ പരിശ്രമിക്കരുത്. മറ്റുള്ളവരുടെ ജീവിതവുമായി നമ്മുടെ ജീവിതത്തെ താരതമ്യം ചെയ്താൽ നാം അസ്വസ്ഥരാകാൻ സാധ്യതയുണ്ട്.

**2) ഈ ക്രൂശ് തന്നതാര്?**

ഈ ക്രൂശു നിന്റെ മേൽ വെച്ചു തന്നത് നിന്റെ അപ്പനല്ല, അമ്മയല്ല, ഭർത്താവല്ല, ഭാര്യയല്ല, സഹോദരങ്ങളല്ല, സഭയല്ല, മനുഷ്യർ ആരുമല്ല. നിന്നെ ജീവൻ തന്നു സ്നേഹിച്ച കർത്താവാണ് ഈ ക്രൂശു നിനക്ക് അനുവദിച്ചതെന്ന് കാണുമ്പോൾ അതിന്റെ ഭാരം കുറയുന്നതായി നമുക്ക് കാണാം. നമ്മുടെ കർത്താവായ യേശു ക്രൂശു ചുമന്നപ്പോൾ ഹെരോദാവും, പീലാത്തൊസും, മഹാപുരോഹിതന്മാരും, ശാസ്ത്രിമാരും, പരീശന്മാരും, പടയാളികളും ചേർന്നാണ് അത് യേശുവിന്റെ ചുമലിൽ വെച്ചതെങ്കിലും, തനിക്ക് ഒരു കാര്യം അറിയാമായിരുന്നു, തന്റെ പിതാവ് അറിയാതെ തന്നെ ആർക്കും ഒന്നും ചെയ്യാൻ കഴിയുകയില്ല. അതു കൊണ്ടുതന്നെ അവൻ ആ ഭാരം തനിയെ ചുമന്നു.

**3) നമ്മുടെ കർത്താവ് നമുക്ക് താങ്ങാൻ കഴിയാത്ത ഭാരം നമ്മുടെ മേൽ വയ്ക്കുകയില്ല.**

1 കൊരിന്ത്യർ 10 : 13- "മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും."

എന്റെ പേരക്കുട്ടി മീഖാമോൻ എപ്പോഴും എന്റെ കൂടെ ഉണ്ട്. ഒരു കസേരയോ, ഒരു പാക്കറ്റ് അരിയോ മറ്റെന്തെങ്കിലും സാധനമോ ഞാൻ എടുത്തുകൊണ്ട് വരുമ്പോൾ അത് അവന്റെ തലയിൽ വെച്ചാൽ മതിയെന്ന് പറയാറുണ്ട്. എന്നാൽ ഒരിക്കൽ പോലും അവന്റെ പ്രായത്തിൽ കവിഞ്ഞ ഭാരം അവന്റെ തലയിൽ ഞാൻ വയ്ക്കാറില്ല. കാരണം അവനെ ഞാൻ അത്രമാത്രം സ്നേഹിക്കുന്നതിനാൽ അവന് എത്ര മാത്രം ഭാരം വഹിക്കുവാൻ കഴിയുമെന്ന് എനിക്ക് നന്നായി അറിയാം. **പ്രിയ ദൈവപൈതലേ, നിനക്ക് വഹിക്കാവുന്നതിലധികം പ്രയാസങ്ങളെ കർത്താവ് അനുവദിക്കുകയില്ല.**

**4) താങ്ങാൻ കഴിയാതെ വരുമ്പോൾ സഹായിയെ തരും.**

യേശു തമ്പുരാൻ ഗത്സമനാ തോട്ടത്തിൽ അതി വേദനയാൽ കവിണ്ണുവീണു പ്രാർത്ഥിക്കുമ്പോൾ ഒരു ദൂതൻ അവനെ സഹായിക്കാൻ വന്നതായി തിരുവെഴുത്തിൽ കാണാം (ലൂക്കോസ് 22: 43). നമ്മുടെ കർത്താവ് ക്രൂശു ചുമന്ന് വന്നപ്പോൾ കുറേനക്കാരനായ ശീമോനെ അല്പസമയത്തേക്കെങ്കിലും സഹായത്തിനായി അയച്ചുവല്ലോ (മർക്കോസ് 15: 21). ഇതുപോലെ നിനക്ക് ഭാരം താങ്ങാൻ കഴിയാതെ വരുമ്പോൾ ദൈവം തന്റെ ദൂതനെ അയച്ച് നിന്നെ ബലപ്പെടുത്താതിരിക്കുകയില്ല.

**5) ഒടുവിൽ യേശു ചുമന്ന ക്രൂശിൽ തന്നെ യേശുവിനെ ക്രൂശിച്ചു.**

നമുക്കും നാൾ തോറും ക്രൂശിന്റെ അനുഭവം പ്രതീക്ഷിക്കാം. ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത്രേ പൗലൊസ് പറയുന്നത്. ഈ സമയത്ത് എല്ലാവരും നമ്മെ കൈവിട്ടുവെന്ന് വന്നേക്കാം. കർത്താവായ യേശു ക്രൂശിൽ വെച്ച് ഉറക്കെ കരഞ്ഞു. "എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്"? പ്രിയപ്പെട്ട ദൈവപൈതലേ, ഇങ്ങനെയുള്ള അനുഭവം ഉണ്ടായിട്ടുണ്ടോ? എങ്കിൽ അത്ഭുതപ്പെടേണ്ട. നീ യേശുവിന്റെ പാതയിൽ തന്നെയാണ്.

**6) ഈ ചരിത്രം അവസാനിക്കുന്നത് ഒരു ഉയർത്തെഴുന്നേൽപ്പിലൂടെയാണ്.**

ക്രൂശു ചുമക്കുന്ന ഏതൊരു ദൈവപൈതലും ഈ സത്യം മറക്കരുത്. എത്ര ഭാരമേറിയ ക്രൂശാണെങ്കിലും എത്ര ഹീനമായ ക്രൂശീകരണമാണെങ്കിലും എത്ര വലിയ കല്ല് കല്ലറയുടെ വാതിൽക്കൽ വെച്ചാലും റോമൻ ഇരുമ്പു നിയമത്തിന്റെ സീൽ എത്രപ്രാവശ്യം അടിച്ചാലും ഉയിർപ്പിനെ തടയുവാൻ ഒരു നിയമത്തിനും കഴിയുകയില്ല. മൂന്നാം ദിവസം കല്ലറയെ തുറന്ന് യേശുകർത്താവ് വെളിയിൽ വന്നു. ഇന്നും ആ കല്ലറ തുറന്നു കിടക്കുകയാണ്.

സഹോദരീ, സഹോദരന്മാരേ, ക്രൂശ് ചുമക്കുന്നതിൽ നമുക്ക് അഭിമാനവും സന്തോഷവും ഉണ്ടാകട്ടെ. ആരും നിന്നെ മനസ്സിലാക്കുന്നില്ലെങ്കിലും ഈ ക്രൂശ് നിനക്ക് അനുവദിച്ചു തന്ന പിതാവ് നിന്നെ നന്നായി അറിയുന്നു എന്ന് നീ അറിയാതെ ഇരിക്കരുത്. ●



റോയി മാർക്കര

# ഏകാന്തത നിങ്ങളെ തളർത്തുന്നുവോ?

ജീവിതത്തിൽ നാം തനിച്ചായിപ്പോകുന്ന ചില സന്ദർഭങ്ങളുണ്ടാകാം. ഏകാന്തത അനുഭവപ്പെടുന്ന ഇത്തരം സന്ദർഭങ്ങളുടെ ദൈർഘ്യത്തിനു വ്യത്യാസം ഉണ്ടായിരിക്കും, ചിലപ്പോളതു പെട്ടന്ന വസാനിക്കും, ചിലപ്പോൾ സമയങ്ങളെടുത്തു എന്നും വരാം. ഇത്തരം അവ്യക്തതയുടെ, അനിതര സാധാരണമായ ഒരു കാലഘട്ടത്തിലേക്ക് യാതൊരു മുന്നറിയിപ്പും ഇല്ലാതെ കർത്താവു നമ്മെ നയിക്കുമ്പോൾ അതു ദൈവത്തിന്റെ സവിശേഷമായ ഒരു ഇടപെടലായും ഏതോ പുത്തൻ ജീവിതാനുഭവങ്ങളിലേക്കുള്ള ദൈവീക നടത്തിപ്പിന്റെ തുടക്കമായും കരുതാവുന്നതാണ്. ഇത്തരം അനുഭവങ്ങളിലേക്കു ദൈവം നടത്തുമ്പോൾ നാം നമ്മുടെ പ്രിയപ്പെട്ടവരിൽ നിന്നുപോലും അകലുവാൻ സംഗതിയായി എന്നു വന്നേക്കാം. ഏതു പ്രതിസന്ധിയിലും ഒപ്പമുണ്ടാകും എന്നു കരുതിയ അത്ര അടുപ്പമുള്ള ആളുകൾ പോലും അകന്നു മാറുന്നതു കാണുമ്പോൾ വിസ്മയിച്ചു പോകും.

***ഒപ്പമുണ്ടായിരുന്നവർ അകന്നുപോയി എന്നു കാണുന്നതിനു പകരം നേരേ വിപരീത ദിശയിൽ ഇതിനെ കണ്ടാൽ ദൈവം നിങ്ങളെ മറ്റുള്ളവരിൽ നിന്നും അകറ്റി തന്നോട് മാത്രം അടുത്തിരിക്കുന്ന ഒരു സവിശേഷ അന്തരീക്ഷത്തിലേക്കു നയിക്കുന്നു എന്നു വിലയിരുത്തരുതോ?***

ഇത് അനന്തമായ ഒരു കാലഘട്ടത്തിലേക്കായിരിക്കും എന്നു കരുതേണ്ട കാര്യമില്ല, ദൈവം മുന്നറിയിക്കാത്ത ഒരു കാലയളവു ഇതിനു ഉണ്ടായിരിക്കും എന്നു മാത്രം, അതിനുശേഷം ഏവർക്കും ബോധ്യമാകും വിധം കാര്യങ്ങൾ ഉരുത്തിരിഞ്ഞു വരും, ദൈവം അങ്ങനെ കാര്യങ്ങളെ പരിവർത്തനത്തിലേക്കു കൊണ്ടുവരും. ആർക്കും മുൻകാണാനോ വിഭാവനം ചെയ്യാനോ കഴിയാത്ത വിധത്തിൽ വെളിപ്പെട്ടുവരുന്നതായിരിക്കും ദൈവത്തിന്റെ കാര്യപരിപാടികൾ. ദൈവത്തിന്റെ തിരുഹൃദയത്തിൽ മറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്തെന്ന് അറിയാൻ നമുക്കാവില്ലല്ലോ.

ദൈവത്തിന്റെ പദ്ധതികളെ തിരിച്ചറിയത്തക്ക വണ്ണം നമുക്കത് മുന്നമേ ഗ്രഹിപ്പിച്ചു തരുവാൻ ദൈവത്തിനു ഹിതമായാൽ അങ്ങനെ അറിയിച്ചു തന്നു എന്നു വരാം, ദൈവം തന്റെ നിർണ്ണയങ്ങളെ തന്റെ പ്രിയരായ പലർക്കും അറിയിച്ചുകൊടുത്തിട്ടുള്ളതായി തിരുവചനത്തിൽ തെളിവുകളുണ്ട്, എന്നാൽ നമുക്കങ്ങനെ അവകാശപ്പെടാൻ ആവില്ലല്ലോ.

മേൽ വിവരിച്ചതുപോലെയുള്ള സവിശേഷമായ ഒരു ദൈവീക ഇടപെടൽ നമുക്കുണ്ടാകുന്നുവെങ്കിൽ അതോടുകൂടെ നാം വ്യത്യസ്തമായ ഒരു പുതിയ അനുഭവത്തിലേക്കു പ്രവേശിക്കയായിരിക്കുമെന്നത് തീർച്ചയാണ്. ചില പുത്തൻ ദൗത്യങ്ങളിലേക്കുള്ള ദൈവീക നിയോഗം നമ്മിൽ ഉരുവാകയും നാം അതിനായി നിയോഗിതരായിത്തീരുകയും ചെയ്യുന്നത് നമ്മുടെ ആത്മാവിലറിയാൻ നമുക്കിടയാകും, ഒപ്പം അതിനുതകുന്ന ചില മാറ്റങ്ങൾ നമ്മുടെ വ്യക്തിത്വത്തിൽ ഉണ്ടാകുന്നതും നാം മനസ്സിലാക്കും. ഇത്തരത്തിലുള്ള ഒരു ഒറ്റപ്പെടലിന്റെ അനുഭവം മോശെക്കുണ്ടായി. ഒരു എബ്രായ പൈതൽ എന്ന പരിഗണനയിൽ താൻ നൈൽനദിയിലേക്ക് എറിയപ്പെട്ടു എന്നാൽ രാജകുമാരൻ എന്ന പദവിയിലേക്ക് നദിയിൽനിന്നും വലിച്ചെടുക്കപ്പെട്ടു. എന്നാൽ പിന്നീട് തന്റെതന്നെ അതിവേഗം നിമിത്തം അപരിചിതമായ ദേശത്തേക്ക് പലായനം ചെയ്യേണ്ടിവന്നു. അവിടെവെച്ചു ദൈവം അവനെ രൂപാന്തരപ്പെടുത്തി, മടക്കിവരുത്തിയതോ തന്റെ ജനത്തിന്റെ വിമോചകനായി. ആ ജനം ഒരിക്കൽ തന്നെ തൃജിച്ചവരും കൊല്ലാൻ അന്വേഷിച്ചവരുമായിരുന്നല്ലോ. ആ കാലഘട്ടം കൊണ്ട്

മോശെയെ ദൈവം പുതിയ ദൗത്യത്തിനുതകുമാറ് രൂപാന്തരപ്പെടുത്തിയിരുന്നു. മിസ്രയീമിൽ നിന്നു ഓടിപ്പോയ മോശെയും നാല്പതു വർഷങ്ങൾക്കു ശേഷം മടങ്ങിവന്ന മോശെയും എത്രയോ വ്യത്യസ്തമായിരുന്നു. ഫറഫോന്റെ മുമ്പിൽനിന്നും ഓടിയ മോശെ യഹോവയുടെ നാമത്തിൽ ഫറവോന്റെ മുമ്പിൽ നിന്ന് അധികാരത്തോടും ധൈര്യത്തോടും പ്രാഗത്ഭ്യത്തോടും സംസാരിക്കുന്നു. ദൈവം മോശയുടെ വ്യക്തിത്വത്തെ മാറ്റി. ഒരു കാലഘട്ടത്തിലേക്കാണ് ദൈവം മോശെയെ മാറ്റിയത്. അവിടെവെച്ചാണ് ദൈവം തന്റെ ഹൃദയത്തിലുള്ളത് മോശെയെ അറിയിച്ചത്. അതും പൊടുന്നനെയല്ല. മറ്റാർക്കും ഇടപെടാനോ സ്വധീനിക്കാനോ കഴിയാത്ത അതിരുകളിട്ട് വിജനതയിലേക്ക് ദൈവം മോശെയെ മാറ്റുകയായിരുന്നു.

ഒരുപക്ഷേ നമ്മുടെ ബലഹീനതകളാലോ മണ്ടത്തരത്താലോ നാം തന്നെ വിളിച്ചുവരുത്തിയ താവാം ഈ ഒറ്റപ്പെടൽ. എന്നാൽ അതിനെയും ദൈവത്തിന് അവസരമാക്കി മാറ്റാൻ കഴിയും. വേദനാജനകവും ത്യാഗപൂർണ്ണവുമായിരിക്കാം ആ ദിനങ്ങൾ, എന്നാൽ ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ അനാവരണം ചെയ്തു നാമുമായുള്ള വ്യക്തിബന്ധം ശക്തമാക്കാൻ ദൈവം ആ അവസരത്തെ ഉപയോഗിക്കും, അവിടുന്ന് വ്യക്തിപരമായി നമ്മോട് ഇടപെടും. നിങ്ങൾ എത്രത്തോളം തളളപ്പെട്ടവനോ തഴയപ്പെട്ടവനോ ആയിക്കൊള്ളട്ടെ, വ്യത്യസ്തമായ ജീവിത സാഹചര്യങ്ങളാൽ ആകെ ബലം ക്ഷയിച്ചവനായിപ്പോയെന്നും വന്നേക്കാം, അതു സാരമാക്കേണ്ട, ദൈവം ഇടപെട്ടുകഴിയുമ്പോൾ എല്ലാം മാറി മറിയും. ദൈവം നിങ്ങളെക്കുറിച്ചു നിശ്ചയിച്ചിട്ടുള്ള പദ്ധതികളിലേക്കു നിങ്ങളെ രൂപാന്തരപ്പെടുത്തി നടത്തും. പരാജിതനെപ്പോലെ ലോകം നിങ്ങളെ വീക്ഷിച്ചേക്കാം. എന്നാൽ വീഴുന്നവരെ താങ്ങുന്നതും എഴുന്നേല്പിക്കുന്നതും ദൈവമാണ്. ദൈവത്തിന്റെ സ്നേഹവും കരുണയും തീർന്നു പോകാത്തതാണ്. പരാജയപ്പെട്ടു പലായനം ചെയ്യുന്നവനെയും പിന്തുടർന്ന് ഏതുദൂരം വരെയും ചെന്ന് കൂട്ടിക്കൊണ്ടു വരുകയും താനുമായുള്ള കൂട്ടായ്മ പുനഃസ്ഥാപിക്കുകയും ചെയ്യുന്നവനാണ് കർത്താവ്. നമ്മെ തന്നോട് അടുപ്പിച്ചു നിർത്തേണ്ടതിന് അസാധാരണകാര്യങ്ങളെ ചെയ്യുവാനും കർത്താവ് തയ്യാറാകും. വിശ്വസ്തതയോടെ ചേർന്നു നില്ക്കുന്നവരുമായുള്ള ഹൃദയബന്ധം ദൃഢപ്പെടുത്തുകയും നമ്മെ സന്തോഷിപ്പിക്കുകയും ചെയ്യുന്ന സ്നേഹിതനാണ് കർത്താവ്.ദൈവം

**ചിലർ നുറുക്കപ്പെട്ട പാത്രങ്ങളെപ്പോലെ ആയപ്പോൾ മറ്റുചിലർ തടവിലും ഏകാന്തതയിലും ആയി. ആകയാൽ ഏകാന്തതയുടെ സമാനമായ അനുഭവങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നാൽ നാമും തകർന്നുപോകരുത്.**

താൻ സ്നേഹിക്കുന്നവർക്കായി കരുതിയിട്ടുള്ളത് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ആരുടെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല എന്നാണല്ലോ വചനത്തിൽ പറഞ്ഞിരിക്കുന്നത്.

തങ്ങളുടെ സ്വന്ത അനുഭവത്തിൽ ഏകാന്തതയും ഒറ്റപ്പെടലും ഒക്കെ അനുഭവിക്കേണ്ടിവന്ന വിശ്വാസവീരന്മാരെക്കുറിച്ച് വചനം പറയുന്നുണ്ട്. ഏലിയാവ്, ഏലീശാ, ദാവിദ്, നെഹമ്യാവ് തുടങ്ങി പഴയനിയമ ഭക്തരും പുതിയനിയത്തിലെ അപ്പോസ്തലന്മാരും ഈ പട്ടികയിലുണ്ട്. ചിലർ നുറുക്കപ്പെട്ട പാത്രങ്ങളെപ്പോലെ ആയപ്പോൾ മറ്റുചിലർ തടവിലും ഏകാന്തതയിലും ആയി. ആകയാൽ ഏകാന്തതയുടെ സമാനമായ അനുഭവങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നാൽ നാമും തകർന്നുപോകരുത്. യേശുകർത്താവ് ഏകനായി താൻ സഹിക്കുവാനുള്ള കഷ്ടങ്ങളിലേക്കു ചുവടുകൾ വയ്ക്കുമ്പോൾ ' ഞാൻ പോകുന്ന ഇടത്തേയ്ക്കു വരുവാൻ നിങ്ങൾക്കാവില്ല' എന്നു ശിഷ്യന്മാരോടു പറഞ്ഞു. എന്നാൽ താൻ മടങ്ങിവരുമെന്നും അവരോടു പറഞ്ഞു. അങ്ങനെതന്നെ സംഭവിച്ചുവല്ലോ, താൻ പോയതിനേക്കാൾ മഹത്വപൂർണ്ണനായി മടങ്ങിവന്നു. ബൈബിളിൽ നാം വായിക്കുന്നു യേശു ക്രൂശിൽ വെച്ച് ഉറക്കെ കരഞ്ഞുവെന്ന്. അത് മുഴുവൻമനുഷ്യവർഗത്തിന്റെയും പാപം തന്റെ മേൽ വഹിക്ക നിമിത്തം പിതാവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടപ്പോൾ തനിക്ക് അസഹനീയമായിരുന്നു, താൻ നിലവിളിച്ച ആ വേർപാട് നമ്മെ പിതാവുമായി അടുപ്പിക്കുവാൻ ആവശ്യമായിരുന്നു. അതെ, ഏകാന്തതയുടെ സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടാകുമ്പോൾ തളർന്നുപോകുകയോ തകർന്നുപോകുകയോ ചെയ്യരുത്. സാഹചര്യങ്ങൾ മാറും. ഉരുത്തിരിഞ്ഞുവരുന്ന പുതിയ സാഹചര്യം അത്യുത്തമമായിരിക്കും, ദൈവസന്നിധിയിൽ ഏറെ സന്തോഷിക്കുവാൻ അവസരമൊരുങ്ങും. നമ്മെ വിളിച്ച ദൈവം വിശ്വസ്തൻ. ●



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# കോപം വല്ലാത്ത കോപം

നമ്മുടെ സമൂഹം അനുദിനം അധഃപ്പതിച്ചുകൊണ്ടിരിക്കുന്നു, ആയതിനാൽ നാം ഇതിനോട് സന്ധി ചെയ്യരുത്, എല്ലാറ്റിനോടും നാം എതിർത്തു നില്ക്കണം എന്നൊക്കെ ആവേശത്തോടെ പറയുന്നവരായിരിക്കും നാം. കോപവും ക്രോധവും ഇങ്ങനെ ഏറി വരുമ്പോൾ ഈ വാക്യം ഒന്നു ശ്രദ്ധിച്ചോളണമേ. "കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുത്" (എഫെസ്യർ 4.26). സാംസ്കാരികമായി നമുക്കുണ്ടായിരുന്ന അടുക്കും ചിട്ടയും എല്ലാം തകർത്തുകളയുന്ന, ജീവിതത്തിൽ പ്രമാണമില്ലാത്ത ആളുകളോട് എനിക്കും തോന്നാറുണ്ട് കോപം. പൈശാചികമായ പ്രകൃതങ്ങൾ നമ്മുടെ സംസ്ക്കാരത്തിലേക്കു നുഴഞ്ഞുകയറുന്നതു കാണുമ്പോൾ അന്തരാത്മാവിൽ ഒരു സ്വസ്ഥത നമ്മിൽ ഉണ്ടാകാറുണ്ട്. പ്രത്യേകിച്ചും യുവതലമുറയെ വഴിതെറ്റിക്കുന്ന പൈശാചികതയും ബലഹീനജനത്തെ ചൂഷണം ചെയ്യുന്ന ദുഷ്ടതയും കാണുന്നത് അസഹനീയമാണ്. നാം ഉണർന്നു ജാഗരൂഗരായില്ലായെങ്കിൽ പാതാളത്തിന്റെ ശക്തികൾ ജനത്തെ ദൈവത്തിൽനിന്നും അകറ്റി നരകത്തിലേക്കു നയിക്കും. ഇത്തരം ചിന്തകൾനിമിത്തം നമ്മുടെ മനസ്സുചൂടായി നമ്മിലുണ്ടാകുന്ന കോപത്തെ പാപമെന്നു വിളിക്കേണ്ടതില്ല. മറിച്ച്, ഇത്തരം സാഹചര്യങ്ങളെക്കുറിച്ചു ഗൗരവമായ ചിന്തയുള്ളവരാണു നാം എന്ന അർഥമാണിതിനുള്ളത്. അർഥരഹിതമായ വെറും ക്രോധമനോഭാവമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ക്രിയാത്മകവും, ജനത്തെ മാനസ്സാന്തരത്തിലേക്കും കർത്താവിലേക്കും എത്തിക്കുന്ന ഫലകരമായ പ്രവർത്തിയിലേക്കു നയിക്കുന്നതുമായ തീക്ഷ്ണതയുമായിരിക്കണം ഈ കോപം. അതു നമ്മുടെ ദേശത്തിനു വിടുതലായിരിക്കും സമ്മാനിക്കുക. മനസ്സിൽ മടുപ്പും, നിരാശയും, അസ്വസ്ഥതയും മാത്രം സൃഷ്ടിക്കുന്ന മറിച്ചുള്ള ഭാവപ്രകടനംകൊണ്ട് എന്തു ഗുണം?

**ഒരു ദ്വിമുഖ ആക്രമണം**

പാതാളത്തിന്റെ ശക്തികൾ നമ്മുടെ ലോകത്തിലേക്കു കടന്നുകയറുന്ന പല തലങ്ങളുണ്ട്. അവയിൽ അടിസ്ഥാനപരമായ രണ്ടു തലങ്ങൾ പരാമർശിക്കാനാഗ്രഹിക്കുന്നു.

**ആദ്യത്തേത്**: വളരെ ഗൗരവമുള്ളതും, ലജ്ജാകരവും, അടിയന്തര ശ്രദ്ധ പിടിച്ചുപറ്റുന്നതുമായ ഒരു വിഷയം ഉണ്ടാക്കി അതിനെ പരക്കെ വ്യാപിപ്പിക്കുക എന്നുള്ളതാണ്. ഉദാഹരണത്തിന്, വളരെ ദോഷകരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു നിയമം സർക്കാരിനെക്കൊണ്ട് പുറപ്പെടുവിക്കയോ, ചേരിതിരിഞ്ഞുള്ള ഒരു സംഘടിത ആക്രമണം ദേശത്ത് ഉണ്ടാക്കുകയോ, ഏതെങ്കിലും പ്രശസ്തനായ ഒരു വ്യക്തിയെ അപമാനകരമായ ഒരു വിഷയത്തിൽ കുടുക്കുകയോ ചെയ്യുക. സകല ആളുകളുടെയും സംസാരവിഷയം പിന്നെ ഇതായിരിക്കും. പൈശാചികൻ ഒരുക്കിയ

**യുവതലമുറയെ വഴിതെറ്റിക്കുന്ന പൈശാചികതയും ബലഹീനജനത്തെ ചൂഷണം ചെയ്യുന്ന ദുഷ്ടതയും കാണുന്നത് അസഹനീയമാണ്. നാം ഉണർന്നു ജാഗരൂഗരായില്ലായെങ്കിൽ പാതാളത്തിന്റെ ശക്തികൾ ജനത്തെ ദൈവത്തിൽനിന്നും അകറ്റി നരകത്തിലേക്കു നയിക്കും.**

ഈ ദുരന്തത്തിന്റെ പ്രകമ്പനങ്ങൾ ഓരോരുത്തരുടെയും ഉള്ളിലേക്കും ഇരച്ചുകയറും, അതു നമ്മുടെ മനസ്സിനെ വല്ലാതെ ഉലയ്ക്കും. നിരാശ, പ്രതിഷേധം, മരവിപ്പ് തുടങ്ങി വല്ലാത്ത അരിശം വരെ അതു നമ്മിലുരുവാക്കും.

**രണ്ടാമത്തേത്:** ഇത്തരം അന്തരീക്ഷം ഒരുക്കിയിട്ട് ശത്രു അടുത്ത തലത്തിലേക്കു നീങ്ങും. ഈ ഘട്ടത്തിൽ നിറം പിടിപ്പിച്ച വാർത്തകളൊന്നും ഉണ്ടാവില്ല. സാത്താൻ വലിയ പ്രകടനങ്ങളോടെ നമ്മെ അഭിമുഖീകരിക്കയുമില്ല പകരം ഒട്ടും ശ്രദ്ധിക്കപ്പെടാത്ത വിധത്തിൽ അവൻ നമ്മുടെ ഉള്ളിൽ അതൃപ്തിയുടെ കനലുകൾ പാകും. എന്നിട്ട് പതിയെ ഊതി ഊതി അതിനെ ഒരു തീച്ചൂളയാക്കും. നേരത്തെ വിശ്വാസവും സ്നേഹവും കൊണ്ടു നിറഞ്ഞിരുന്ന ദൈവപൈതലിന്റെ ഹൃദയം നിരാശയുടെയും വെറുപ്പിന്റെയും പുകപടലം കൊണ്ട് നിറയ്ക്കും. ആക്രമണത്തിന്റെ ഈ രണ്ടാം ഘട്ടത്തിൽ നമ്മുടെ ഹൃദയം പാറപോലെ കഠിനമാക്കുകയാണ് ശത്രുവിന്റെ ലക്ഷ്യം.

ഈ കാലഘട്ടത്തിൽ ആത്മിക പോർക്കളത്തിലായിരിക്കുന്ന നാം ഏതു സാഹചര്യം ശത്രുകൊണ്ടുവന്നാലും നമ്മുടെ ഉള്ളിലെ ദൈവസ്നേഹവും ദൈവാശ്രയവും വിശ്വാസവും നഷ്ടപ്പെടുത്തുന്ന പരാജയം സംഭവിക്കാതെ സ്വയം സൂക്ഷിക്കണം. നാം ജഡരക്തങ്ങളോടു പോരാടുന്നവരല്ല, വാഴ്ചകളോടും അധികാരങ്ങളോടും അന്ധകാരത്തിന്റെ ലോകാധിപതിയോടും പോരാടുന്നവരാണെന്ന ബോധ്യം നമുക്കുണ്ടായിരിക്കണം (എഫേസ്യർ 6:12). 'ഈ രാജ്യത്തെക്കുറിച്ചുള്ള എന്റെ എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ടു' എന്നു പറയുന്നവരെ ഞാൻ കണ്ടിട്ടുണ്ട്. അവരുടെ ദർശനം നഷ്ടപ്പെട്ടു എന്നല്ല ഞാൻ പറയുന്നത്, മറിച്ച് അവരുടെ സ്നേഹം നഷ്ടപ്പെട്ടു എന്നാണ്. "സ്നേഹം എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു, സ്നേഹം ഒരുനാളും ഉതിർന്നുപോകുന്നില്ല (1 കൊരിന്ത്യർ 13:7).

ലോകത്തിൽനിന്നും സകല ദുഷ്ടതയും നീക്കിക്കളയുക എന്നതായിരുന്നു സർവ്വശക്തനായ ദൈവത്തിന്റെ പദ്ധതി എങ്കിൽ ഒരു ക്ഷണത്തിൽ അതു സാധിക്കും. എന്നാൽ എന്തുകൊണ്ടാണ് ദൈവം അക്കാര്യത്തിൽ ക്ഷമയോടെ കാത്തിരിക്കുന്നത്? ദൈവമക്കൾ യേശുക്രിസ്തുവിനെപ്പോലെ പൂർണ്ണതയിലെത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. സോദോമിനോടും ഗോമോറയോടും ചെയ്തതുപോലെ ചെയ്താൽ ദൈവത്തിന് ദുഷ്ടത ക്ഷണത്തിൽ നീക്കാം. എന്നാൽ യേശു പറഞ്ഞു ഞാൻ ആത്മാക്കളെ നശിപ്പിക്കാനല്ല രക്ഷിക്കാനത്രെ വന്നത് എന്ന്.


**നാം തെറ്റിനെതിരെ കോപിക്കുന്നതു നല്ലതാണ്, എന്നാൽ എല്ലാം യാഥാർഥ്യബോധത്തോടെ, യുക്തമായിച്ചെയ്യുന്നതിനു ശ്രദ്ധിക്കയും നാം ക്രിസ്തുവിന്റെ ഭാവമുള്ളവരാകുകയും വേണം.**

നാം ആത്മികമായ പക്വത നേടിയെടുക്കുവാൻ കർത്താവു കാത്തിരിക്കുന്നു. അനേക പുത്രന്മാരെ തേജസ്സിലേക്കു നടത്തുവാനും ഈ ലോകത്തെത്തന്നെ തേജസ്സുറ്റതാക്കുവാനും പിതാവ് ആഗ്രഹിക്കുന്നു. ദൈവത്തിന്റെ നിത്യതയിലെ പദ്ധതിയുടെ പൂർത്തീകരണത്തിനായി ലോകത്തെ ദൈവം രൂപാന്തരപ്പെടുത്തുകയാണ്.

നാം തെറ്റിനെതിരെ കോപിക്കുന്നതു നല്ലതാണ്, എന്നാൽ എല്ലാം യാഥാർഥ്യബോധത്തോടെ, യുക്തമായിച്ചെയ്യുന്നതിനു ശ്രദ്ധിക്കയും നാം ക്രിസ്തുവിന്റെ ഭാവമുള്ളവരാകുകയും വേണം. നാം രാഷ്ട്രീയക്കാരെപ്പോലെ അല്ല ആകേണ്ടത്, ആത്മികരാകണം. "കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകയ്ക്ക എന്നും അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പീൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പീൻ"(മത്തായി 5:43-45). ചിലപ്പോൾ നമ്മുടെ ഇടയിൽ നിസ്സഹായരായിപ്പോകുന്നവരെ സഹിക്കയും അവരെ കൈത്താങ്ങുകയും ചെയ്യേണ്ട സാഹചര്യമുണ്ടാകും.എന്നാൽ നമ്മുടെ സ്വന്തം കാര്യത്തിൽ, യേശു എന്താണ് പറഞ്ഞിരിക്കുന്നത് എന്നു നോക്കി അതു ശ്രദ്ധയോടെ കരുതിക്കൊള്ളണം.

നമ്മുടെ രാജ്യം രൂപാന്തരപ്പെടുക എന്നതു നമ്മുടെ ലക്ഷ്യമാണങ്കിൽ നാം രൂപാന്തരപ്പെടുക എന്നതാണാവശ്യം. വെറുതെ ക്രോധിച്ചിരിക്കുന്ന മനസ്സും മനോഭാവവുമല്ല നമുക്കാവശ്യം. അങ്ങനെ ആയാൽ നാം ആത്മികതയിലെ ഒരു കപടമുഖമാണ് എന്നു വരും.

ഈ ലോകം ക്രിസ്തുവിലേക്കു വരുന്നില്ല എന്നതിൽ നാം കോപിഷ്ടരാകും, എന്നാൽ നാം ക്രിസ്തു തുല്യരാകുന്നില്ല എന്നതു നാം സൗകര്യപൂർവ്വം മറക്കുകയും ചെയ്യും. ●





ഡോ. സജികുമാർ കെ. പി.

# നവമാധ്യമങ്ങളും ആത്മീയതയും

പണ്ടെങ്ങും ഉണ്ടായിട്ടില്ലാത്ത വിധം മാധ്യമ സ്വാധീനത സമസ്തമേഖലകളിലും വ്യാപിച്ചിരിക്കുന്ന ഒരു കാലഘട്ടമാണിത്. മനുഷ്യൻ എന്തു വാങ്ങണം, കഴിക്കണം, തീരുമാനിക്കണം എന്നിങ്ങനെ സകലവും മാധ്യമങ്ങൾ നിശ്ചയിക്കുന്ന സാഹചര്യമാണിന്നുള്ളത്. ലോകത്തിന്റെ വളർച്ചയും വികസനങ്ങളും ആർക്കും തടയാൻ പറ്റില്ല. എന്നാൽ അവയൊക്കെ ഉയർത്തുന്ന വെല്ലുവിളികൾ ആത്മീകരായ നാം കണ്ടില്ലെന്നു നടിച്ചുകൂടാ. ആത്മീയത എന്നത് വ്യക്തിപരമാണ്. ഒരു വ്യക്തിയുടെ ആത്മീയ നിലവാരം തീരുമാനിക്കുന്നത് ആ വ്യക്തിയുടെ ആത്മീയ കാഴ്ചപ്പാടുകളുടെയും തീരുമാനങ്ങളുടെയും ആകെ തുകയാണ്. എന്നാൽ വ്യക്തിപരമായ തീരുമാനങ്ങളിൽ തീർച്ചയായും വ്യക്തിയുടെ സാഹചര്യങ്ങൾക്ക് വലിയ പങ്കുണ്ട്.

**നവ മാധ്യമങ്ങളിലെ ആത്മീയ നന്മകൾ**

വാസ്തവത്തിൽ ആത്മീയ വഴികാട്ടികളാകുവാൻ സാധിക്കുന്ന വസ്തുതകൾ മാധ്യമങ്ങളിലുണ്ട് എന്നത് നാം വിസ്മരിച്ചുകൂടാ. സോഷ്യൽ മീഡിയയിലെ വാട്സ് ആപ്പ് പോലുള്ളവയിൽ ആത്മീയരായവർ മാത്രം കൂടുന്ന ഗ്രൂപ്പുകൾ ഉണ്ട്. ആ ഗ്രൂപ്പുകളിൽ ആത്മീയ വർദ്ധനവിനുതകാത്തത് ഒന്നും അനുവദനീയമല്ല. ആത്മീയതയെ പരിപോഷിപ്പിക്കുന്ന പല സന്ദേശങ്ങളും പ്രചരിപ്പിക്കുവാൻ സോഷ്യൽ മീഡിയ ഉപകരിക്കാറുണ്ട്.

ടെലിവിഷന്റെ പ്രചുര പ്രചാരിമ അനേക സുവിശേഷകന്മാർക്ക് സുവിശേഷീകരണത്തിനുള്ള വലിയ സാദ്ധ്യതകൾ തുറന്നുകൊടുത്തിട്ടുണ്ട്. അതിരാവിലെ പല പ്രമുഖ ചാനലുകളിലും സുവിശേഷാത്മക പ്രോഗ്രാമുകൾ ഉള്ളതിനാൽ അനേകർ അനുഗ്രഹവും ആത്മരക്ഷയും പ്രാപിക്കുന്നു.

അതുപോലെ ആത്മീയ ഗോളത്തിലെ അഴിമതിയെയും തെറ്റായ നടപടികളെയും ദൈവജനത്തിന്റെ മുമ്പിൽ തുറന്നു കാട്ടാൻ ഈയിടെയായി നവമാധ്യമങ്ങൾ പലർക്കും ഉപയോഗപ്രദമായിട്ടുണ്ട്. ദൈവീകമല്ലാത്ത പ്രവർത്തികളിൽ നിന്ന് വിട്ടുനില്ക്കാൻ പലർക്കും അത് പ്രയോജനകരമായേക്കാം.

**നവമാധ്യമങ്ങൾ : ആത്മീകർ സൂക്ഷിക്കേണ്ടിയവയും ശ്രദ്ധിക്കേണ്ടിയവയും**

നവ മാധ്യമങ്ങളെ സംബന്ധിച്ച് ആദ്യം നാം ശ്രദ്ധിക്കേണ്ടിയ ഒരു വസ്തുത ഇതിനോടു തോന്നുന്ന ആസക്തിയും അതു വരുത്തിവയ്ക്കുന്ന ആത്മീയ തകർച്ചകളുമാണ്. മാദ്ധ്യമ ധർമ്മങ്ങൾ കാറ്റിൽ പറത്തിക്കൊണ്ടുള്ള ആസ്വാദനങ്ങളുടെ കേളീരംഗമായി നവമാധ്യമങ്ങൾ അധ:പതിച്ചിരിക്കുന്നു എന്നു പറയാതെ വയ്യ. മനുഷ്യന്റെ മോഹങ്ങളെല്ലാം നിവർത്തിക്കാനുള്ള ഉപാധിയായി മിക്ക നവമാധ്യമങ്ങളും വഴിപിഴച്ചുപോയിരിക്കുന്നു. അതിനോട് അടിമപ്പെട്ടുപോകുന്ന ഓരോരുത്തർക്കും സംഭവിക്കുന്നത് അവർ പതുക്കെ പതുക്കെ മോഹങ്ങളിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നു എന്നതാണ്. മാദ്ധ്യമങ്ങളെ ഉപയോഗിക്കുന്നതിൽ തെറ്റില്ല; പക്ഷെ ഇവയെല്ലാം നിയന്ത്രിക്കുന്നത് പിശാചാണ് എന്ന തിരിച്ചറിവോടെ വേണം അവയെ കൈകാര്യം ചെയ്യാൻ.

റിയാലിറ്റി ഷോയും കോമഡി പ്രോഗ്രാമുകളും അരങ്ങു വാഴുന്ന ടെലിവിഷന്റെ മുമ്പിലിരിക്കുന്ന കുടുംബാംഗങ്ങൾ അധികം താമസിയാതെ സിനിമയ്ക്കും സീരിയലിനും അടിമകളാകും എന്ന് പറയേണ്ടതില്ലല്ലോ. പ്രാർഥിക്കാനും വചനം വായിക്കാനും അന്നത്തെ ദിവസത്തിന്റെ അനുഭവങ്ങൾ പങ്കുവയ്ക്കാനും ഒന്നിച്ചു കൂടിക്കൊണ്ടിരുന്ന

കുടുംബ കൂട്ടായ്മയുടെ സമയം ഇന്ന് ടെലിവിഷനിലെ സീരിയലുകൾ കവർന്നെടുത്തെങ്കിൽ അതോടു കൂടെ നമ്മുടെ തലമുറയുടെ ആത്മീയതയും പിശാച് കവർന്നെടുത്തു എന്ന് വിസ്മരിക്കേണ്ട. ആത്മീയർക്ക് നിരക്കാത്ത തന്ത്രങ്ങളും ചതിയും അസാന്മാർഗ്ഗികതയുമല്ലേ നാം ഇന്ന് ടെലിവിഷനിൽ കണ്ടു രസിക്കുന്നത്? ഇതൊക്കെയല്ലേ നമ്മുടെ തലമുറ പ്രാവർത്തികമാക്കാൻ പ്രേരിപ്പിക്കപ്പെടുന്നത്?

എന്തിനേറെ, നമ്മുടെ കുഞ്ഞുങ്ങൾ കാണുന്ന കാർട്ടൂണുകൾ അവരെ ആത്മീയമായി എങ്ങനെയൊക്കെ നശിപ്പിക്കുന്നു എന്ന് നാം ചിന്തിക്കാറുണ്ടോ? ഛോട്ടാഭീം ആന്റ് കൃഷ്ണ എന്ന കാർട്ടൂണിലൂടെ നമ്മുടെ കുഞ്ഞുങ്ങൾക്കു മുമ്പിൽ പ്രശ്നത്തിലകപ്പെടുന്ന മനുഷ്യരുടെ രക്ഷകൻ കൃഷ്ണനാണ് എന്ന സന്ദേശമാണ് കിട്ടുന്നത്. തല്ലാനും കൊല്ലാനും മനസ്സാക്ഷിയില്ലാതെ നശിപ്പിക്കാനും ഇറങ്ങിത്തിരിക്കുന്ന അമാനുഷന്മാരെയല്ലെ നമ്മുടെ കുഞ്ഞുങ്ങൾ കാർട്ടൂണുകളിലൂടെ പരിചയപ്പെടുന്നത്? അവരല്ലേ കുഞ്ഞുങ്ങളുടെ ഹീറോ? ബൈബിളിലെ യോസഫിനെയും ദാവീദിനെയും അവർക്കറിഞ്ഞുകൂടാ. എന്നാൽ ബെൻ ടെണെയും ഡോറെമോനെയും അവർക്ക് അപകടകരമാം വിധം നല്ലതുപോലെ അറിയാം.

നാം കേട്ടു പഠിക്കുന്നതിനെക്കാൾ അനവധി മടങ്ങു വേഗം കണ്ടതു പഠിക്കും. അവിടെയാണ് ആത്മീയതയ്ക്കെതിരായ സ്വഭാവ രൂപീകരണത്തിൽ മാധ്യമങ്ങൾക്കു വലിയ പങ്കുണ്ട് എന്നു മനസ്സിലാക്കേണ്ടത്. ടെലിവിഷനിലെ കായിക സംഘട്ടനം ഒന്നിച്ചിരുന്നു കാണുന്ന കുട്ടികളെ നിങ്ങൾ ശ്രദ്ധിക്കുക. അല്പസമയത്തിനകം അവർ തമ്മിൽ തല്ലുകൂടുന്നതു കാണാം. കാണുന്നതെന്തും ജീവിതത്തിൽ പകർത്താൻ കൗമാരത്തിൽ താത്പര്യം കൂടും എന്നതിന്റെ തെളിവാണല്ലൊ ഓരോ സിനിമയിലും പരിചയപ്പെടുന്ന ഹെയർ സ്റ്റൈലും പാൻസിന്റെ ഷെയ്പുമൊക്കെ വിചിന്തനമില്ലാതെ കൗമാരക്കാർ മടികൂടാതെ അനുകരിക്കുന്നത്. അവരുടെ വേഷവിധാനങ്ങൾ ആത്മീയർക്ക് നിരക്കാത്തതാണെങ്കിൽ ആത്മീയർക്കു നിരക്കാത്ത നവ മാധ്യമങ്ങളെ നാം എങ്ങനെ സമീപിക്കണം?

സ്ഥിരമായി ടി.വി കാണുന്ന കൗമാരക്കാർ ഒരു ദിവസം എത്ര ലൈംഗീക അതിക്രമങ്ങളാണ് കാണുന്നത്? ഒരു വർഷം ഈ മാധ്യമങ്ങൾ നമ്മുടെ ചെറുപ്പക്കാരുടെ കണ്ണിന്റെ മുമ്പിലൂടെ എത്ര ആയിരം ലൈംഗീക കുറ്റങ്ങളും ബലാൽസംഗങ്ങളും കടത്തിവിടുന്നു. ഇവയൊക്കെ അവരുടെ സ്വഭാവരൂപീകരണത്തെ വഷളാക്കുന്ന നിലയിൽ എങ്ങനെ സ്വാധീനിക്കുന്നു എന്നു ചിന്തിച്ചിട്ടുണ്ടോ?

**തല്ലാനും കൊല്ലാനും മനസ്സാക്ഷിയില്ലാതെ നശിപ്പിക്കാനും ഇറങ്ങിത്തിരിക്കുന്ന അമാനുഷന്മാരെയല്ലെ നമ്മുടെ കുഞ്ഞുങ്ങൾ കാർട്ടൂണുകളിലൂടെ പരിചയപ്പെടുന്നത്? അവരല്ലേ കുഞ്ഞുങ്ങളുടെ ഹീറോ? ബൈബിളിലെ യോസഫിനെയുംദാവീദിനെയും അവർക്കറിഞ്ഞുകൂടാ. എന്നാൽ ബെൻ ടെണെയും ഡോറെമോനെയും അവർക്ക് നല്ലതുപോലെ അറിയാം.**

ആത്മീകത വളരുന്നത് ആത്മീക പരിപോഷണങ്ങളിലൂടെയാണ്. ഒന്നുകിൽ ആത്മീയതയ്ക്കു നിരക്കാത്ത നവ മാധ്യമ സ്വാധീനതയിൽ നിന്ന് നമ്മുടെ വിശ്വാസ സമൂഹത്തെ രക്ഷിക്കണം. അല്ലെങ്കിൽ ആത്മീയതയ്ക്ക് ഉതകും വിധം നവ മാധ്യമങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടു വരണം. ഇതിൽ പ്രാവർത്തികമായത് ഒന്നാമത്തെ കാര്യമാണ്. ആത്മീയ വളർച്ചയ്ക്ക് തടസ്സം പിടിക്കുന്ന മാധ്യമ സ്വാധീനതയെക്കുറിച്ച് ആത്മീയർക്ക് അറിവു നൽകുക. അത്തരത്തിൽ പിശാചിനാൽ പിടിക്കപ്പെട്ടിരിക്കുന്നവർക്കു മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക. ആത്മീയ വർദ്ധനവിനായി നവ മാധ്യമങ്ങളെ പ്രയോജനപ്പെടുത്തുന്നവർക്ക് പ്രോത്സാഹനം നൽകുക.

സഭായോഗങ്ങളിൽ തീർച്ചയായും മൊബൈൽഫോൺ വിലക്കണം . ചെറുപ്പക്കാർ ഒരു ദിവസത്തിൽ അരമണിക്കൂറിൽ കൂടുതൽ സോഷ്യൽ മീഡിയ ഉപയോഗിക്കാൻ അനുവദിക്കരുത്. ടെലിവിഷന് നൽകുന്ന പ്രാധാന്യതയെക്കാൾ കുടുംബ ആരാധനയ്ക്കും കൂട്ടായ്മയ്ക്കും പ്രാധാന്യത നൽകണം. ഏതൊക്കെ പ്രോഗ്രാം കാണാം ഏതൊക്കെ കാണരുത് എന്ന് മാതാപിതാക്കളും മക്കളും തമ്മിൽ ഇന്നു തന്നെ ധാരണകൾ രൂപപ്പെടുത്തണം. ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞു ചുറ്റിനടക്കുന്ന പിശാചിന്റെ കൈകളിൽ നിന്നും ആത്മീയ ലോകത്തെ സംരക്ഷിച്ചു നിർത്താൻ നമുക്കോരോരുത്തർക്കും മുന്നിട്ടിറങ്ങാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ. ●



ചെയ്സ് ജോസഫ്

# ഏക മനുഷ്യന്റെ അനുസരണം

ഏക മനുഷ്യന്റെ ലംഘനത്താൽ അനേകർ പാപികൾ ആയതു പോലെ, ഏക മനുഷ്യന്റെ അനുസരണത്താൽ അനേകർ നീതിമാന്മാർ ആയിത്തീരും. ഈ വാക്യം സാർവത്രികരക്ഷയെ പിന്തുണയ്ക്കുന്ന വാക്യം ആണെന്ന് പലരും വിശ്വസിക്കുന്നുണ്ട്. അതായത് ലോകത്തിൽ ജനിച്ച എല്ലാവരെയും, അവർ എന്ത് വിശ്വസിക്കുന്നു എന്ന് പരിഗണിക്കാതെ, ഇപ്പോഴും പാപത്തിൽ തന്നെ മാനസാന്തരമില്ലാതെ വസിക്കുന്നു എന്നിരിക്കിലും അവർപോലും അറിയാതെ രക്ഷിക്കുന്നു. അത് കൊണ്ട് ആരും നരകത്തിൽ പോവുകയില്ല എന്ന ഉപദേശത്തെ ആണ് നാം സാർവത്രീക രക്ഷാഉപദേശം എന്ന് പറയുന്നത്.എന്നാൽ നാം മനസ്സിലാക്കേണ്ട കാര്യം ആദമിൽ നമ്മൾ അവകാശികൾ ആയതു പോലെഅല്ല ക്രിസ്തുവിൽ അവകാശികൾ ആകുന്നതു എന്നാണ്. പതിനഞ്ചാം വാക്യത്തിൽ നാം വായിക്കുന്നത് ലംഘനത്തെ സംബന്ധിക്കുന്നതും വീണ്ടെടുപ്പിനെ സംബന്ധിക്കുന്ന വാഗ്ദത്തവും ഒരു പോലെ അല്ല എന്നാണ്. ആദാമിന്റെ പാപത്താൽ വരുന്ന ലംഘനം മനുഷ്യനിൽ കണക്കിടപ്പെടുന്നത് ജനനം വഴി ആണ്. അതായത് ഒരു മനുഷ്യൻ ജനിക്കുമ്പോൾ അവൻ പാപത്തിനു അടിമ ആയി ആദാമിന്റെ സന്തതി ആയി ആണ് ജനിക്കുന്നത്. അത് രക്തത്താൽ ആണ്, പാരമ്പര്യത്താൽ ആണ്. എന്നാൽ ദൈവത്തിന്റെ മക്കൾ ആയുള്ള ജനനം രക്തത്താൽ അല്ല, ദൈവത്തിന്റെ ആത്മാവിനാൽ ആണ്. അത് ദൈവത്താൽ സംഭവിക്കുന്നതാണ്. (യോഹന്നാൻ 1:12 ). ദൈവത്താൽ അവന്റെ ആത്മാവിനാൽ ഉള്ള ഒരു വീണ്ടുംജനനം വഴി ആണ് നാം ദൈവമക്കൾ ആകുന്നത്. അതുകൊണ്ട് ജന്മനാൽ നാം ആദാമിന്റെ സന്തതി മാത്രമേ ആകുന്നുള്ളു, ദൈവീകമായ രക്ഷാകരപ്രവൃത്തിയാൽ ആണ് നാം മക്കൾ ആയി മാറുന്നത്. ഇതിന്റെ അർഥം വിശ്വസിക്കുന്നവരിൽ മാത്രമാണ് ദൈവത്തിന്റെ പ്രവൃത്തി വ്യാപാരിക്കുന്നത് യോഹന്നാൻ 3:16 തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. അടിവരയിട്ട രണ്ടു പ്രയോഗങ്ങൾ ശ്രദ്ധിക്കുക.

1 ലോകത്തെ സ്നേഹിച്ചു,

2 വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ...

**ഒരു മനുഷ്യൻ ജനിക്കുമ്പോൾ അവൻ പാപത്തിനു അടിമ ആയി ആദാമിന്റെ സന്തതി ആയി ആണ് ജനിക്കുന്നത്. അത് രക്തത്താൽ ആണ്, പാരമ്പര്യത്താൽ ആണ്. എന്നാൽ ദൈവത്തിന്റെ മക്കൾ ആയുള്ള ജനനം രക്തത്താൽ അല്ല, ദൈവത്തിന്റെ ആത്മാവിനാൽ ആണ്. അത്ദൈവത്താൽ സംഭവിക്കുന്നതാണ്.**


നോക്കുക, ദൈവം സ്നേഹിച്ചത് മുഴു ലോകത്തേയുമാണ്. എന്നാൽ ആ സ്നേഹത്തെ ദൈവം പ്രദർശിപ്പിച്ചത് വിശ്വസിക്കുന്നവരെ എല്ലാം നശിച്ചു പോകാൻ വിടാതെ രക്ഷിച്ചു കൊണ്ടാണ്. ലോകത്തിൽ ഏതു പാപവും മാനസാ ന്തരം ഇല്ലാതെ ചെയ്യുന്ന സകലരെയും അവന്റെ കൂടെ സ്വർഗത്തിൽ ഇരുത്തി അല്ല ദൈവം തന്റെ സ്നേഹത്തെ കാണിക്കുന്നത്. ഇനി നമുക്ക് വേറെ ഒരു സെറ്റ് വാക്യങ്ങൾ വായിക്കാം. യോഹന്നാൻ 17:9, 20 യേശുക്രിസ്തുവിന്റെ മഹാ പുരോഹിത പ്രാർത്ഥന ആരെ രക്ഷിക്കാൻ വേണ്ടി ഉള്ളതായിരുന്നു? യോഹന്നാൻ 17:9 ഞാൻ അവർക്കു വേണ്ടി അപേക്ഷിക്കുന്നു; ലോകത്തിന്നു വേണ്ടി അല്ല. നീ എനിക്കു തന്നിട്ടുള്ളവർ നിനക്കുള്ളവർ ആകകൊണ്ടു അവർക്കു വേണ്ടിയത്രേ ഞാൻ അപേക്ഷിക്കുന്നതു. യോഹന്നാൻ 17:20 ഇവർക്കു വേണ്ടിമാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസി പ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷി ക്കുന്നു. ശ്രദ്ധിക്കുക കർത്താവിന്റെ രക്ഷ, പിതാവ് അവനു നൽകിയിട്ടുള്ളവർക്ക് വേണ്ടി അല്ലെങ്കിൽ അവനിൽ വിശ്വസിക്കുന്നവർക്ക് വേണ്ടി മാത്രം ഉള്ളതാണ്.

അതുകൊണ്ട് യേശുക്രിസ്തുവിന്റെ അനു സരണത്തിന്റെ ഗുണഭോക്താക്കൾ ലോകത്തിൽ ജീവിക്കുന്ന എല്ലാവരും അല്ല, പ്രത്യുത, അവനിൽ ആരെല്ലാം വിശ്വസിക്കുമോ അവർ എല്ലാവരും ആണ്. ഇതുതന്നെ നാം എബ്രായ ലേഖനം അഞ്ചാം അധ്യായത്തിന്റെ ഒൻപതാം വാക്യത്തിലും കാണുന്നു. പുത്രൻ എങ്കിലും താൻ കഷ്ടം അനുഭവിച്ചു അനുസരണം പഠിച്ചു തികഞ്ഞവനായി, തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതൻ ആയിത്തീർന്നു. അതുകൊണ്ട് ക്രിസ്തുവിന്റെ യാഗം, യാഗത്തിലേക്കു നയിച്ച അവന്റെ അനുസരണം യാഗത്തിലൂടെ തികവ് വന്ന രക്ഷ, ഇതെല്ലാം അവനിൽ വിശ്വസിക്കുന്നവർക്ക്, വിളിക്കപ്പെട്ടവർക്ക്, മാത്രമാണ് ഗുണമായി ഭവിക്കുന്നത്. അതുകൊണ്ട് റോമാലേഖനം അഞ്ചാം അധ്യായം നമ്മെ നയിക്കുന്നത് യേശു ക്രിസ്തുവിലൂടെ നമ്മെ തെരഞ്ഞെടുക്കുകയും, അവന്റെ അനുസരണത്തിലൂടെ നമ്മെ നീതീകരിക്കുകയും, ചെയ്ത ദൈവത്തിന്റെ കൃപയിലേക്കു ആണ്. ആദാമിൽ ഉള്ളവർ എല്ലാം അവന്റെ അനുസരണക്കേടിനാൽ ശിക്ഷായോഗ്യർ ആയപ്പോൾ. ക്രിസ്തുവിൽ ലോകസ്ഥാപനത്തി നുമുൻപേ തെരഞ്ഞെടുക്കപ്പെട്ടവർ എല്ലാം അവന്റെ യാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടു (എഫെസ്യർ 1:4).

വിശുദ്ധരും നിഷ്കളങ്കരും ആയി ദൈവത്തിന്റെ സന്നിധിയിൽ നാം നിൽക്കേണ്ടതിനു ആണ് തെരെഞ്ഞെടുപ്പ്. ആ വിശുദ്ധിയും നിഷ്കളങ്ക തയും നമ്മിൽ ഉളവാക്കുന്നത് ദൈവം നമ്മിൽ നിർവഹിക്കുന്ന ഒരു രക്ഷാകര പ്രവൃത്തിയിലൂടെ ആണ്. അങ്ങനെ നമുക്ക് ലഭിക്കുന്ന ക്രിസ്തുവിന്റെ സ്വഭാവത്തിന്റെ പങ്കാളിത്തം രക്ഷയുടെ ഭാഗം തന്നെ ആണ്. അല്ലാതെ, ദൈവത്തിനു ശത്രുക്കൾ ആയ കുറെ ആളുകളെ കൂട്ടമായി സ്വർഗത്തിൽ കൊണ്ട് പോകുന്നത് അല്ല രക്ഷ. വിശുദ്ധിയുടെ ഓട്ടത്തെ, പോരാട്ടത്തെ, ആത്മാവിന്റെ വിശുദ്ധീകരണത്തെ മനസ്സിലാക്കാതെ രക്ഷയെ കുറിച്ച് പറയുവാൻ കഴിയുകയില്ല. രക്ഷ എന്ന് പറയുന്നത്, നമ്മുടെ സ്വർഗീയമായ തേജസ്കരണം മാത്രമല്ല, നീതീകരണവും വിശുദ്ധീകരണവും തേജസ്കരണവും എല്ലാം കൂടി ചേരുന്നതാണ് രക്ഷ. അതിൽ നിന്ന് വിശുദ്ധിയുടെ ഡിമാൻഡ് എടുത്തു കളയാൻ സാധ്യമല്ല.

ഇനി നാം ചിന്തിക്കുന്നത് വളരെ ഗൗരവം ഏറിയ, വിവാദങ്ങൾ വളരെ ഉണ്ടാക്കിയിട്ടുള്ള, ഒന്ന് രണ്ടു വാക്യങ്ങൾ ആണ്. റോമർ 5:20 എന്നാൽ ലംഘനം പെരുകേണ്ടതിന്നു ന്യായപ്രമാണവും ഇടയിൽ ചേർന്നുവന്നു; എങ്കിലും പാപം പെരുകിയേടത്തു കൃപ അത്യന്തം വർദ്ധിച്ചു. റോമർ 5:21 പാപം മരണത്താൽ വാണതുപോല കൃപയും നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നീതിയാൽ നിത്യജീവന്നായി വാഴേണ്ടതിന്നു തന്നേ. എങ്ങനെയാണ് ന്യായപ്രമാണത്താൽ ലംഘനങ്ങളുടെ പെരുക്കം ഉണ്ടായത്? ലംഘനങ്ങൾ ഒഴിവാക്കാൻ വേണ്ടി അല്ലെ നിയമങ്ങൾ തന്നത്? ഇവിടെ പൗലോസ് പറയുന്നത് ന്യായപ്രമാണത്തിൽ ലംഘനങ്ങൾ പെരുകി എന്നാണ്. ഇവിടെ നാം മനസ്സിലാക്കേണ്ടത് ലംഘനം പെരുകേണ്ടത് നമ്മുടെ രക്ഷയ്ക്ക് ആവശ്യം ആയിരുന്നു എന്നാണ്. മനുഷ്യന്റെ നിസ്സഹായാവസ്ഥ ആണ് ന്യായപ്രമാണം കാണിച്ചു തരുന്നത്. യിസ്രായേൽ മക്കൾ വളരെ അഭിമാനത്തോടെ ഉയർത്തി പിടിച്ചിരുന്ന ന്യായപ്രമാണം അവരെ രക്ഷിച്ചില്ല, പിന്നെയോ അവരെ ന്യായം വിധിക്കുക ആയിരുന്നു. ഇത് എങ്ങനെ ആണ് സംഭവിച്ചത്

എന്ന് മനസ്സിലാക്കാൻ നാം വീണ്ടും റോമാ ലേഖനത്തിന്റെ മൂന്നാം അധ്യായത്തിലേക്കു പോകേണ്ടതായി വരും. ന്യായപ്രമാണം പാപത്തെ വർധിപ്പിക്കുകയല്ല, ലംഘനങ്ങളെ വർധിപ്പിക്കുകയാണ് ചെയ്യുന്നത്. ഒരു മനുഷ്യന്റെ ഉള്ളിലുള്ള പാപത്തിന്റെ ശക്തി എത്ര എന്ന് വെളിപ്പെടുന്നത് അവന്റെ ലംഘനങ്ങളുടെ ബാഹുല്യത്തിലൂടെ ആണ്. മനുഷ്യൻസ്വാഭാവികം എന്നും ന്യായം എന്നും വിചാരിച്ചു ചെയ്തു പോന്ന കാര്യങ്ങൾ, ദൈവത്തിന്റെ മുൻപിൽ എങ്ങനെ കാണപ്പെടുന്നു എന്നാണ് ന്യായപ്രമാണം കാണിച്ചു തന്നത്. നമ്മുടെ സ്വഭാവത്തിൽ തന്നെയുള്ള പാപവും, നമ്മിൽ പെരുകുന്ന പാപങ്ങളും (ലംഘനങ്ങൾ) തമ്മിൽ ഉള്ള വ്യത്യാസം നാം മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ പാപ പ്രവൃത്തികൾ, അതല്ല പാപ ചിന്തകൾ വരെയും വരുന്നത് നമ്മുടെ ഉള്ളിൽ വസിക്കുന്ന പാപം എന്ന സ്വഭാവത്തിൽ നിന്നാണ്. ഒരു ഉദാഹരണം നമുക്ക് നോക്കാം. 2020-ൽ മനുഷ്യർ നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി കോവിഡ് എന്ന ഒരു വൈറസ് ആണ്. ഈ വൈറസ് ഒരാളെ ബാധിച്ചു എന്ന് വിചാരിക്കുക. വൈറസ് അയാളുടെ ഉള്ളിൽ ഉണ്ട്. ഈ അവസ്ഥയെ ആണ് പാപ സ്വഭാവം എന്ന് പറയുന്നത്. ഈ വൈറസ് ഉള്ളവർ ചില ലക്ഷണങ്ങൾ കാണിക്കും. അത് ആണ് പെരുകുന്ന, എണ്ണാവുന്ന പാപ പ്രവൃത്തികൾ, അല്ലെങ്കിൽ ലംഘനങ്ങൾ. ഇത് വർധിക്കുന്നതിനു കാരണം ഉള്ളിൽ ഉള്ള വൈറസ് ആണ്. അത് പോലെ തന്നെ, നമുക്ക് ഒരു പാപസ്വഭാവം ഉണ്ടായിരുന്നത് കൊണ്ടാണ് നാം ലംഘനങ്ങൾ ചെയ്തത്. അത് പാപം എന്ന വൈറസിന്റെ ലക്ഷണങ്ങൾ ആണ്. ലക്ഷണങ്ങൾ പെരുകുമ്പോൾ നമുക്ക് ആ വൈറസിന്റെ തീവ്രത അറിയാൻ പറ്റുന്നതുപോലെ, നമ്മുടെ ഉള്ളിൽ ഉള്ള പഴയ സ്വഭാവം എത്ര അപകടകരം എന്ന് നമുക്ക് വെളിപ്പെട്ടു കിട്ടുന്നത് ന്യായപ്രമാണം പാപപ്രവൃത്തികളെ എണ്ണുന്നത് കൊണ്ടാണ്. അതാണ് നമ്മെ തകർക്കുന്നത്, കൃപയ്ക്കായി നിലവിളിക്കുമാറാക്കുന്നത്, അതുകൊണ്ട് ന്യായപ്രമാണം ലംഘനങ്ങളെ പെരുക്കി കാണിക്കുകയും നമ്മെ നിലവിളിപ്പിക്കുകയും ചെയ്തത് ദൈവത്തിന്റെ കൃപയ്ക്കു കാരണമായി തീർന്നു എന്ന് നാം ഈ വാക്യങ്ങളിൽ കാണുന്നു. എന്തുകൊണ്ട് പ്രമാണത്തിനു ലംഘനങ്ങളെ പെരുപ്പിച്ചു കാണിക്കേണ്ടി വന്നു? കാരണം ലക്ഷണങ്ങൾ ഇല്ലാത്ത രോഗവ്യാപനം വളരെ അപകടകരം ആണ്. ലക്ഷണങ്ങൾ ആണ് നമ്മെ സഹായത്തിനായി നിലവിളിപ്പിക്കുന്നത്. അതുകൊണ്ട് ദൈവത്തിന്റെ ന്യായപ്രമാണം പാപങ്ങൾ ൃ കാണി ച്ചു തരുമ്പോൾ നമ്മുടെ നിസ്സഹായാവസ്ഥ നമുക്ക് മനസ്സിലാവുകയും ക്രിസ്തുവിന്റെ രക്ഷയിലേക്കു നമ്മെ ശിക്ഷിച്ചു നടത്തുന്ന ദൈവകൃപ നമുക്ക് വെളിപ്പെടുകയും ചെയ്യുന്നു. •




## സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട...

പൊതു ജനതാൽപ്പര്യാർത്ഥം പ്രസിദ്ധീകരിക്കുന്നത്

**ശാരീരിക അകലം പാലിക്കാം ...**
**കരുതൽ സൂക്ഷിക്കാം....**

**ക്വാറന്റൈനിൽ കഴിയുന്നവർ അടുത്ത് താമസിക്കുന്നതിൽ ആശങ്ക വേണ്ട!**

**കോവിഡ് പ്രതിരോധത്തിന്റെ ഏറ്റവും വലിയ ആയുധമാണ് ഹോം ക്വാറന്റൈൻ**

**കൈകൾ കഴുകാം... മാസ്ക് ധരിക്കാം...**
**ശാരീരിക അകലം പാലിക്കാം....**

# സാക്ഷികളുടെ സമൂഹം

**ഡേവിഡ് വിൽക്കേഴ്സൺ**

ഹെബ്രായർ 12.1 ൽ പറയുന്നു, മഹത്വത്തിൽ ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്ന സാക്ഷികളുടെ സാന്നിധ്യത്തിൽ ഈ ഭൂതലം മുഴുവൻ ഇപ്പോൾ വലയം ചെയ്യപ്പെട്ടിരിക്കുന്നു എന്ന്. ഈ സാക്ഷികളുടെ സമൂഹത്തിന് ഇന്നത്തെ ലോകത്തോട് പറയുവാനുള്ളതെന്താണ്? ഇന്നത്തെ ലോകമെന്നു പറയുമ്പോൾ നാം ജീവിക്കുന്നത് നോഹയുടെ കാലത്തെക്കാൾ മലിനമായ ഒരു കാലത്താണ്. ഇത്തരം ഒരു തലമുറയോട് ഈ സാക്ഷികളുടെ സമൂഹം എന്തായിരിക്കും പറയുക?

നാം ജീവിക്കുന്ന കാലം വലിയ സാമ്പത്തിക ഉയർച്ചയുടെയും ഫലസമൃദ്ധിയുടെയും കാലമാണ്. ഈ ഭൗതിക ഉയർച്ചയോടൊപ്പം നമ്മുടെ സമൂഹം അധാർമികതയിലും, അക്രമവാസനയിലും, ദൈവനിഷേധത്തിലും മുതിർന്നു വന്നിരിക്കുന്നു. ഈ തകർച്ചയെക്കുറിച്ചു ആത്മികരായ ആളുകൾ മാത്രമല്ല ലോകത്തിലെ ചിന്തകന്മാരും ഇതേരീതിയിൽ അഭിപ്രായങ്ങൾ പറയുന്നു. ഇത്തരം ഒരു സമൂഹത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി എന്തേ താമസിക്കുന്നു എന്നാണ് ഭക്തന്മാരുടെ സംശയം. ദൈവഭക്തരായ നാം സ്വാഭാവികമായും ചിന്തിക്കും, എന്തുകൊണ്ടാണ് ദൈവം ഈ വഷളത്വങ്ങൾ ഇത്രത്തോളം അനുവദിക്കുന്നത് എന്ന്. എന്നാൽ മേൽ വിവരിച്ച സാക്ഷികളുടെ സമൂഹമുണ്ടല്ലോ അവർക്ക് അത്തരമൊരു സന്ദേഹം ഉണ്ടാകാൻ സാധ്യതയില്ല. അവർക്ക് ദൈവത്തിന്റെ കരുണയുടെ ആഴവും സഹനത്തിന്റെ വിശാലതയും നന്നായി അറിയാം. അവർ അത് അനുഭവിച്ചറിഞ്ഞവരായിരുന്നല്ലോ.

ആ സാക്ഷികളുടെ സമൂഹത്തിലെ ഒരാളായ അപ്പോസ്തലനായ പൗലോസ് ദൈവത്തിന്റെ അളവറ്റ സ്നേഹത്തിനു സാക്ഷ്യം പറയും."ആ പാപികളിൽ ഞാൻ ഒന്നാമൻ" എന്നു സ്വയം വിശേഷിപ്പിച്ച പൗലോസ് തന്നോടു ദൈവം കാണിച്ച കരുണയുടെ ആഴം രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. താൻ കർത്താവിന്റെ നാമത്തെ ദുഷിച്ചവനായിരുന്നു, താൻ ഒരു ഭീകരനായിരുന്നു, ദൈവജനത്തോട് അതിക്രമം കാട്ടിയവനായിരുന്നു, അവരെ പീഡിപ്പിക്കയും വലിച്ചിഴച്ച് കാരാഗൃഹത്തിലടയ്ക്കുകയും കൊല്ലിക്കയും വരെ ചെയ്തവനായിരുന്നു.സാക്ഷികളുടെ സമൂഹത്തിൽ നിന്നു പൗലോസ് വിളിച്ചു പറയും, ഈ തലമുറയിലെ ജനത്തിനിടയിലും എന്നെപ്പോലെ അറിവില്ലാതെ അകൃത്യം ചെയ്യുന്നവരുണ്ട്, ദൈവത്തിന്റെ ദീർഘക്ഷമ അവർക്കാവശ്യമാണ്.

അപ്പോസ്തലനായ പത്രോസും ഉണ്ട് സാക്ഷികളുടെ സമൂഹത്തിൽ. തനിക്കും മനസ്സിലാകും ദൈവം എന്തുകൊണ്ടാണ് ഈ ജനത്തെ സഹിക്കുന്നത് എന്ന്. പത്രോസ് എഴുതിയിരിക്കുന്നത് വായിച്ചാൽ കാണാം താൻ കർത്താവിനെ തള്ളിപ്പറഞ്ഞവനായിരുന്നുവെന്ന കാര്യം. ഞാൻ അവനെ ഒരു നാളും അറിഞ്ഞിട്ടില്ലെന്ന് പത്രോസ് ആണയിട്ടു പറഞ്ഞതല്ലേ. തന്നെപ്പോലെ അബദ്ധം പിണഞ്ഞ് കർത്താവിനെ തള്ളിപ്പറയുന്ന വലിയൊരു കൂട്ടം ഉണ്ടെന്നത് പത്രോസിനു മനസ്സിലാകും. പത്രോസിനെ തള്ളിക്കളയാതെ അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും നയിച്ച കർത്താവ് ഈ തലമുറയോടും അങ്ങനെ ചെയ്യുന്നത് സ്വാഭാവികം. അങ്ങനെയുള്ള അനേകർക്കുവേണ്ടി യേശു കർത്താവ് ഇന്നും മധ്യസ്ഥത അണയ്ക്കുന്നുണ്ട്.

അതോടൊപ്പം ഞാൻ മറ്റു പലരേയും ഈ സാക്ഷികളുടെ മഹാ സമൂഹത്തിൽ കാണുന്നുണ്ട്: മദ്യത്തിനും മയക്കുമരുന്നിനും ദുർവൃത്തികൾക്കും അടിമകളായിരുന്ന ശേഷം മാനസാന്തരപ്പെട്ടു ദൈവമക്കളായിത്തീരുകയും വിശുദ്ധരായി ജീവിച്ചു മരിക്കയും ചെയ്തവർ, കൂടാതെ കുടുംബത്തിൽ കലഹം ഉണ്ടാക്കിയിരുന്നവർ, കുലപാതകികൾ, കൊള്ളക്കാർ, പിടിച്ചുപറിക്കാർ, വേശ്യകൾ, കൈക്കൂലിക്കാർ, ചതിയന്മാർ ഒക്കെയായി സമൂഹം ദോഷികൾ എന്ന് മുദ്രകുത്തിയിരുന്നവർ; അത് അവരുടെ എല്ലാവരുടെയും ഭൂതകാലാനുഭവം. അവർ അനുതപിച്ച് യേശുവിനെ രക്ഷിതാവായി അംഗീകരിച്ചതിനാൽ കർത്താവിന്റെ കരങ്ങളിലേക്ക് മരണത്തിലൂടെ ചേർക്കപ്പെട്ടവരാണവർ. ഇപ്പോളവർ സാക്ഷികളാണ്, സ്വർഗസ്ഥ പിതാവിന്റെ കരുണയുടെയും ദീർഘക്ഷമയുടെയും സാക്ഷികൾ.

സാക്ഷികളുടെ സമൂഹത്തിലുള്ള എല്ലാവരും ഒരേ സ്വരത്തിൽ ഇങ്ങനെ പറയും എന്നാണ് എന്റെ വിശ്വാസം, ' യേശുവിന്റെ കരുണ കൈപ്പറ്റുന്നതിനു മുമ്പേ യേശു ഞങ്ങളെ വിധിച്ചു തള്ളിയില്ല'. ഇന്നും ദൈവം ഈ ഭ്രാന്തുപിടിച്ച ദുഷ്ട ലോകത്തെ സ്നേഹിക്കുന്നു. അവ്വിധം ഈ ലോകത്തെ സ്നേഹിച്ച് അതിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കാൻ നമ്മെക്കുറിച്ചും ദൈവം ആഗ്രഹിക്കുന്നു. •





എൽസി ജോയ്

# സ്ത്രീ - മകൾ എന്ന നിലയിൽ

ദൈവം നമുക്ക് വ്യത്യസ്ത ബന്ധങ്ങൾ നൽകിയിട്ടുണ്ട്. സ്നേഹം അനുഭവിക്കുന്നത് ബന്ധങ്ങളിൽ കൂടിയും ബന്ധം നിലനിൽക്കുന്നത് സ്നേഹിക്കുന്നതിനാലുമാണ്. മകൾ എന്ന നിലയിൽ മാതാപിതാക്കളോടുള്ള ബന്ധം വളരെ മനോഹരമാണ്. നാം ഓരൊരുത്തരും ഏറ്റവും അധികം ഓമനിക്കപ്പെട്ടിട്ടുള്ളത് നമ്മുടെ മാതാപിതാക്കളാൽ ആണ്. നമ്മുടെ വളർച്ചയിൽ നമുക്ക് ഏറ്റവും അധികം കടപ്പാടുള്ളതും ഭൂമിയിൽ അവരോടാണ്. നമ്മുടെ സുഖത്തിൽ സന്തോഷിക്കുന്നവരും ദു:ഖത്തിൽ ഓടി എത്തുന്നവരും, നമുക്കായി മനമുരുകി പ്രാർഥിക്കുന്നവരും അവർ തന്നെ. നമ്മുടെ മാതാപിതാക്കൾക്കായി നമുക്ക് ദൈവത്തെ സ്തുതിക്കാം.

**ചിലർ മാതാപിതാക്കളോടുള്ള ബന്ധത്തിൽ ഒരു തരം നിസംഗത പുലർത്തുന്നവരാണ്. സ്നേഹം ഉണ്ടോ എന്ന് ചോദിച്ചാൽ ഉണ്ട്. എന്നാൽ അവരെ ശുശ്രൂഷിക്കുന്നതിൽ വലിയ ശ്രദ്ധ ഒന്നും ഇല്ല. ഒരു യാന്ത്രികബന്ധം മാത്രമാണ് അവർക്കുള്ളത്. മാതാപിതാക്കളെ അവർ ഗൗരവമായി എടുത്തിട്ടില്ല.**

മാതാപിതാക്കന്മാരോടുള്ള നമ്മുടെ കടപ്പാടുകളെക്കുറിച്ച് നാം ഓരോരുത്തരും ബോധവാന്മാരാണ് എന്നറിയാം. എങ്കിലും നാം അത് ഓർമ്മിക്കുവാൻ ശ്രമിക്കുന്നത് നല്ലതായിരിക്കും എന്ന് ഞാൻ ചിന്തിക്കുന്നു. ഭർത്താവിന്റെ മാതാപിതാക്കളേയും സ്വന്തം മാതാപിതാക്കളായിത്തന്നെയാണല്ലൊ നാം കരുതുന്നത്. അതിനാൽ ഈ ചിന്തകൾ നമ്മുടെ ഉത്തരവാദിത്വം ഉത്സുകതയോടെ ചെയ്യുന്നതിന് നമുക്ക് പ്രചോദനമാകട്ടെ.

**1) മാതാപിതാക്കളെക്കുറിച്ച് അഭിമാനമുള്ളവരായിരിക്കുക**

ദൈവം നമുക്ക് നൽകിയ മാതാപിതാക്കൾ ദൈവത്തിന്റെ ദാനവും തിരഞ്ഞെടുപ്പുമാണ്. അതിനാൽ നമുക്ക് ഏറ്റവും നല്ലതുതന്നെയാണ് നൽകിയിരിക്കുന്നത്. മനുഷ്യരെന്ന നിലയിൽ അവർക്കുള്ള പരിധിയിൽ, നമ്മെ സ്നേഹിക്കുവാനും ഏറ്റവും നല്ലത് കരുതുവാനും അവർക്ക് കഴിഞ്ഞു. നമ്മെ വളർത്തി വലുതാക്കുന്നതിന് അവർ അദ്ധ്വാനിച്ചു, പ്രാർഥിച്ചു. നമ്മുടെ ഭാവിയുടെ സുരക്ഷയ്ക്കായി ചിന്തിക്കുകയും നമ്മെ ഉപദേശിക്കുകയും ചെയ്തു. പഠനത്തിന്റെ ഭാരം നമുക്കൊപ്പം അവർ വഹിച്ചു, രോഗത്തിൽ നമ്മെ ശുശ്രൂഷിച്ചു, അവർ എപ്പോഴും നമുക്കൊപ്പം ഉണ്ടായിരുന്നു. അവർ അവരുടെ കടമകളാണ് നിറവേറ്റിയത്. അതിന് നാം ദൈവത്തോട് നന്ദിയുള്ളവരും അവരിൽ അഭിമാനിക്കുന്നവരും ആയിരിക്കണം.

നല്ല വിദ്യാഭ്യാസവും അതിന് തക്ക ജോലിയും തൽഫലമായി ഉയർന്ന സാമ്പത്തിക നിലവാരത്തിൽ എത്തുകയും ചെയ്യുമ്പോൾ മാതാപിതാക്കളെ പുച്ഛിക്കുന്ന പ്രവണത ചിലരിൽ നിങ്ങൾ കണ്ടിട്ടുണ്ടാകാം. ഇത് നന്ദികേടിന്റേയും അഹങ്കാരത്തിന്റെയും മുഖമാണ്. ഇത് നമുക്ക് യോഗ്യമല്ല. മറിച്ച് അവരുടെ പ്രാർഥനയും നമുക്കായി അദ്ധ്വാനിച്ചതിനെയും കൃതജ്ഞതാപൂർവ്വം ഓർക്കുകയും അവർക്കായി ദൈവത്തിന് നന്ദി പറയുകയുമാണ് വേണ്ടത്. അപ്പോൾ അവരെക്കുറിച്ചുള്ള അഭി

മാനം നമ്മിൽ നിറയും. ഈ മനോഭാവത്തിൽ മാത്രമേ വാർദ്ധക്യത്തിൽ ആയിരിക്കുന്നവരെ ശരിയായ നിലയിൽ ശുശ്രൂഷിക്കുവാൻ നമുക്ക് കഴിയുകയുള്ളൂ. ചിലർ മാതാപിതാക്കളോടുള്ള ബന്ധത്തിൽ ഒരു തരം നിസംഗത പുലർത്തുന്നവരാണ്. സ്നേഹം ഉണ്ടോ എന്ന് ചോദിച്ചാൽ ഉണ്ട്. എന്നാൽ അവരെ ശുശ്രൂഷിക്കുന്നതിൽ വലിയ ശ്രദ്ധ ഒന്നും ഇല്ല. ഒരു യാന്ത്രിക ബന്ധം മാത്രമാണ് അവർക്കുള്ളത്. മാതാപിതാക്കളെ അവർ ഗൗരവമായി എടുത്തിട്ടില്ല. എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു എന്നത് ചോദ്യമായി നില്ക്കുന്നു. ഇതിന് മാറ്റം ഉണ്ടാകണമെങ്കിൽ ഈ വിഷയത്തിൽ സ്വയം ബോധമുള്ളവരാകുക എന്നതാണാവശ്യം. നമ്മുടെ മാതാപിതാക്കളെ പരിചരിക്കുന്നതിൽ നാം നമ്മുടെ മക്കൾക്ക് മാതൃക കാണിക്കണം. അവരെ അത് പരിചയിപ്പിക്കുകയും വേണം.

മാതാപിതാക്കൾ മക്കൾക്ക് നൽകുന്ന നിസീമ സ്നേഹം, അവരെ മനസിലാക്കി ഇടപെടുവാൻ കഴിയുന്നത്, അവരോടൊപ്പം സമയം കാര്യക്ഷമമായി പങ്കിടുന്നത്, സമയാസമയങ്ങളിൽ കൊടുക്കേണ്ട ഉപദേശങ്ങൾ നൽകുന്നത്, എല്ലാറ്റിനും ഉപരി ദൈവഭക്തരായി മാതൃക കാണിച്ച് ദൈവഭക്തിയിൽ അവരെ വളർത്തുന്നതാണ്, മക്കൾ വളരുമ്പോൾ അവരിൽ മാതാപിതാക്കളെക്കുറിച്ചുള്ള അഭിമാനം നിലനിർത്തുന്നത്.

**2) മാതാപിതാക്കളെ ബഹുമാനിക്കുക**

മാതാപിതാക്കളെക്കുറിച്ചുള്ള അഭിമാനം നമ്മുടെ ഉള്ളിൽ ഉണ്ടെങ്കിൽ അത് ബഹുമാനമായി പുറത്ത് വെളിപ്പെടും. ബഹുമാനത്തിൽ നിന്നാണ് അവരോടുള്ള വിധേയത്വം, അനുസരണം ഒക്കെ വെളിവാകേണ്ടത്. "നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസോടിരിപ്പാനും നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടു കൂടിയ ആദ്യകല്പന ആകുന്നു" (എഫേ 6: 2, 3). നന്മയുടെയും ദീർഘായുസിന്റെയും അടിസ്ഥാനം മാതാപിതാക്കളോടുള്ള ബഹുമാനമാണ്. അതിനാൽ നമുക്ക് ജന്മം തന്ന മാതാപിതാക്കൾ ഏറെ വിലമതിക്കപ്പെടേണ്ടതാണ്. ഇത് ദൈവം തന്നെ വെച്ചിരിക്കുന്ന ഒരു നിയമമാണ്. ഇത് നഷ്ടപ്പെട്ടാൽ കുടുംബത്തിന്റെ ഭദ്രത തന്നെ നഷ്ടപ്പെടുന്നു. സമൂഹത്തിനും അത് ക്ഷത മേല്പിക്കുന്നു.

വാർദ്ധക്യത്തിൽ മാതാപിതാക്കൾ തഴയപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തണം. അവർക്ക് ഇഷ്ടമുള്ള ആഹാരം കൊടുക്കുന്നതിൽ ശ്രദ്ധ വേണം. കുട്ടികൾക്കുള്ളതു പോലുള്ള നിർബന്ധ സ്വഭാവം അവരിൽ കണ്ടു എന്ന് വരാം. നാം കുട്ടികൾ ആയിരുന്നപ്പോൾ നമുക്കായി എത്ര ക്ഷമയുള്ളവരായിരുന്നു അവർ എന്ന് ബോധപൂർവ്വം ചിന്തിക്കുമ്പോൾ പരിചരണത്തിൽ ഒരു മടുപ്പ് ഉണ്ടാകുകയില്ല. വാർദ്ധക്യത്തിൽ നാം അവരെ ബഹുമാനിക്കുന്നു എന്ന് ഉറപ്പ് വരുത്തണം.

മാതാപിതാക്കളോടുള്ള സംസാരത്തിൽ നാം ക്ഷമയുള്ളവരും വാത്സല്യം ഉള്ളവരും ആയിരിക്കണം. ശബ്ദം ഉയർത്തി സംസാരിക്കാതിരിക്കുക. കാര്യങ്ങൾ ക്ഷമയോടെ വിശദീകരിച്ച് കൊടുക്കുക. അവർ പറയുന്നതിനെ ശ്രദ്ധാപൂർവ്വം കേൾക്കുക. അവരുടെ ചിന്തകളും ആശയങ്ങളും മനസിലാക്കുവാൻ ശ്രമിക്കുക. അവർ പറയുന്നതിനെ ഖണ്ഡിച്ച് സംസാരിക്കുവാൻ തുനിയരുത്. അവരുമായി വാദപ്രതിവാദത്തിനും ഒരുങ്ങരുത്. അവരോടുള്ള വിധേയത്വം കാത്ത് സൂക്ഷിക്കുക. അങ്ങനെ അവരെ ബഹുമാനിക്കുന്നത് അനുഗ്രഹകാരണമാണ്.

സമയമാണ് ഏറ്റവും വലിയ ധനം. എന്നാൽ പങ്കിടാൻ കഴിയാത്തതായി അത് മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ മാതാപിതാക്കൾക്കൊപ്പം ഇരിക്കുവാനും അവരുമായി സംസാരിക്കുവാനും ഒക്കെ നാം സമയം കണ്ടെത്തണം. വാർദ്ധക്യത്തിൽ അവർ ഏകാന്തത അനുഭവിക്കരുത്. ജോലിക്കായി വീട്ടിൽ നിന്നും അകന്ന് കഴിയുന്നവർക്കുള്ള പരിമിതികൾ മനസ്സിലാക്കുന്നു. അവധിക്കു വരുമ്പോൾ അധിക സമയം അവരോടൊപ്പം ആയിരിക്കുവാൻ ശ്രദ്ധിക്കുക. അവരോടൊപ്പം ഒരുമിച്ച് പ്രാർഥിക്കണം. ദൈവ വചനം പങ്കിടണം. ആത്മീകമായും അവർ ധന്യരായിരിക്കുന്നതിൽ നാം ശ്രദ്ധിക്കണം. നിത്യതയുടെ പ്രത്യാശ നമ്മിലും അവരിലും ഒരുപോലെ നിറഞ്ഞിരിക്കട്ടെ.

**3) മാതാപിതാക്കളെ സംരക്ഷിക്കുക**

ശരീരം ക്ഷീണിക്കുമ്പോൾ മനസ്സും ക്ഷീണിക്കും എന്നത് ഒരു വാസ്തവമാണ്. അപ്പോൾ മറ്റുള്ളവരുടെ സഹായം കൊതിക്കും. പക്ഷെ മക്കൾ കൂടെയുണ്ടെന്നുള്ള ചിന്ത അവർക്ക് വളരെ ബലം നൽകുന്നതാണ്. മനസ്സ് സന്തോഷമായിരിക്കുമ്പോൾ ശരീരത്തിലും അവർ കൂടുതൽ ആരോഗ്യം അനുഭവിക്കും. മക്കളുടെ സാന്നിദ്ധ്യവും, വാത്സല്യപൂർവ്വമുള്ള ഇടപെടലും അവരോടുള്ള കരുതലുമാണ് അവരുടെ സന്തോഷത്തിന് നിധാനം.

വീട്ടിൽ അവർക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്ക


ശേഷം പേജ് 24 ▶

# കോവിഡ് 19 എന്ന മഹാമാരി

പുതുവർഷത്തിലേക്കു പ്രവേശിച്ചപ്പോൾ ആരും പ്രതീക്ഷിച്ചില്ല, ലോകത്തെ ആകമാനം ബാധിക്കുന്ന ഇത്തരം ഒരു വൈറസ് പടിവാതിലിൽ പതിയിരിപ്പുണ്ടെന്ന്. എന്നാൽ വചനം അറിയാവുന്ന, കാലഘട്ടത്തിന്റെ പ്രത്യേകതകളെ വിലയിരുത്തുന്ന ഏവരും ഒരുപോലെ പറയും ഇത്തരം സംഭവങ്ങളുടെ ആവർത്തനം ഇനിയും ഉണ്ടാകുമെന്ന്. മനുഷ്യർ സമാധാനം സമാധാനം എന്നു പറയുമ്പോൾ പെട്ടെന്നു ഗർഭിണിക്കു പ്രസവവേദന ഉണ്ടാകുന്നതുപോലെയായിരിക്കും നാശം വന്നു ഭവിക്കുന്നത്. ഭയപ്പെടുത്തുകയല്ല ഉദ്ദ്യേശം, മറിച്ച് കരുതലോടെ ജീവിക്കയും പ്രത്യാശയോടെ വചനത്തിലുറയ്ക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുകയാണ്.

ഇതിനേക്കാൾ മാരകമായ ഒട്ടുവളരെ രോഗങ്ങൾ ആഗോള വ്യാപകമായി നിലവിലുണ്ട് എന്നാൽ മിക്കവയ്ക്കും പ്രധിവിധികളും നിലവിലുണ്ട് എന്ന ആശ്വാസമാണുള്ളത്. ഈ വൈറസ് രോഗത്തിന് പ്രതിവിധിയുമില്ല, പ്രതിരോധ മരുന്നുകളുമില്ല, അതു വേഗത്തിൽ മറ്റുള്ളവരിലേക്കു പകരുകയും ചെയ്യും എന്നതാണ് കോവിഡ് 19 നെ ഭയാനകമാക്കുന്നത്. എയ്ഡ്സ് ഇതിനേക്കാൾ മാരകവും പ്രതിവിധി കണ്ടെത്തിയിട്ടില്ലാത്ത രോഗവുമാണെങ്കിലും അതു സ്വാഭാവികമായി പടരുകയില്ല എന്നതിനാൽ ഇത്രത്തോളം ഭീതിദമല്ല.

ഏതു പ്രതിസന്ധികളെയും പ്രാർഥനയോടെ നേരിടുക എന്നതു നമ്മുടെ മാർഗമാണ്. നമ്മുടെയും നമ്മുടെ ദേശത്തിന്റെ വിടുതലിനും സുരക്ഷിതത്വത്തിനുമായി ആത്മാർഥമായി നാം പ്രാർഥിക്കുക. വിശ്വാസവീടുകളിലൊന്നും പകർച്ചവ്യാധികൾ വരില്ല എന്ന ധാരണ തെറ്റാണ്. ഗോശെൻദേശത്തു പാർത്തവരും പെസഹാക്കുഞ്ഞാടിന്റെ രക്തം കട്ടിളക്കാലിന്മേലും കുറുമ്പടിമേലും പുരട്ടിയവരുമായ യിസ്രായേല്യ കുടുംബങ്ങളെ സംഹാരദൂതൻ കടന്നുപോയി എന്നതിനെ സാർവ്വത്രിക പ്രമാണമാക്കുന്നതിൽ അർഥമില്ല. സോഷ്യൽ മീഡിയയിലൂടെ ഈ അർത്ഥത്തിൽ ചിത്രങ്ങളോടുകൂടെയുള്ള പ്രചാരണങ്ങൾ കാണാറുണ്ട്. സാംക്രമിക രോഗങ്ങളിൽ നിന്നും വിടുതൽ നേടാൻ രക്തം തളിക്കുക എന്ന പ്രമാണം ദൈവം ഇസ്രായേലിനു നല്കിയില്ല, നമുക്കും തന്നിട്ടില്ല. അല്ലെങ്കിൽത്തന്നെ ഈ മാരകരോഗങ്ങളെ ദൈവം അയച്ച ദൂതന്മാരായി കാണാൻ സാധ്യമാണോ? രക്തം അടയാളമായിരിക്കേണ്ട വീടുകളെ ഒഴിഞ്ഞുപോയ സംഹാരദൂതൻ പിശാചിന്റെ ദൂതനായിരുന്നില്ല, ദൈവദൂതനായിരുന്നു. ഈ വൈറസ് വ്യാപിക്കുന്നതു തടയുക എന്നതിലാണ് ഇപ്പോൾ ആരോഗ്യ കേന്ദ്രങ്ങളുടെ ശ്രദ്ധ. നിരപരാധികൾ രോഗികളാകാതിരിക്കണമെങ്കിൽ നിലവിൽ രോഗബാധിതരായവരും അവരുമായി സമ്പർക്കം പുലർത്തിയവരും സ്വയം സൂക്ഷിക്കുകയും നിയന്ത്രണങ്ങൾക്കു വിധേയപ്പെടുകയും ചെയ്യേണ്ടതുണ്ട്. ആരോഗ്യമന്ത്രാലയവും മറ്റ് ഉത്തരവാദിത്തപ്പെട്ട ഔദ്യോഗിക ഏജൻസികളും പുറപ്പെടുവിക്കുന്ന മുൻകരുതലുകളും പ്രതിരോധ നടപടികളും ഏവരും അനുസരിക്കേണ്ടതുണ്ട്. തല്ക്കാലം ബുദ്ധിമുട്ട് എന്നു തോന്നിയാലും ദൂരവ്യാപകമായ ദുരന്തങ്ങൾ ഒഴിവാക്കാൻ നാം സഹകരിച്ചേ പറ്റൂ. ന്യായപ്രമാണ കാലഘട്ടത്തിലെ യിസ്രായേൽ മക്കൾക്ക് ചില സാംക്രമിക രോഗങ്ങൾ പിടിപെട്ടാൽ പുരോഹിതൻ നിർദ്ദേശിക്കുന്നതുപോലെ വേറിട്ടു പാർക്കയും പാളയത്തിനു പുറത്തു പാർക്കയും ഒക്കെ വേണമായിരുന്നില്ലേ? വിശുദ്ധിയുടെ മാനദണ്ഡത്തിലും അപ്പോൾത്തന്നെ മറ്റുള്ളവർക്ക് രോഗം പകരുന്നതു തടയുന്നതിനുമൊക്കെയായിരുന്നു ആ നിബന്ധകൾ.നമ്മുടെ വിശ്വാസത്തെയും അടിസ്ഥാന പ്രമാണങ്ങളെയും കൈവിടാൻ നമുക്കു കഴിയുകയില്ല.



എന്നാൽ പരിചയിച്ചുപോന്ന എല്ലാ നടപടികളും ഉപദേശപ്രാധാന്യം ഉള്ളതായിരിക്കണമെന്നില്ല, അവയുടെ പേരിൽ നാം ധാർഷ്ട്യം കാണിക്കുന്നതിൽ അർഥമില്ല. ഇന്ന് യാത്രാസൗകര്യങ്ങളും സഞ്ചാരോപാധികളും സുലഭമായതിനാൽ ആഗോളവ്യാപകമായി മനുഷ്യർ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ജോലിക്കായും, വിദ്യാഭ്യാസത്തിനായും, ബിസിനസ്സ് ആവശ്യങ്ങൾക്കായും മറ്റും എത്രയോ ലക്ഷം ആളുകളാണ് ഒരോ ദിവസവും സ്വദേശത്തും വിദേശത്തേക്കുമൊക്കെ സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്. മനുഷ്യരിൽനിന്നും മനുഷ്യരിലേക്കു പകരുന്ന രോഗമായതിനാൽ രാജ്യങ്ങളുടെ അതിർത്തികടന്നു രോഗം സർവ്വത്ര വ്യാപിക്കാൻ നിലവിലുള്ള ഈ സാഹചര്യം ധാരാളം മതി. അതിനാലാണല്ലോ ചൈനയിലെ ഏതോ ഒരു വ്യക്തിയിൽ ആരംഭിച്ച ഈ രോഗം ഇന്ന് ഭൂഖണ്ഡങ്ങളുടെ അതിരുകളെ ഭേദിച്ചത്. ആഗോളഭീഷണിയായി മാറിയ ചില ഭീകര പ്രസ്ഥാനങ്ങളുടെ വളർച്ചയും വ്യാപനവും ഏതാണ്ട് ഇതുപോലെയായിരുന്നല്ലോ. ചില കുത്സിതമനസ്സുകളിൽ രൂപമെടുത്ത നശീകരണാശയം മനുഷ്യരിൽ നിന്നും മനുഷ്യരിലേക്കു വ്യാപരിച്ചപ്പോൾ അതു ആഗോള ഭീകരപ്രസ്ഥാനങ്ങളുടെ പിറവിയാകുകയായിരുന്നു.

തിന്മയ്ക്കു മാത്രമല്ല നന്മയ്ക്കും വളരാൻ ഈ ഉപാധി സ്വീകരിക്കാമെങ്കിലുംവളർച്ച പലപ്പോഴും മന്ദഗതിയിലായിരിക്കും. ലോകത്തിന്റെ രക്ഷയ്ക്കും മനുഷ്യന്റെ വീണ്ടെടുപ്പിനും ഉപാധിയായ സുവിശേഷത്തിന്റെ വ്യാപനം ഭൂലോകത്തിന്റെ അറ്റത്തോളം സംഭവിക്കുവാൻ യേശുകർത്താവ് നിർദേശിച്ച മാർഗവും വ്യക്തികൾ സുവിശേഷത്തിനു സാക്ഷികളാകുക എന്നതായിരുന്നു. വ്യക്തിയിൽനിന്നും വ്യക്തികളിലേക്കും ദേശത്തുനിന്നും അന്യദേശങ്ങളിലേക്കും വ്യാപരിച്ചതാണല്ലോ ആഗോള സുവിശേഷികരണം ഇന്നത്തെ നിലയിലെങ്കിലും സാധ്യമായത്. അതിനെപ്രതിരോധിക്കാൻ അന്നും ഇന്നും എന്നും ഈ ലോകത്തിന്റെ ശക്തികളും പാതാളഗോപുര ശക്തികളും പരിശ്രമിക്കുന്നു. സുവിശേഷത്തിന്റെ പിന്നിലുള്ള ദൈവശക്തിയാണ് പ്രതികൂലങ്ങളെ അതിജീവിക്കാൻ സുവിശേഷകർക്കു ശക്തി പകരുന്നത്. ഈ അന്ധകാരലോകത്തിന്റെ ശക്തികളും, ഇരുളിന്റെ വ്യാപാരശക്തിയും, മാരകരോഗങ്ങളുടെ അണുക്കളും എല്ലാം വ്യാപരിക്കുന്ന ഈ ലോകത്തെ സംശുദ്ധമാക്കുന്നതു സുവിശേഷവും ദൈവമക്കളും, അവർ നിമിത്തമുള്ള ദൈവസാന്നിധ്യവുമാണ്. ദൈവസഭയുടെ സാന്നിധ്യം ഇവിടെനിന്നു മാറുവാനുള്ള സമയം സമാഗതമായി എന്നു നാം തിരിച്ചറിയുന്നു. അതിനുശേഷമുള്ള ഈ ലോകം എത്ര മടങ്ങ് കഷ്ടസമ്പൂർണ്ണമായിരിക്കും എന്നത് അറിയണമെങ്കിൽ വെളിപ്പാടു പുസ്തകം പഠിച്ചു മനസ്സിലാക്കണം. അന്നു സംഭവിക്കാനിരിക്കുന്നവയുടെ സൂചനകളായി നമുക്ക് ഇന്നത്തെ കഷ്ടങ്ങളെ കരുതാവുന്നതാണ്. ■

## 22 ▶ സ്ത്രീ – മകൾ എന്ന നിലയിൽ

ണം. ചിലർ അമിതമായി മാതാപിതാക്കളെ നിയന്ത്രിക്കുന്നതായി കാണാറുണ്ട്. ഇത് അവരുടെ ജീവിതത്തെ ദുരിതപ്പെടുത്തും. ഒന്നുകിൽ അവർ പ്രതികരിച്ച് കോപിക്കുന്നവരും, കുറ്റം പറയുന്നവരും, ദുശാഠ്യമുള്ളവരും ആകും. അല്ലെങ്കിൽ അവർ മൂകരായിത്തീരും. എന്നാൽ അർഹിക്കുന്ന സ്വാതന്ത്ര്യം അവർ അനുഭവിക്കുമ്പോൾ അവർ പ്രസന്നവദനരായിരിക്കും.

വാർദ്ധക്യത്തിൽ ഭയം വർദ്ധിക്കുന്നു എന്നത് മറ്റൊരു വസ്തുതയാണ്. ശരീരവും മനസും ക്ഷീണിക്കുന്നതാണ് കാരണം. ശരിയായ ധൈര്യം ദൈവസാന്നിദ്ധ്യം അനുഭവിക്കുന്നതിനാലാണ് ലഭിക്കുക. ഒരു ആത്മീക അന്തരീക്ഷം നമ്മുടെ ഭവനത്തിൽ ഉണ്ടായിരിക്കട്ടെ. പ്രാർഥനയും ദൈവവചന ധ്യാനവും നമ്മുടെ ഭവനത്തിൽ മുടങ്ങാതെ ഉണ്ടെങ്കിൽ നമുക്കും അവർക്കും കുട്ടികൾക്കും എല്ലാം ഒരുപോലെ സന്തോഷവും സുരക്ഷിതത്ത ബോധവും വർദ്ധിക്കും. ദൈവ സാന്നിദ്ധ്യത്തിന് പകരം വയ്ക്കുവാൻ മറ്റെന്തുണ്ട്? നമ്മുടെ ജീവിതത്തിന്റെ ഐശ്വര്യം ദൈവ സാന്നിദ്ധ്യം തന്നെയാണ്. ഏകാന്തത അകറ്റുന്നതും ദൈവ സാന്നിദ്ധ്യം തന്നെ.

ശരീര ക്ഷീണം ആത്മീക കൂട്ടായ്മകളിൽ സംബന്ധിക്കുന്നതിന് വിഘ്നം വരുത്തുമ്പോൾ നാം ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അപ്പോൾ അവർക്ക് നമ്മുടെ വീട്ടിൽ തന്നെ ആത്മീക പരിചരണം ലഭിക്കണം. ആത്മീക മാന്ദ്യത ഉണ്ടാകരുത്. നാം ശ്രദ്ധിക്കേണ്ട ഏറ്റവും വലിയ മേഖല അതു തന്നെയാണ്. പിശാച് പ്രവർത്തിക്കുവാൻ ഇടം കൊടുക്കരുത്. പ്രത്യാശയുടെ സമൃദ്ധിയാണ് വാർദ്ധക്യത്തെ സന്തോഷകരമാക്കുന്നത്. ■



# മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

## ദൈവത്തിന്റെ ദൂതൻ; വരുവാനുള്ള ഏലിയാവ്

*"ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയക്കുന്നു; അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും എന്നു എഴുതപ്പെട്ടിരിക്കുന്നവൻ അവൻ തന്നെ. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല; സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. യോഹന്നാൻ സ്നാപകന്റെ നാളുകൾ മുതൽ ഇന്നേ വരെ സ്വർഗ്ഗരാജ്യത്തെ ബലാൽക്കാരം ചെയ്യുന്നു; ബലാൽക്കാരികൾ അതിനെ പിടിച്ചടക്കുന്നു. സകല പ്രവാചകന്മാരും ന്യായപ്രമാണവും യോഹന്നാൻ വരെ പ്രവചിച്ചു. നിങ്ങൾക്കു പരിഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവു അവൻ തന്നെ. കേൾപ്പാൻ ചെവിയുള്ളവർ കേൾക്കട്ടെ. എന്നാൽ ഈ തലമുറയെ ഏതിനോടു ഉപമിക്കേണ്ടു? ചന്തസ്ഥലങ്ങളിൽ ഇരുന്നു ചങ്ങാതികളോടു: ഞങ്ങൾ നിങ്ങൾക്കായി കുഴലൂതി, നിങ്ങൾ നൃത്തം ചെയ്തില്ല; ഞങ്ങൾ വിലാപം പാടി, നിങ്ങൾ മാറത്തടിച്ചില്ല; എന്നു വിളിച്ചുപറയുന്ന കുട്ടികളോടു അതു തുല്യം. യോഹന്നാൻ തിന്നുകയും കുടിക്കയും ചെയ്യാത്തവനായി വന്നു; അവന്നു ഭൂതമുണ്ടെന്നു അവർ പറയുന്നു. മനുഷ്യപുത്രൻ തിന്നും കുടിച്ചും കൊണ്ടു വന്നു; തിന്നിയും കുടിയനുമായ മനുഷ്യൻ; ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്നു അവർ പറയുന്നു; ജ്ഞാനമോ തന്റെ പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടിരിക്കുന്നു (മത്തായി 11 : 10 – 19).*

മലാഖി പ്രവചനത്തിൽ യോഹന്നാൻ സ്നാപകനെക്കുറിച്ചുള്ള പ്രവചനമായ രണ്ടു കാര്യങ്ങൾ യേശു കർത്താവു ഇവിടെ അടിവരയിട്ടു പറയുന്നു. ഒന്ന്: മാലാഖി 3 : 1 –ൽ എഴുതിയിരിക്കുന്നതു എടുത്തു ഉദ്ധരിച്ചുകൊണ്ടു കർത്താവു പറഞ്ഞു, *"ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു..... അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും എന്നു എഴുതപ്പെട്ടിരിക്കുന്നവൻ അവൻ തന്നേ."* രണ്ട്: *"യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പെ ഞാൻ നിങ്ങൾക്കു ഏലിയാപ്രവാചകനെ അയക്കും"* എന്നു മലാഖി 4 : 5 –ൽ പറഞ്ഞിരിക്കുന്ന വാഗ്ദത്തത്തിന്റെ നിവൃത്തി. കർത്താവു പറയുന്നു, "വരുവാനുള്ള ഏലിയാവു അവൻ തന്നെ". "എന്റെ ദൂതൻ" എന്ന പ്രയോഗം ശ്രദ്ധിക്കുക. ദൈവത്തിന്റെ ദൂതൻ എന്നു പറയുമ്പോൾ 'സ്വർഗ്ഗീയ ദൂതൻ' എന്നാണ് ചിലപ്പോൾ ചിന്തിക്കുവാൻ സാധിക്കുക. "ദൂതൻ" എന്നാൽ ദൂതുവാഹി (Messenger) എന്നു മാത്രമാണ് അർത്ഥം. അതിനാൽ ദൈവത്തിന്റെ ദൂതുമായി അയയ്ക്കപ്പെടുന്നവർ ദൈവത്തിന്റെ ദൂതന്മാരാണ്. വെളിപ്പാടു പുസ്തകത്തിൽ കാണുന്ന ഏഴു സഭകളുടെ ദൂതന്മാർ എന്നതും (വെളിപ്പാടു 1: 20) ഈ അർത്ഥത്തിലാണ്. യോഹന്നാൻ ദൈവത്തിന്റെ ദൂതറിയിക്കുന്ന ദൂതനായിരുന്നു. ദൈവത്തിങ്കലേക്കുള്ള മാനസാന്തരം പ്രസംഗിച്ചുകൊണ്ടു ദൈവത്തിന്റെ സന്ദേശം കലർപ്പില്ലാതെ നിർഭയം അറിയിച്ചുകൊണ്ടായിരുന്നു യോഹന്നാൻ കർത്താവിനു വഴി ഒരുക്കിയത്.

"നിങ്ങൾക്കു പരിഗ്രഹിപ്പാൻ (സ്വീകരിപ്പാൻ) മനസ്സുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവു അവൻ തന്നേ" എന്നു കർത്താവു അടിവരയിട്ടു പറയുന്ന പരമാർത്ഥം നാം ഗ്രഹിക്കേണ്ടതാണ്. "യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പെ ഞാൻ നിങ്ങൾക്കു ഏലിയാ പ്രവാചകനെ അയക്കും" (മലാഖി 4 : 5) എന്ന പ്രവചന പ്രകാരം

ഏലിയാവു വരും എന്ന വിശ്വാസം യഹൂദന്മാരിൽ നിലനിന്നിരുന്നു. മരണം കാണാതെ എടുക്കപ്പെട്ട ഏലിയാവു വീണ്ടും ഭൂമിയിൽ വരും എന്നു തന്നെ യാണ് അവർ വിശ്വസിച്ചത്. അതിനാൽ ആ പ്രവ ചനത്തിന്റെ നിവൃത്തിയാണ് യോഹന്നാൻ എന്നു പറഞ്ഞാൽ അവർക്കു ഉൾക്കൊള്ളുവാൻ ബുദ്ധിമു ട്ടുണ്ട്. അതുകൊണ്ടാണ്, നിങ്ങൾക്കു പ്രവാചക ന്മാർ പറയുന്നതു സ്വീകരിക്കുവാൻ കഴിയുമെങ്കിൽ എന്നും കർത്താവു അവരെ നോക്കി പറഞ്ഞത്. ദൈവവചനത്തിലെ എല്ലാ കാര്യങ്ങളും ആത്മീക മായി ഗ്രഹിക്കേണ്ടതാണ്. പല മുൻവിധികളും പഠിച്ചുവെച്ചിരിക്കുന്ന വിശ്വാസങ്ങളും വചനത്തെ ശരിയായ നിലയിൽ ഗ്രഹിക്കുന്നതിനു നമുക്കു തട സ്സമാകാറുണ്ട്. യേശു വളരെ വ്യക്തമായി പറ ഞ്ഞു, മലാഖിയിലൂടെ ദൈവം അരുളിച്ചെയ്ത വച നത്തിന്റെ നിവൃത്തിയാണ് യോഹന്നാൻ.

യോഹന്നാന്റെ ജനനത്തിനു മുമ്പു ദൈവദൂതൻ സെഖര്യാവിനോടു അരുളിചെയ്തപ്പോൾ വളരെ വ്യക്തമായി പറഞ്ഞു, "അവൻ യിസ്രായേൽ മക്ക ളിൽ പലരേയും അവരുടെ ദൈവമായ കർത്താവി ങ്കലേക്കു തിരിച്ചുവരുത്തും. അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാത്തവരെ നീതി മാന്മാരുടെ ബോധത്തിലേക്കും തിരിച്ചുംകൊണ്ടു ഒരുക്കമുള്ളൊരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാൻ അവനു മുമ്പായി ഏലീയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും" (ലൂക്കോസ് 1 : 16,17).

"ഏലീയാവിന്റെ ആത്മാവോടും ശക്തിയോടും" എന്നതിനാൽ അർത്ഥമാക്കുന്നതു ഏലിയാവ് തന്റെ തലമുറയിൽ ചെയ്തതുപോലെയുള്ള ഒരു ശുശ്രൂഷ എന്നാണ്, യോഹന്നാൻ വളർന്നു വന്ന പ്പോൾ ഏലിയാവിനു സമമായ ഒരു ജീവിത ശൈലിയാണ് സ്വീകരിച്ചത്. മരുഭൂമിയിലായിരുന്നു തന്റെ വാസം. ഒട്ടകരോമം കൊണ്ടുള്ള വസ്ത്രം ധരിച്ചും അരയിൽ തോൽവാറും ആയിരുന്നു വേഷം (മത്തായി 3 : 4). രോമവസ്ത്രം ധരിച്ച് അരയ്ക്കു തോൽവാറു കെട്ടിയ വേഷമായിരുന്നു ഏലിയാ വിന്റേത് (2 രാജാക്കന്മാർ 1:8 )രണ്ടുപേരും ഗാംഭീ ര്യമുള്ള സ്വഭാവത്തിനുടമകളായിരുന്നു. അതിനാൽ ഏലിയാപ്രവാചകനെ അയയ്ക്കും എന്നതിന്റെ സാരം ശുശ്രൂഷയോടുള്ള ബന്ധത്തിലാണ്.

വെളിപ്പാടു പുസ്തകം 11 : 3 – 12 വരെ കാണുന്ന രണ്ടു സാക്ഷികൾ (പ്രവാചകന്മാർ) അവരിൽ ഒരാൾ ഏലിയാവായിരിക്കും എന്നു വ്യാഖ്യാനിച്ചു പഠിപ്പിക്കുന്നതിനു നമ്മുടെ ഇടയിൽ വലിയ അംഗീ കാരം കിട്ടിയിട്ടുണ്ട്. അങ്ങനെയുള്ള യാതൊരു സൂചനയും നാം അവിടെ കാണുന്നില്ല. മലാഖി 4: 5 –ന്റെ നിവൃത്തിയെ തെറ്റിദ്ധരിക്കുന്നതിനാലാണ് ഈ അബദ്ധ ധാരണ നിലനിൽക്കുന്നത്. യേശു തന്റെ ശിഷ്യന്മാരുടെ സംശയം തീർത്തു അവ രോടു വ്യക്തമായി പറഞ്ഞു ഏലിയാവു വന്നു കഴിഞ്ഞു എന്ന്. ആ വേദഭാഗങ്ങൾ താഴെ ഉദ്ധരി ക്കുന്നു.

"ശിഷ്യന്മാർ അവനോടു: എന്നാൽ ഏലിയാവു മുമ്പെ വരേണ്ടത് എന്നു ശാസ്ത്രിമാർ പറയുന്നതു എന്തു എന്നു ചോദിച്ചു. അതിനു അവൻ: ഏലി യാവു വന്നു സകലവും യഥാസ്ഥാനത്താക്കും സത്യം. എന്നാൽ ഏലിയാവു വന്നു കഴിഞ്ഞു എന്നു ഞാൻ നിങ്ങളോടു പറയുന്നു. എങ്കിലും അ വർ അവനെ അറിഞ്ഞുകൊള്ളാതെ തങ്ങൾക്കു തോന്നിയതു എല്ലാം അവനോടു ചെയ്തു. അവ്വണ്ണം മനുഷ്യപുത്രനും അവരാൽ കഷ്ടപ്പെടു വാനുണ്ടു എന്നു ഉത്തരം പറഞ്ഞു. അവൻ യോഹ ന്നാൻ സ്നാപകനെക്കുറിച്ചു തങ്ങളോടു പറഞ്ഞു എന്നും ശിഷ്യന്മാർ ഗ്രഹിച്ചു."(മത്തായി 17: 10–13).

ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ വന്ന യോഹന്നാൻ സ്നാപകനെ ശാസ്ത്രി മാർക്കും, പരീശന്മാർക്കും, മഹാപുരോഹിതന്മാ ർക്കും ഒന്നും തിരിച്ചറിയാൻ കഴിഞ്ഞില്ല. സാക്ഷാൽ മശിഹായെയും അവർ തിരിച്ചറിഞ്ഞില്ല. അവർ ജ്ഞാനികളും വിവേകികളുമായി ഗണിക്ക പ്പെട്ടിരുന്നു എങ്കിലും കണ്ടിട്ടും കാണാത്ത കണ്ണും കേട്ടിട്ടും ഗ്രഹിക്കാത്ത കടുത്ത ഹൃദയമുള്ളവരും ആയിരുന്നു. തിരുവെഴുത്തിനു അവർ കൊടുത്ത വ്യാഖ്യാനം മാത്രമാണ് ശരി എന്നു അവർ ചിന്തിച്ചു, കടുത്തിരുന്നു. താഴ്മയോടെ ദൈവത്തെ അന്വേഷിക്കുവാൻ അവർക്കു കഴിയാതെ പോയി.

യേശുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചും അന്ത്യകാല സംഭവങ്ങളെക്കുറിച്ചും വ്യാഖ്യാനങ്ങൾ ധാരാളം കേൾപ്പാനുണ്ട്. പക്ഷെ താഴ്മയോടെ തിരു വചനത്തിൽ അന്വേഷിക്കുന്നവരും കർത്താവിന്റെ വരവിനായി ഒരുങ്ങുന്നവരും എത്ര പേർ ഉണ്ട്? വ്യ ക്തതയില്ലാത്ത കാര്യങ്ങൾക്കു അനാവശ്യ വ്യാഖ്യാനങ്ങൾ കൊടുക്കുന്നതു വലിയ അബ ദ്ധവും ചതിവും ആയിരിക്കും എന്നും ഓർക്ക. പുതിയ കാര്യങ്ങൾ കേൾപ്പാനും, പുതിയ ആശയ ങ്ങൾക്കു സ്തുതി പാടാനുമുള്ള നമ്മിലെ ജിജ്ഞാ സയും വ്യഗ്രതയുംഅപകടകാരണമാകും എന്നും മനസ്സിലാക്കുന്നതു നന്ന്.

വരുവാനുള്ള ഏലിയാവു യോഹന്നാൻ തന്നെ

യാണെന്നു പറഞ്ഞു നിർത്തിയിട്ടു കർത്താവു പറഞ്ഞു, "കേൾപ്പാൻ ചെവിയുള്ളവർ കേൾക്കട്ടെ." ചെവി എല്ലാവർക്കും ഉണ്ട്, കേൾവിശക്തിയും. എന്നാൽ കേൾപ്പാനുള്ള ചെവിയില്ല. കേട്ടു ഗ്രഹിച്ചു ഉള്ളിൽ സ്വീകരിപ്പാൻ എല്ലാവരും തയ്യാറല്ല. ''യഹോവേ അരുളിച്ചെയ്യണമേ, അടിയൻ കേൾക്കാം'' എന്നു പറയുന്നവർ ചുരുക്കം. എനിക്കു എല്ലാം അറിയാം എന്ന മനോഭാവത്തോടെ കേൾക്കുന്നവർക്കു ഒന്നും ഗ്രഹിക്കുവാൻ കഴിയില്ല. എനിക്കു അറിയില്ല കർത്താവേ, എന്നെ ഗ്രഹിപ്പിക്കണമെ എന്നു പ്രാർത്ഥിച്ചു താഴ്മയോടെ ശിശുക്കളെപ്പോലെ തിരുവചനത്തിനു മുമ്പിൽ വന്നെങ്കിൽ മാത്രം തിരുവചനം ഗ്രഹിക്കുവാൻ കർത്താവു നമ്മുടെ ബുദ്ധിയെ തുറക്കുകയുള്ളൂ.

"സകല പ്രവാചകന്മാരും ന്യായപ്രമാണവും യോഹന്നാൻ വരെ പ്രവചിച്ചു," പ്രവാചകന്മാരുടെ പുസ്തകങ്ങളും ന്യായപ്രമാണവും എന്നർത്ഥം. അവയിൽ പ്രതിപാദിച്ചിരിക്കുന്ന കേന്ദ്ര വിഷയമാണ് മശിഹായും തന്റെ രാജ്യവും. ഇതിന്റെ ഉൽഘോഷണവുമായിട്ടാണ് യോഹന്നാൻ സ്നാപകൻ ശുശ്രൂഷ തുടങ്ങുന്നത്. അതിനാൽ സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവനില്ല. ''സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു'' എന്നാൽ താൻ വിളിച്ചു പറഞ്ഞത് രാജാവായ മശിഹായെ യോഹന്നാൻ ജനത്തിനു വെളിപ്പെടുത്തി. മശിഹായൊടൊപ്പം സ്വർഗ്ഗരാജ്യം സമാഗതമായി. പാപത്തിനു എന്നേക്കുമുള്ള പരിഹാരം ചെയ്തു മനുഷ്യന്റെ വീണ്ടെടുപ്പു സാധിപ്പിച്ചപ്പോൾ സ്വർഗ്ഗരാജ്യം നമുക്കു പ്രാപ്തമായിത്തീർന്നു. അതിനാൽ വീണ്ടുംജനനത്തിലൂടെ ദൈവരാജ്യത്തിൽ കടന്നിരിക്കുന്ന ഓരോരുത്തരും യോഹന്നാനെക്കാൾ ആത്മീക വെളിപ്പാടിൽ വലിയവരായിരിക്കുന്നു. പ്രവാചകന്മാർക്ക് എല്ലാം അംശമായിട്ടാണ് മശിഹായെക്കുറിച്ചും തന്റെ രാജ്യത്തെക്കുറിച്ചും പ്രവചനാത്മാവിൽ ദൂരെ നിന്നു കാണുവാൻ കഴിഞ്ഞത്. യോഹന്നാൻ ആകട്ടെ വളരെ അടുത്തു നിന്നു കണ്ടു എങ്കിലുംക്രിസ്തുവിന്റെ പാപപരിഹാര മരണത്തിനും, ഉയിർത്തെഴുന്നേല്പിനും മുമ്പെ ശുശ്രൂഷ തികച്ചു. എന്നാൽ ക്രിസ്തുവിൽ കൂടിയുള്ള പുതിയ ഉടമ്പടി പ്രകാരം സ്വർഗ്ഗരാജ്യത്തിന്റെ ആത്മീക അനുഭവം പ്രാപിക്കുവാൻ കഴിഞ്ഞവർക്കു ലഭിച്ചിരിക്കുന്ന വെളിപ്പാടു കൂടുതൽ മഹിമയുള്ളതാണ്. അതിനാൽ ആണ് "സർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ'' എന്നു കർത്താവു പറഞ്ഞത്.

**ദൈവരാജ്യത്തിൽ പങ്കാളിത്തം ഉറപ്പാക്കുവാൻ തീവ്രമായ ശുഷ്കാന്തിയോടും തീവ്രമായ അധ്വാനത്തോടും അന്വേഷിക്കുക എന്നതാണ് ബലാല്ക്കാരം എന്നതിനാൽ അർത്ഥമാക്കുന്നത്.**

മാനുഷികചിന്തയിലുള്ള വലിപ്പ ചെറുപ്പമല്ല ഇവിടത്തെ പ്രതിപാദ്യം.

'സ്വർഗ്ഗരാജ്യം ചെറിയ കാര്യമല്ല. ഏറ്റവും വിലപ്പെട്ടതാണ്. അതിനാൽ അതു ബലാൽക്കാരേണ അവകാശമാക്കേണ്ട വിഷയമായിരിക്കുന്നു. യോഹന്നാൻ സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള സന്ദേശം പ്രസംഗിച്ചതു മുതൽ ബലാല്ക്കാരികൾ അതു പിടിച്ചടക്കുന്നു. ദൈവരാജ്യത്തിൽ പങ്കാളിത്തം ഉറപ്പാക്കുവാൻ തീവ്രമായ ശുഷ്കാന്തിയോടും തീവ്രമായ അധ്വാനത്തോടും അന്വേഷിക്കുക എന്നതാണ് ബലാല്ക്കാരം എന്നതിനാൽ അർത്ഥമാക്കുന്നത്. മാനസാന്തരപ്പെട്ടു മാനസാന്തരത്തിന്റെ പ്രവൃത്തികൾ ചെയ്യുവാൻ യോഹന്നാൻ ഉപദേശിച്ചു. തുടർന്നു കർത്താവും അപ്പോസ്തലന്മാരും അതു തന്നെയാണ് പ്രസംഗിച്ചത്. വില കൊടുക്കാതെ പ്രാപിക്കുവാൻ കഴിയുന്നതല്ല സ്വർഗ്ഗരാജ്യം. (സ്വർഗ്ഗരാജ്യത്തെക്കുറിച്ചു പിന്നാലെ നമുക്കു പഠിക്കാം)

നിസംഗരായിരുന്ന, കേൾപ്പാൻ ചെവിയില്ലാത്ത ഒരു തലമുറയായിരുന്നു കർത്താവു കണ്ടത്. ചന്തസ്ഥലത്തിരുന്ന്, കൂട്ടുകാരെ വിളിച്ച്, ഞങ്ങൾ നിങ്ങൾക്കുവേണ്ടി കുഴലൂതി എങ്കിലും നിങ്ങൾ നൃത്തം ചെയ്തില്ല; ഞങ്ങൾ വിലാപം ആലപിച്ചു എങ്കിലും നിങ്ങൾ വിലപിച്ചില്ല എന്നു പറയുന്ന കുട്ടികൾക്കു സമാനമായ, ഗൗരവബോധമില്ലാത്ത തലമുറ! അവർക്കു വാഗ്ദാനം ചെയ്യപ്പെട്ട മശിഹായെ തിരിച്ചറിയാതെ, സ്വർഗ്ഗരാജ്യത്തിനെതിരെ തിരിഞ്ഞു നടക്കുന്ന തലമുറ! കഷ്ടം! കുറ്റം പറഞ്ഞു തള്ളിക്കളയുവാൻ കാരണം അന്വേഷിക്കുന്നു. യോഹന്നാൻ ആരുടെയും വീട്ടിൽ വന്നു ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ല. മരുഭൂമിയിൽ വസിച്ചു. തന്നെ പിശാചു ബാധിച്ചവൻ എന്നു പറഞ്ഞ് ജനം തള്ളിക്കളഞ്ഞു. യേശു എല്ലാവരിൽ നിന്നും വാങ്ങി ഭക്ഷിച്ചു. തന്നെ ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്ന മുദ്രകുത്തി. ആത്മീക അന്ധത ബാധിച്ച ജനങ്ങൾ! യേശുവും സ്വർഗ്ഗരാജ്യവും നമുക്കു ഗ്രഹിക്കുവാൻ കഴിയുന്നുണ്ടോ? ■



അനി ചാക്കോ

# അടിച്ചാലും വേദനിക്കാത്തവർ ..!!!

ലോകത്തെ അക്ഷരാർത്ഥത്തിൽ തന്നെ നിശ്ചലമാക്കിയ ഒരു മഹാവിപത്തായിരുന്നു കോവിഡ് 19. ആധിപിടിച്ച ഒരു ലോകത്തെ നമ്മൾ നേരിൽ കണ്ടു. യാത്രകൾ, മതപരമായ ചടങ്ങുകൾ, ആഘോഷങ്ങൾ, കൂട്ടം ചേരലുകൾ, അങ്ങനെ പല കാര്യങ്ങളും നമുക്ക് വിലക്കപ്പെട്ടു.

വ്യത്യസ്ത അഭിപ്രായങ്ങളും, നിഗമനങ്ങളും, കണ്ടുപിടുത്തങ്ങളും ആണ് ഈ നാളുകളിൽ പൊതുസമൂഹം പങ്കുവച്ചത്.നാസ്തികരും, ഈശ്വരവിശ്വാസികളും, വിദഗ്ദ്ധരായ ഭിഷഗ്വരന്മാരും, ഭരണകർത്താക്കളും അവരവരുടെ ബോദ്ധ്യങ്ങളും അറിവുകളും മാദ്ധ്യമങ്ങളിലൂടെ പങ്കുവച്ചതു പലരും ശ്രദ്ധിച്ചിരുന്നു. പൊതു സമൂഹം ഇതെല്ലാം കണ്ടും കേട്ടും വല്ലാതെ ആശങ്കപ്പെടുകയാണ്.ചൈനാക്കാരുടെ ഭക്ഷണ ശീലങ്ങളേയും, യുദ്ധക്കൊതിയന്മാരും, ആയുധ കച്ചവടക്കാരുമായ ഭരണാധികാരികളേയും, പ്രകൃതിയുടെ മേൽ മനുഷ്യൻ നടത്തിയ ദ്രോഹങ്ങളേയും, മനുഷ്യന്റെ വഴി തെറ്റിയ ജീവിതത്തേയും, എന്തിനേറെപ്പറയുന്നു; സർവ്വശക്തനായ മഹാ ദൈവത്തെ വരെ ലോകം പ്രതിക്കൂട്ടിൽ കയറ്റി വിചാരണ നടത്തിയ ദിവസങ്ങളായിരുന്നു കോവിഡ് കാലഘട്ടം .ദൈവം എവിടെ? എന്നു ആക്രോശിച്ചവരും കുറവല്ലായിരുന്നു.ഈ സാഹചര്യത്തിൽ തിരുവചന വീക്ഷണത്തിൽ ചില ചിന്തകൾ പങ്കുവയ്ക്കുകയാണ്.

മഹാവ്യാധികൾ, ക്ഷാമങ്ങൾ, ഭൂകമ്പങ്ങൾ മുതലായ ദുരന്തങ്ങളുടെ പിന്നിൽ മറഞ്ഞിരിക്കുന്ന ദൈവീക ഇടപെടലുകൾ ഹൃദയദൃഷ്ടി പ്രകാശിക്കപ്പെട്ട ദൈവമക്കൾക്ക് ദർശിക്കുവാൻ സാധിച്ചിട്ടുണ്ട്. ദൈവീക ന്യായവിധികൾ എന്നോ, ശാസനകൾ എന്നോ, ശിക്ഷകൾ എന്നോ അതിനെ വിളിച്ചു കൊള്ളുക. എബ്രായർ 12:10 ൽ 'നാം അവന്റെ (ക്രിസ്തുവിന്റെ) വിശുദ്ധി പ്രാപിക്കേണ്ടതിനു, നമ്മുടെ ഗുണത്തിനായി തന്നെ ശിക്ഷിക്കുന്നത്. ഏത് ശിക്ഷയും തല്ക്കാലം സന്തോഷകരമല്ല ദുഃഖകരമത്രേ എന്നു തോന്നും' എന്നു പറഞ്ഞിട്ടുള്ളത് വായിച്ചിട്ടോ, കേട്ടിട്ടോ ഉണ്ടാകുമല്ലോ. അങ്ങനെ എങ്കിൽ ഈ മഹാവ്യാധിയെ ബൈബിൾ വീക്ഷണത്തിൽ ന്യായവിധിയായി കണ്ടു കൊണ്ട് ചില ചോദ്യങ്ങൾ നമ്മൾ നമ്മോടു തന്നെ ചോദിച്ചു കൊണ്ട് ആത്മപരിശോധനയ്ക്കു വിധേയമാക്കുവാൻ ശ്രമിക്കുകയാണ്.

1. ദൈവമാണ് ന്യായവിധി അയച്ചതെങ്കിൽ അതിന്റെ കാരണം എന്താണ് ?

2. ഈ ന്യായവിധി കൊണ്ട് മനുഷ്യർക്ക് എന്തെങ്കിലും വ്യത്യാസങ്ങൾ (മാനസാന്തര അനുഭവങ്ങൾ) ഉണ്ടായിട്ടുണ്ടോ ഈ കാര്യങ്ങളല്ലേ വാസ്തവത്തിൽ നമ്മുടെ ആത്മീയ സമൂഹം മനനം ചെയ്യേണ്ടത്?

ജാതീയ ലോകത്തിനു എന്തു മാറ്റമാണ് സംഭവിച്ചത്? പ്രത്യേകിച്ചു ഒന്നും സംഭവിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. പരിഭ്രമത്തോടു കൂടിയ ഒരു നിരാശ ഉണ്ടായിട്ടുണ്ട് ചിലർക്ക്. വേറേ ചിലർ ദൈവത്തേയും, ദൈവവചനത്തേയും ദുഷിക്കുവാനാണ് ഈ സമയം ഉപയോഗിച്ചത്. കുടുംബവുമായി ഒന്നിച്ചു കഴിയാൻ സാധിച്ചു എന്ന വകാശപ്പെടുന്നവരുമുണ്ട് ഇതിന്റെ ഇടയിൽ. മറ്റു ചിലർ കൃഷിയിടങ്ങളിൽ അദ്ധ്വാനിച്ചു കൊണ്ട് സമയം ചിലവഴിച്ചു.

ചോദ്യം: ആരെങ്കിലും മാനസാന്തരപ്പെട്ടുവോ? പിണങ്ങിക്കഴിഞ്ഞിരുന്ന ആരെങ്കിലും നിരപ്പു പ്രാപിച്ചതായി അറിവുണ്ടോ? ജീവനുള്ള സത്യ

ദൈവത്തിങ്കലേയ്ക്കു ആരെങ്കിലും തിരിഞ്ഞുവോ? ഇല്ലെങ്കിൽ നമ്മൾ ഇനിയും ഇതിനേക്കാൾ വലുതും, ഭയങ്കരവുമായ പല സംഭവങ്ങൾക്കും സാക്ഷി ആകേണ്ടിവന്നേക്കാം. എന്നാൽ ജനം അനുതപിച്ചിരുന്നു എങ്കിൽ ദൈവവും അനർത്ഥത്തെക്കുറിച്ചു അനുതപിക്കുമായിരുന്നു. 'അവർ ദുർമാർഗ്ഗം വിട്ടു തിരിഞ്ഞു എന്ന് ദൈവം അവരുടെ പ്രവർത്തികളാൽ കണ്ട് താൻ അവർക്കു വരുത്തും എന്നു അരുളിച്ചെയ്തിരുന്ന അനർത്ഥത്തെക്കുറിച്ചു അനുതപിച്ചു അതു വരുത്തിയതുമില്ല' (യോന 3:10). അനുതപിച്ചാൽ അനർത്ഥങ്ങൾ മാറിപ്പോകും എന്നു തിരുവചനം ഉറപ്പു തരുന്നത് ഇത്തരുണത്തിൽ നാം മറന്നു പോകരുത്. എന്നാൽ ലോക്ഡൗണിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾക്കു ഇളവുകൾ വരുത്തിയപ്പോൾ നടന്ന സംഭവങ്ങൾ (മദ്യം വാങ്ങുവാനുള്ള ബഹളങ്ങൾ, മദ്യപിച്ചതിനു ശേഷം നടന്ന കൊലപാതകങ്ങൾ, ഭരണാധികാരികളുടെ അഹങ്കാരപരമായ പ്രസ്താവനകൾ) യാതൊരു മനഃസ്താപമോ, ആത്മതപനമോ സംഭവിച്ചിട്ടില്ല എന്നുള്ളതിനു തെളിവാണ്.

ഈജിപ്തിൽ ബാധകൾ ദൈവം അയച്ചപ്പോൾ ഗത്യന്തരമില്ലാതെ അഹരോനോടും, മോശെയോടും പ്രാർത്ഥിക്കുവാൻ പറഞ്ഞ ഫറവോ രാജാവിനെ പോലെയായിരിക്കുന്നു ഇന്നത്തെ മനുഷ്യർ. ബാധ മാറി എന്നു കണ്ടപ്പോൾ പഴയ സ്വഭാവം പുറത്തെടുത്തു ഫറവോൻ. അവൻ വീണ്ടും തന്റെ ഹൃദയം കഠിനപ്പെടുത്തി (പുറപ്പാട് 8:15). ഒരു സമയത്തേയ്ക്കു ഒരു ചെറിയ ദൈവഭയം. ബാധ മാറിയപ്പോൾ വീണ്ടും ഹൃദയകാഠിന്യം.

ന്യായവിധികൾ മാനസാന്തരത്തിലേയ്ക്കു ജനത്തെ നടത്തുവാനാണ് ദൈവത്തിന്റെ അനുവാദത്തോടെ അയക്കപ്പെടുന്നത്. എന്നാൽ മനുഷ്യൻ അത് തിരിച്ചറിയാതെ മൃഗപ്രായനായി ജീവിക്കുന്നു എന്നതല്ലേ സത്യം ! വെളിപ്പാട് 9:20 ൽ 'ഭൂമിയിൽ ഇന്നുവരെ നടന്നിട്ടില്ലാത്തതും എന്നാൽ, എത്രയും വേഗം നടക്കുവാൻ പോകുന്നതുമായ' ഒരു ബാധയെക്കുറിച്ചു പറഞ്ഞിരിക്കുന്നു. ആ മഹാബാധയാൽ ഭൂതലത്തിലുള്ള മനുഷ്യരിൽ മൂന്നിലൊന്നു മരിച്ചു പോകും. എന്നാൽ ഈ ബാധയാൽ മരിക്കാത്ത ശേഷം മനുഷ്യർ എന്തു ചെയ്യും എന്നു കൂടി ദൈവവചനത്തിൽ പരാമർശിച്ചിട്ടുണ്ട്.

"ഈ ബാധയാൽ മരിച്ചു പോകാത്ത ശേഷം മനുഷ്യരോ ദുർഭൂതങ്ങളെയും, കാണ്മാനും കേൾക്കാനും, നടക്കാനും വഹിയാത്ത പൊന്ന്, വെള്ളി, ചെമ്പ്, കല്ലു, മരം, ഇവ കൊണ്ടുള്ള ബിംബങ്ങളെയും നമസ്ക്കരിക്കാതവണ്ണം തങ്ങളുടെ കൈപ്പണി വിട്ടു മാനസാന്തരപ്പെട്ടില്ല. തങ്ങളുടെ കൊലപാതകം, ക്ഷുദ്രം, ദുർന്നടപ്പ്, മോഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല".

ജാതീയ ലോകത്തിനു ന്യായവിധികൾ നിമിത്തം മാനസാന്തരം ഉണ്ടായില്ല എന്നുള്ളതാണ് സത്യമെങ്കിലും; അവരെ പ്രതിക്കൂട്ടിൽ കയറ്റി ദൈവത്തിന്റെ ജനം എന്ന് അവകാശപ്പെടുന്ന ദൈവസഭയ്ക്കു ഒഴിഞ്ഞു മാറി രക്ഷപെടുവാൻ കഴിയുമോ? ഒരിക്കലും കഴിയില്ല. കാരണം, ന്യായവിധി ആരംഭിച്ചിരിക്കുന്നത് ദൈവഗൃഹത്തിലും കൂടിയാണ് (1 പത്രൊസ് 4:17). ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിക്കുവാൻ സമയമായല്ലോ ? അത് നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ദൈവജനത്തെ ദൈവീകമായ ഈ ന്യായവിധി ഏതെങ്കിലും നിലയിൽ സ്വാധീനിച്ചിട്ടുണ്ടോ? അങ്ങനെ എന്തെങ്കിലും അനുഭവങ്ങൾ ആരെങ്കിലും പങ്കുവച്ചത് കേൾക്കാൻ കഴിഞ്ഞുവോ? കോവിഡ് കാലത്ത് സോഷ്യൽ മീഡിയാകളിൽ ലൈവായിട്ടുള്ള പ്രസംഗങ്ങളുടേയും, സാക്ഷ്യങ്ങളുടേയും, ആരാധനകളുടേയും നീണ്ട പരമ്പരകളായിരുന്നു. ഇതെല്ലാം സമയം കളയുവാൻ വേണ്ടിയായിരുന്നുവോ? മറ്റുള്ളവർ ചെയ്യുന്നത് കണ്ടതിൽ നിന്നുള്ള അസൂയയിൽ നിന്നായിരുന്നുവോ? പത്ത് പേരറിയാൻ വേണ്ടിയായിരുന്നുവോ? നടത്തിയ പ്രോഗ്രാമുകളിൽ: 'നമ്മൾ തെറ്റിപ്പോയി നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞു കരയാം' എന്നുള്ള വചനങ്ങൾ കേൾക്കുവാൻ സാധിച്ചുവോ? സാധിച്ചിട്ടുണ്ടെങ്കിൽ എത്രപേർ ആ വചനം കേട്ട് അങ്ങനെ ചെയ്തിട്ടുണ്ടാവും? സഭകളും വ്യക്തികളും തമ്മിൽ തമ്മിലുള്ള വ്യവഹാരങ്ങൾ പിൻവലിക്കാം... സഭകളിലെ രാഷ്ട്രീയ നാടകങ്ങൾ അവസാനിപ്പിക്കാം...അനാത്മീകവും, ജഡീകവും, പ്രാകൃതവുമായ എല്ലാ കാര്യങ്ങളും ഉപേക്ഷിക്കാം.. ഇനി ഉപായങ്ങളും, കൗശലവാക്കുകളും, തന്ത്രപ്രയോഗങ്ങളും വേണ്ട... നടത്തുന്ന ദൈവദാസന്മാർക്കും, ദൈവസഭയ്ക്കും, കർത്താവിനും കീഴടങ്ങി ജീവിക്കാം...കള്ള പ്രവചനങ്ങൾ

ശേഷം പേജ് 30 ▶

## 8 ദൈവത്തിനു ഇഷ്ടമുള്ളത് ചെയ്തുകൊള്ളട്ടെ

യോവാബ് ഒരു പരാജയത്തിനുപോലും ഒരുക്കമായിരുന്നു. "ശ്ശെ! അങ്ങനെയൊന്നും പറയാതെ... അതൊരു നെഗറ്റീവ് ചിന്തയാണ്.... നമ്മുടെ വാക്കുകൾ എപ്പോഴും പോസിറ്റീവ് ആയിരിക്കണം. എന്നാലേ വിജയിക്കുവാൻ പറ്റുകയുള്ളൂ" എന്നു പലരും പറഞ്ഞേക്കാം. എന്നാൽ യോവാബ് വിജയിക്കുകയാണ്. **എപ്പോഴും പോസിറ്റീവ് വാക്കുകൾ പറഞ്ഞുകൊണ്ടിരിക്കണം എന്ന ഉപദേശം ഒരു മാനുഷിക ഉപദേശമാണ്. 'സ്വയാശ്രയം' വർധിപ്പിക്കാനേ അത് ഉതകുകയുള്ളൂ. ദൈവം തനിക്ക് ഇഷ്ടമുള്ളത് ചെയ്തുകൊള്ളട്ടെ എന്നു പറയുമ്പോഴാണ് ദൈവാശ്രയം വർധിക്കുന്നത്.**

നമ്മുടെ ഇഷ്ടം ദൈവസന്നിധിയിൽ അറിയിക്കുന്നതിൽ തെറ്റില്ല. എന്നാൽ സർവാധികാരം എപ്പോഴും ദൈവത്തിനാണ്. എന്റെ പ്രതീക്ഷയ്ക്കു വിപരീതമായി കാര്യങ്ങൾ നടക്കുമ്പോഴും ദൈവത്തെ എനിക്കു സ്തുതിക്കുവാൻ കഴിയണം. ദാവീദിനു ബേത്-ശേബയിലുണ്ടായ കുഞ്ഞ് രോഗിയായിത്തീർന്നു (2 ശമുവേൽ 12 : 15). ദാവീദ് കുഞ്ഞിനുവേണ്ടി ദൈവത്തോട് അപേക്ഷിച്ചു. ഉപവസിക്കുകയും രാത്രി മുഴുവനും നിലത്തു കിടക്കുകയും ചെയ്തു. ആരിൽ നിന്നും ആശ്വാസം കൈക്കൊള്ളുവാൻ അവനു മനസ്സില്ലായിരുന്നു. എന്നാൽ ദാവീദ് എത്ര കരഞ്ഞിട്ടും എത്ര ഉപവസിച്ചിട്ടും പ്രയോജനമുണ്ടായില്ല, കുഞ്ഞു മരിച്ചുപോയി. എന്നാൽ കുഞ്ഞിന്റെ മരണവാർത്ത അറിഞ്ഞു കഴിഞ്ഞപ്പോൾ ദാവീദ് എഴുന്നേറ്റു; കുളിച്ചു, തൈലം പൂശി, ദൈവാലയത്തിൽ ചെന്നു ആരാധിച്ചു... ഭക്ഷണം കഴിച്ചു (2 ശമുവേൽ 12: 18-20)

ഇതെന്തു കളി? കുഞ്ഞു ജീവിച്ചിരുന്നപ്പോൾ അവൻ ഉപവസിച്ചു, മരിച്ചപ്പോൾ ഭക്ഷണം കഴിച്ച് ആരാധിച്ചു! ദാവീദ് പറയുന്നത്, കുഞ്ഞിനു ജീവൻ തിരിച്ചു കിട്ടണമെന്നു എനിക്കു ആഗ്രഹമുണ്ടായിരുന്നു... ഞാൻ അതിനായി പ്രാർഥിച്ചു. അതല്ലായിരുന്നു ദൈവത്തിന്റെ ഇഷ്ടം എന്നു ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. ഇനി ഞാൻ എന്തിനു വിലപിക്കണം? ദൈവം അവന്റെ ഇഷ്ടം നിർവഹിച്ചതിൽ ഞാൻ സന്തോഷിക്കയല്ലേ വേണ്ടത്? (2 ശമുവേൽ 12 : 21-23).

നമ്മുടെ ഇഷ്ടം നമുക്കു ദൈവത്തോട് പറയാൻ കഴിയും; പ്രാർഥിക്കാനും കഴിയും. എന്നാൽ എന്റെ ഇഷ്ടങ്ങളുടെ പൂർത്തീകരണത്തിനായി ദൈവത്തോട് വാശി പിടിക്കുന്നതല്ല വിശ്വാസം. ദൈവത്തിന്റെ ഇഷ്ടം എന്തായാലും അത് അവിടുന്നു നിർവ്വഹിച്ചുകൊള്ളട്ടെ എന്നു പറയുന്നതാണ് വിശ്വാസം! ■

## 29 അടിച്ചാലും വേദനിക്കാത്തവർ ..!!!

ഉപേക്ഷിക്കാം...ഒരു ദ്രവ്യാഗ്രഹിയോ, ദുർന്നടപ്പുകാരനോ ആയി ജീവിക്കാതിരിക്കാം... ഈവിധ തീരുമാനങ്ങൾ ദൈവദാസന്മാർക്കോ, വിശ്വാസികൾക്കോ എടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ.? എന്തെങ്കിലും മാനസാന്തരം ജീവിതത്തിൽ ഉണ്ടായിട്ടില്ലെങ്കിൽ നമ്മെ കാത്തിരിക്കുന്നതു സഹിപ്പാനും, കണ്ടു നില്ക്കുവാനും കഴിയാത്ത ദുരന്തങ്ങളായിരിക്കാം.യിരെമ്യാവ് 5:3 ൽ "നീ അവരെ അടിച്ചു, എങ്കിലും അവർക്ക് വേദനപ്പെട്ടില്ല. നീ അവരെ ക്ഷയിപ്പിച്ചു എങ്കിലും അവർക്കു ബോധം കൈക്കൊള്ളുവാൻ മനസ്സില്ലായിരുന്നു. അവർ തങ്ങളുടെ മുഖം പാറയേക്കാൾ കടുപ്പമാക്കി, മടങ്ങി വരുവാൻ അവർക്ക് മനസ്സില്ലായിരുന്നു" എന്നു പറഞ്ഞിരിക്കുന്നത് അടിച്ചിട്ടും വേദന അറിയാത്ത ആളുകളെക്കുറിച്ചു തന്നെയാണ്. ദൈവം സ്വന്ത ജനത്തെയും, ജാതീയ ലോകത്തെയും മഹാവ്യാധി എന്ന വടി കൊണ്ട് അടിച്ചു കഴിഞ്ഞു. ശിക്ഷയുടെ ഭാഗമായി, തെറ്റുതിരുത്തി മടങ്ങി വരുവാൻ വേണ്ടി...പക്ഷേ വേദനിച്ചില്ല ആർക്കും. വേദനിച്ചിരുന്നു എങ്കിൽ കരച്ചിലും, നിലവിളിയും ഏറ്റുപറച്ചിലും ഉണ്ടാകുമായിരുന്നു. എത്ര കിട്ടിയാലും പഠിക്കാത്ത ലോകം. ഇനി ഏതൊക്കെ വടികൾ ആണോ ദൈവം അടിക്കാൻ ഉപയോഗിക്കുന്നത്. 'വെട്ടുക്കിളികളോ? വിട്ടിലോ? പച്ചപ്പുഴുവോ? തുള്ളനോ ?അതോ വിഷമഞ്ഞ്, വരൾച്ച, ക്ഷാമം, ഭൂകമ്പം...?' ഒന്നും അറിയില്ല. മറഞ്ഞിരിക്കുന്ന കാര്യങ്ങൾ യഹോവക്കുള്ളതാകുന്നു. ഇനിയെങ്കിലും അവിടുത്തെ സന്നിധിയിലേയ്ക്കു അടുത്തുചെല്ലാം. എല്ലാ മുഖംമൂടികളും വലിച്ചെറിയാം, മാനസാന്തരപ്പെടാം. നമ്മുടെ കർത്താവ് വരുവാൻ അടുത്തിരിക്കുന്നു. ഒരുങ്ങാം, നിത്യത നഷ്ടപ്പെടുത്തുവാൻ സ്വാധിനിക്കുന്നത് എന്തെല്ലാമാണോ അതിനോടെല്ലാം വിട പറയാം. അതിനായി ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ. ■

# ലോകം ചലനാത്മകം

ഭൂമി അതിന്റെ സാങ്കല്പിക അച്ചുതണ്ടിൽ സ്വയം കറങ്ങുകയാണ്, അപ്പോൾത്തന്നെ അത് സൂര്യനെ വലയം ചെയ്യുന്നുമുണ്ട്. ഭൂമിയുടെ ചലനത്തിന്റെ ഈ രണ്ടു സഞ്ചാരനിയമങ്ങൾ നമുക്കറിയാം, അതു ശാസ്ത്രം സാക്ഷിനിൽക്കുന്ന കാര്യങ്ങളാണ്. ഈ ചലനങ്ങൾ പുരോഗമിക്കുമ്പോൾ പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ നമുക്കു മനസ്സിലാകും. അതിന്റെ അടിസ്ഥാനത്തിൽ പ്രഭാതമെന്നും, സന്ധ്യയെന്നും മറ്റും ദിവസത്തെയും പിന്നെ വേനൽക്കാലമെന്നും, മഴക്കാലമെന്നുമൊക്കെ കാലത്തേയും നാം വിലയിരുത്തും. മേൽപറഞ്ഞ രണ്ടു ചലനങ്ങൾക്കുമപ്പുറത്ത് ഈ പ്രപഞ്ചം മറ്റൊരു ലക്ഷ്യത്തിലേയ്ക്കും ചലിച്ചുകൊണ്ടിരിക്കുന്നു എന്ന് ദൈവവചനം സാക്ഷിക്കുന്നു. 'മനുഷ്യപുത്രന്മാരുടെ വെളിപ്പാടിനായി സർവ്വസൃഷ്ടികളും ഈറ്റുനോവോടെ കാത്തിരിക്കുന്നു.'അർത്ഥാൽ, ലോകം അതിന്റെ സമൂലമാറ്റത്തിന് കുറിച്ചിരിക്കുന്ന നിശ്ചിത സമയപരിധിയിലേക്കടുത്തു എന്ന് നമുക്കുറപ്പിക്കാം. ലോകത്തിൽ കാണുന്ന ലക്ഷണങ്ങളെ വിലയിരുത്തി അതു മനസ്സിലാക്കണം. വചനവീക്ഷണത്തിലുള്ള ഈ ചലനത്തിന്റെ അവസാന ലാക്കിലാണ് ഈ പ്രപഞ്ചം എന്നു നമുക്ക് വിലയിരുത്താം.

ഇനി നാം എന്താണ് ചെയ്യേണ്ടത്? വ്യത്യസ്ത വീക്ഷണത്തിലുള്ള നിർദ്ദേശങ്ങൾ വചനം നമുക്ക് നൽകുന്നുണ്ടല്ലോ.'വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധികരിക്കട്ടെ.' അയച്ചവന്റെ പ്രവർത്തി പകൽ ഉള്ളേളടത്തോളം നാം ചെയ്യേണ്ടതാകുന്നു.' എന്നു തുടങ്ങിയ വാക്യങ്ങൾ വിരൽ ചൂണ്ടി പറയുന്നത് എന്താണ് എന്നു നമുക്കു വ്യക്തമായി അറിയാം. അവയെ പ്രായോഗികമാക്കുക എന്നതാണ് ആവശ്യം.

ലോകം അവസാന (Lap) ഭാഗത്തായിരിക്കുന്നതുപോലെ നമ്മുടെ ജീവിതത്തിന്റെ അവസാന ലാപ്പ് എത്രാം വയസ്സിലാണെന്ന് നമുക്കറിയില്ലാത്തതിനാൽ ലക്ഷ്യസ്ഥാനം ഇങ്ങടുത്താണ് എന്ന ബോധ്യം നമ്മുടെ ചലനങ്ങളെ സ്വാധീനിക്കുകയും അവ നമ്മുടെ നിലപാടുകളിൽ വെളിവായി വരികയും ചെയ്യണം. വേഗത്തിൽ ചലിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചത്തിൽ നിഷ്ക്രിയരും നിർവിചാരികളുമായി അലസജീവിതം നയിക്കുന്നവരെ എങ്ങനെയാണ് നിർവചിക്കേണ്ടത്? ഒരുപക്ഷേ നാം നിഷ്ക്രിയരായിരിക്കില്ല, അശ്രാന്ത പരിശ്രമത്തിലായിരിക്കും ഒരോ ദിവസവും, അതിവേഗത്തിലുള്ള ഓട്ടം. പക്ഷേ അതു ശരിയായ ലക്ഷ്യത്തിലേക്കാണോ എന്നതും പരിശോധിക്കണം. നശിക്കുന്ന ലോകത്തെ വിട്ട് നാം ഓടേണ്ടതാകുന്നു എന്നറിയാമെങ്കിലും ഇവിടെത്തന്നെ വട്ടമിട്ടോടുകയാണോ നാം? ഇവിടുത്തെ താല്ക്കാലിക നേട്ടങ്ങളും സ്ഥാനമാനങ്ങളും പ്രശംസയും ഒക്കെ ലക്ഷ്യം വച്ചുള്ള പരക്കംപാച്ചിൽ പ്രയോജനരഹിതമാണ്. എപ്പോഴും നമ്മുടെ മനസ്സ് അവയിലുടക്കി കിടക്കും. ലോത്തിന്റെ ഭാര്യയ്ക്കുണ്ടായ പരീക്ഷ നമുക്കുണ്ടായാൽ എന്തായിരിക്കും ഫലം?



**കെ.വി. രാജു**


*Bank Account Details:*

SOUTH INDIAN Bank

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
South Indian Bank,
Kanjikuzhy - Kottayam.

വാർഷിക വരിസംഖ്യ 200 രൂപ

**നേർവീഥി**

നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.07.2020

NERVEEDHI APRIL-JULY 2020
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

## ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ

### പ്രതിദിന ധ്യാന പുസ്തകം – പാതയ്ക്കു പ്രകാശം

പുതുവർഷത്തിലെ ഓരോ ദിവസവും സമഗ്രമായ വചന ധ്യാനത്തോടെ തുടങ്ങുവാൻ ആത്മപ്രചോദിതമായ ചിന്തകൾ. കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന്റെ കോപ്പികൾ മുഴുവൻ തീർന്നതിനാൽ പുനർ പ്രസിദ്ധീകരിച്ചത്.

### സുരഭില ഭവനം

അനുഗ്രഹീത കുടുംബ ജീവിതത്തിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ തിരുവചനാടിസ്ഥാനത്തിൽ വിശദമാക്കുന്ന പുസ്തകം. (വിവാഹവേളകളിൽ സമ്മാനിച്ചാൽ പ്രയോജനപ്രദം)

### അത്ഭുതത്തിലേയ്ക്ക് ഏഴു ചുവടുകൾ

പ്രതിസന്ധികളും പ്രശ്നങ്ങളും നിറഞ്ഞ മനുഷ്യജീവിതത്തിന് ദൈവം നല്കിയിരിക്കുന്ന പരിഹാരം ഫലപ്രദമായി വിശദീകരിച്ചിരിക്കുന്ന പുസ്തകം. (ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്)

### ചതുർ മഹതികൾ

വേദപുസ്തക ചരിത്രത്തിന്റെ പ്രാരംഭത്തിൽ പരാമർശിച്ചിരിക്കുന്ന നാലു മഹതികളുടെ ജീവിതം ആധുനിക വനിതകൾക്കുള്ള പാഠങ്ങളാക്കി അവതരിപ്പിച്ചിരിക്കുന്ന പുസ്തകം




Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building, Oravakal
Amayannoor P.O
Kottayam - Kerala 686019
Mob: 08547916678
www.nerveedhi.com

Edited, Printed and Published by K.V Raju on behalf of the Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam - 686019.